# താമരമൊട്ടുകൾ

വാല്യം 23 | ഏപ്രിൽ 2021 | ലക്കം 04 | Price ₹20




താമരശ്ശേരി രൂപതാ ബുള്ളറ്റിൻ

വാല്യം 22 താമരമൊട്ടുകൾ ഏപ്രിൽ 2021 ലക്കം 04

# താമരമൊട്ടുകൾ

(താമരശ്ശേരി രൂപതാ ബുള്ളറ്റിൻ)

## വായനക്കാർക്കെല്ലാം ഈസ്റ്റർ മംഗളങ്ങൾ



"ജോസഫ് നിദ്രയിൽ നിന്നുണർന്ന് കർത്താവ് കല്പിച്ചതുപോലെ പ്രവർത്തിച്ചു."

(മത്താ. 1:24)

# BISHOP'S PROGRAMME
## April 2021

| | | |
|---|---|---|
| 01 | 07.00 | Cathedral |
| | 15.00 | Marikkunnu |
| | 17.00 | Devagiri |
| 02 | 07.00 | Cathedral |
| 04 | 03.00 | Cathedral |
| 05 | 18.15 | Venappara |
| 06 | 08.30 | Thriruvambady |
| | 18.15 | Venappara |
| 07 | 11.00 | Thamarassery |
| 08 | 10.30 | Cathedral |
| 09 | 10.30 | Poothampara |
| 10 | 11.00 | Paropady |
| 11 | 10.00 | Thamarassery |
| | 17.00 | Tirur |
| 12 | 10.00 | Aluva |
| 13 | 06.30 | Venappara |
| | 10.00 | Pulloorampara |
| 14 | 08.00 | Cathedral |
| | 10.30 | Engaged |
| 15 | 07.30 | Kulathuvayal |
| | 10.00 | Chappenthottam |
| | 14.30 | Peruvannamoozhy |
| 16 | 10.00 | Thamarassery |
| 17 | 07.00 | Valiyakolly |
| | 11.00 | Cathedral |
| 18 | 10.00 | Vadakara |
| 19 | 10.00 | Kadalundy |
| 20 | 10.00 | Thiruvambady |
| 24 | 19.00 | Thalassery |
| 25 | 09.00 | Kozhikode |
| 26 | 10.00 | Paropady |
| 27 | 10.00 | Thamarassery |
| 28 | 09.00 | Thamarassery |
| 29 | 11.00 | Thamarassery |

# ഇതളുകൾ വിരിയുമ്പോൾ

| | | |
|---|---|---|
| 1. | ആശംസകൾ | 231 |
| 2. | പ്രോഗ്രാം ഏപ്രിൽ 2021 | 233 |
| 3. | സർക്കുലർ | 234 |
| 4. | കച്ചേരിക്കാര്യം | 239 |
| 5. | മതബോധനം | 242 |
| 6. | ചെറുപുഷ്പ മിഷൻലീഗ് | 245 |
| 7. | തിരുബാലസഖ്യം | 246 |
| 8. | കെ.സി.വൈ.എം | 247 |
| 9. | ലിറ്റർജി കമ്മീഷൻ | 255 |
| 10. | മാതൃവേദി | 256 |
| 11. | എ.കെ.സി.സി | 258 |
| 12. | കുടുംബകൂട്ടായ്മ | 261 |
| 13. | മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ് | 262 |
| 14. | ആദരാഞ്ജലികൾ | 265 |
| 15. | കരിസ്മാറ്റിക് മൂവ്മെന്റ് | 266 |
| 16. | മദ്യവിരുദ്ധ സമിതി | 267 |
| 17. | ബഥാനിയ ധ്യാനകേന്ദ്രം | 268 |
| 18. | സ്റ്റാർട്ട് | 271 |
| 19. | ആൽഫ മരിയ അക്കാദമി | 274 |
| 20. | വികസനവേദി | 275 |
| 21. | ലീഡർഷിപ്പ് ഡെവലപ്പ്മെന്റ് സൊസൈറ്റി | 278 |
| 22. | മലബാർ ലേബർ മൂവ്മെന്റ് | 279 |
| 23. | അജപാലനക്കുറിപ്പുകൾ | 281 |

## HAPPY BIRTHDAY

Rev. Fathers

| | | |
|---|---|---|
| Palliyodil Joseph Christie | April | 4 |
| Chelackal George | | 7 |
| Muttathukunnel Wilson | | 12 |
| Srambickal Abraham | | 12 |
| Puthusseriputhenpura George | | 15 |
| Francis Kochumundammalayil | | 16 |
| Vellamackal Francis | | 17 |
| Puthiyaparambil Thomas | | 18 |
| Thittayil Mathew | | 19 |
| Kalathoor George | | 23 |
| Mulangassery Mathew | | 24 |
| Parankulangara Thomas | | 25 |
| Chakkittamuriyil Thomas (Sr) | | 28 |

**Mar Remigiose Inchananiyil**

# Feast Day Greetings



Rev. Fathers

| | | |
|---|---|---|
| Asariparambil George | April | 24 |
| Chelackal George | | 24 |
| Cherupillattu Varkey | | 24 |
| Chemparathickal George | | 24 |
| Kalappurackal George | | 24 |
| Kalathoor Varghese | | 24 |
| Kalathoor George | | 24 |
| Karukamalil George | | 24 |
| Kuttikatt George | | 24 |
| Madathikunnel Varghese | | 24 |
| Moolechalil Varghese | | 24 |
| Mundackal George | | 24 |
| Mundanatt George | | 24 |
| Paimpillil George | | 24 |
| Puthusseriputhenpura George | | 24 |
| Thekkekaramattathil George | | 24 |
| Vellackakudiyil George | | 24 |
| Vellaramkalayil George | | 24 |
| Varikkassery George | | 24 |


APRIL 24



**Mar Remigiose Inchananiyil**

# പ്രോഗ്രാം ഏപ്രിൽ 2021

| | | |
|---|---|---|
| 01 | വ്യാഴം | **പെസഹാ വ്യാഴം** |
| 02 | വെള്ളി | **ദുഃഖവെള്ളി** |
| 03 | ശനി | വലിയ ശനി |
| 04 | ഞായർ | **ഈസ്റ്റർ** |
| | | **ചരമദിനം: മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി** |
| 09 | വെള്ളി | വേദസാക്ഷികളുടെ തിരുനാൾ |
| 11 | ഞായർ | **പുതുഞായർ** |
| 20 | ചൊവ്വ | **ചരമദിനം: മോൺ. ഫ്രാൻസീസ് ആറുപറയിൽ** |
| 24 | ശനി | **വി. ഗീവർഗ്ഗീസ്** |
| 25 | ഞായർ | **വി. മർക്കോസ് സുവിശേഷകൻ** |
| 29 | വ്യാഴം | സിയന്നായിലെ വി. കത്രീന |
| 24 | വെള്ളി | **വി. ഗീവർഗ്ഗീസ്** |



Prot. No. 0241/2021

# സിനഡ് അനന്തര സർക്കുലർ

**സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്ന സർക്കുലർ**

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

സീറോമലബാർ സഭയുടെ 29-ാം സിനഡിന്റെ ഒന്നാം സമ്മേളനം 2021 ജനുവരി 11 മുതൽ 16 വരെ കോവിഡിന്റെ പശ്ചാത്തലത്തിൽ ഓൺലൈനായി നടന്നു. നമ്മുടെ സഭയെയും വിശ്വാസത്തെയും സംബന്ധിക്കുന്ന ആത്മീയ സാമൂഹ്യ രാഷ്ട്രീയ വിഷയങ്ങളാണ് ആറുദിവസം നീണ്ട സിനഡിൽ ചർച്ചചെയ്തത്. കോവിഡിന്റെ പരിമിതികൾക്കുള്ളിലും വിശ്വാസവും സഭാസ്നേഹവും സജീവമായി നിലനിർത്താൻ സമർപ്പണ ബുദ്ധിയോടെ പ്രവർത്തിക്കുന്ന സഭാംഗങ്ങളെ സിനഡ് നന്ദിയോടെ അനുസ്മരിക്കുന്നു. വിശ്വാസത്തിലും പ്രത്യാശയിലും അധിഷ്ഠിതമായ സ്നേഹ സാന്നിധ്യം വഴി ലോകത്തിനു മുഴുവൻ മാർഗ്ഗദർശിയായ പരിശുദ്ധപിതാവ് ഫ്രാൻസിസ് മാർപാപ്പായുടെ ധീരമായ നേതൃത്വത്തെ സിനഡ് പിതാക്കന്മാർ അഭിമാനത്തോടെ അനുസ്മരിച്ചു. എല്ലാവരും സഹോദരർ (Fratelli Tutti) എന്ന പാപ്പായുടെ പുതിയ ചാക്രികലേഖനം തികച്ചും സമയോചിതമായ സാമൂഹ്യബോധനമാണ്. കോവിഡിന്റെ അന്ധകാരത്തിനിടയിലും ദൈവം തെളിച്ച നക്ഷത്രങ്ങൾ പോലെ സീറോമലബാർ സഭയിൽ 235 നവവൈദികർ പുതുവർഷത്തിൽ അഭിഷിക്തരായി എന്നത് അഭിമാനകരമാണ്.

### അനുസ്മരണയും അഭിനന്ദനവും

സീറോമലബാർ സഭയുടെ അഭിമാനമായിരുന്ന മാർ പോൾ ചിറ്റിലപ്പിള്ളി, ആർച്ചുബിഷപ്പ് ജോസഫ് ചേന്നോത്ത് എന്നീ പിതാക്കന്മാരുടെ ആകസ്മികമായ നിര്യാണത്തിൽ സിനഡ് പ്രാർത്ഥനാപൂർവ്വം അനുശോചനം രേഖപ്പെടുത്തി. തന്റെ ഇടയ ശുശ്രൂഷയിലൂടെ കല്യാൺ, താമരശ്ശേരി രൂപതകളുടെ സർവ്വതോമുഖമായ വളർച്ചയ്ക്കു നേതൃത്വം നൽകിയ അഭിവന്ദ്യ മാർ പോൾ ചിറ്റിലപ്പിള്ളി പിതാവ് സീറോമലബാർ സഭയുടെ ആരാധനക്രമ

നവീകരണത്തിനും സഭയുടെ പ്രത്യേകനിയമസംഹിത (*Particular Law*) യുടെ രൂപീകരണത്തിനും നൽകിയ സംഭാവനകൾ അവിസ്മരണീയങ്ങളാണ്. ജപ്പാനിലെ വത്തിക്കാൻ സ്ഥാനപതിയായി ശുശ്രൂഷ ചെയ്യുന്നതിനിടയിൽ നിത്യഭാഗ്യത്തിനായി വിളിക്കപ്പെട്ട ആർച്ചുബിഷപ് ജോസഫ് ചേന്നോത്ത് പിതാവിനെ ആ രാജ്യത്തിന്റെ ഉന്നത ബഹുമതി നൽകി ജപ്പാൻ ഗവൺമെന്റ് ആദരിച്ചത് നമുക്ക് ഏറെ അഭിമാനകരമാണ്. ഈ വന്ദ്യപിതാക്കന്മാരെ ദൈവം നിത്യസൗഭാഗ്യം നൽകി അനുഗ്രഹിക്കട്ടെ.

കോട്ടയം അതിരൂപതയുടെ പുതിയ സഹായമെത്രാനായി നിയമിതനായ ഗീവർഗീസ് മാർ അപ്രേം പിതാവിന് ഇടയവഴിയിൽ എല്ലാനന്മകളും ഭാവുകങ്ങളും നേരുന്നു. സീറോമലബാർ സഭയും സീറോ മലങ്കരസഭയും തമ്മിലുള്ള ഹൃദ്യമായ സാഹോദര്യത്തിന്റെ സാക്ഷ്യമായി അഭിവന്ദ്യപിതാവിന്റെ നിയമനത്തെ നമുക്കു മനസ്സിലാക്കാം.

### യുവജന ശുശ്രൂഷകൾ

സീറോമലബാർ സഭയുടെ ഔദ്യോഗിക യുവജന സംഘടന "സീറോ മലബാർ യൂത്ത് മൂവ്മെന്റ്" (SMYM) ആണ്. കേരളത്തിലെ മൂന്ന് വ്യക്തിസഭകളിലെയും തനതു യുവജന സംഘടനകളുടെ കൂട്ടായ്മയായാണ് കെ. സി. വൈ. എം. പ്രവർത്തിക്കുന്നത്. അതിനാൽ SMYM ലെ അംഗത്വം വഴിയാണ് നമ്മുടെ സഭയിലെ യുവജനങ്ങൾ കെ. സി. വൈ. എം. ന്റെ ഭാഗമാകുന്നത്. സീറോമലബാർ സഭയിലെ 15 വയസ്സിനും 30 വയസ്സിനും ഇടയിൽ പ്രായമുള്ള എല്ലാ യുവജനങ്ങളും SMYM ന്റെ ഭാഗമാകണമെന്നാണ് സിനഡ് ആഗ്രഹിക്കുന്നത്. ഇതിനാവശ്യമായ നടപടിക്രമങ്ങൾ ഓരോ രൂപതയിലും സമയബന്ധിതമായി നടപ്പിലാക്കണമെന്ന യുവജനകമ്മീഷന്റെ നിർദ്ദേശം സിനഡ് അംഗീകരിച്ചു. 30 വയസ്സു പൂർത്തിയായ യുവജനങ്ങൾ കത്തോലിക്കാ കോൺഗ്രസ്സിൽ അംഗങ്ങളായി ചേർന്ന് സഭാശുശ്രൂഷയിൽ സജീവമാകണം. ഇതിനാവശ്യമായ ക്രമീകരണങ്ങൾ കത്തോലിക്കാ കോൺഗ്രസ്സിന്റെ സംഘടനാതലത്തിൽ വരുത്തുന്നതാണ്.

### ആരാധനക്രമം

സഭയുടെ ആരാധനക്രമവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ സിനഡ് വിശദമായ ചർച്ചകൾനടത്തി. കോവിഡിന്റെ പശ്ചാത്തലത്തിൽ മൃതദേഹങ്ങൾ ദഹിപ്പിക്കേണ്ട സാഹചര്യം ആരോഗ്യപരമായ കാരണങ്ങളാൽ ആവശ്യമായി വരുന്നുണ്ട്. വിശ്വാസികളുടെ മൃതദേഹം ദഹിപ്പിക്കുന്ന സന്ദർഭങ്ങളിൽ ഉപയോഗിക്കാനുള്ള പ്രാർഥനകൾക്കു സിനഡ് അംഗീകാരം നൽകി

യിട്ടുണ്ട്. മൃതദേഹം ദഹിപ്പിക്കുന്ന സന്ദർഭങ്ങളിൽ ഇനിമേൽ ഈ ക്രമം അനുഷ്ഠിക്കേണ്ടതാണ്. ക്രൈസ്തവ വിശ്വാസത്തിൽ മൃതദേഹത്തോടു പുലർത്തുന്ന സവിശേഷമായ ആദരവ് സംസ്കരിക്കുമ്പോഴും ദഹിപ്പിക്കുമ്പോഴും ഒരുപോലെ പരിരക്ഷിക്കപ്പെടേണ്ടതാണ് എന്ന വസ്തുത സിനഡ് ആവർത്തിച്ച് ഓർമ്മിപ്പിക്കുന്നു.

നമ്മുടെ ആരാധനക്രമത്തിൽ വി. കുർബ്ബാനകളിൽ വായിക്കുന്നതിന് പരമ്പരാഗതമായുണ്ടായിരുന്ന വായനാ പഞ്ചാംഗത്തിനൊപ്പം മറ്റൊരു വായനാ പഞ്ചാംഗത്തിനുകൂടി സിനഡ് പരീക്ഷണാർത്ഥം അംഗീകാരം നൽകിയിട്ടുണ്ട്. അടുത്ത ആരാധനക്രമവത്സരത്തിൽ ഈ പുതുക്കിയ വായനാപഞ്ചാംഗമാണ് നാം ഉപയോഗിക്കുന്നത്. കൂടാതെ, സഭയിലെ വിവിധതിരുനാളുകളെ അവയുടെ പ്രാധാന്യത്തിനനുസരിച്ച് ക്രമീകരിച്ച പട്ടികയ്ക്കും സിനഡ് അംഗീകാരം നൽകി. സീറോമലബാർ സഭയുടെ യാമപ്രാർത്ഥനകൾ പരിഷ്കരിക്കുന്നതിനായുള്ള അവസാനവട്ടചർച്ചകളും സിനഡിൽ നടന്നു.

## ക്രൈസ്തവ പീഡനം

ആഗോളതലത്തിൽ ക്രൈസ്തവർക്കെതിരായ പീഡനങ്ങൾ വർദ്ധിച്ചുവരുന്നതിൽ സിനഡ് ആശങ്കരേഖപ്പെടുത്തി. തങ്ങളുടെ ക്രിസ്തീയ വിശ്വാസത്തെപ്രതി പ്രതിദിനം 13 ക്രിസ്ത്യാനികൾ രക്തസാക്ഷിത്വം വരിക്കുന്നു എന്ന കണക്ക് ഭീതിപ്പെടുത്തുന്നതാണ്. 2020 ഡിസംബർമാസത്തിൽ 750 ക്രൈസ്തവർ എത്യോപ്യായിൽ കൂട്ടക്കൊല ചെയ്യപ്പെട്ടത് ലോകമനസ്സാക്ഷിയെത്തന്നെ നടുക്കിയ സംഭവമാണ്. പീഡാനുഭവങ്ങളുടെയും രക്തസാക്ഷിത്വത്തിന്റെയും വഴികളിൽ തളരാത്ത വിശ്വാസതീക്ഷ്ണത പ്രകടമാക്കിയ ഈ ധീരരക്തസാക്ഷികളുടെ മാതൃക നമ്മുടെ വിശ്വാസജീവിതത്തെ പ്രചോദിപ്പിക്കേണ്ടതാണ്. തീവ്രമായ സഹനത്തിന്റെയും വ്യവസ്ഥയില്ലാത്ത ക്ഷമയുടെയും സുവിശേഷവഴികളിൽ ധീരമായി മുന്നേറാൻ പീഡിത സഭകളിലെ വിശ്വാസികൾക്കുവേണ്ടി നമുക്ക് തീക്ഷ്ണമായി പ്രാർത്ഥിക്കാം.

## കർഷക സമരം

രാജ്യതലസ്ഥാനത്ത് മാസങ്ങളായി സമരമുഖത്തായിരിക്കുന്ന കർഷകരോട് സീറോമലബാർസഭ ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നു. തങ്ങളുടെ ന്യായമായ അവകാശങ്ങൾപോലും കോർപ്പറേറ്റു മുതലാളിമാർക്ക് അടിയറവയ്ക്കേണ്ടിവരുന്ന സാഹചര്യമാണ് പുതിയ കാർഷിക ബില്ലിലൂടെ നടപ്പിലാകുന്നത് എന്ന കർഷകരുടെ ആശങ്ക പരിഹരിക്കപ്പെടേണ്ടതാണ്. കർഷകചന്തകൾ, ഉല്പന്നങ്ങളുടെ താങ്ങുവില, അവശ്യസാധനങ്ങളുടെ സംഭരണത്തിലെ നിയന്ത്രണ നിരോധനം, കോൺട്രാക്ട് ഫാമിംഗ് തുടങ്ങി ഒട്ടേറെ വി

ഷയങ്ങൾ പുതിയ കാർഷിക നിയമത്തിൽ കർഷകരെ ആശങ്കപ്പെടുത്തുന്നു ണ്ട്. കർഷകരുമായി വേണ്ടത്ര കൂടിയാലോചനകൾ നടത്താതെയാണ് പുതിയ നിയമം നടപ്പിലാക്കിയത് എന്ന ആക്ഷേപത്തിനും പരിഹാരം കാണേണ്ടതുണ്ട്. രാജ്യത്തിന്റെ അന്നദാതാക്കളായ കർഷകർ തങ്ങളുടെ നിലനിൽപിനായി തെരുവിലിറങ്ങേണ്ടി വന്നത് അങ്ങേയറ്റം ദുഃഖകരമാണ്. കേരളത്തിലെ കർഷകർ അനുഭവിക്കുന്ന വിളകളുടെ വിലത്തകർച്ച, വന്യമൃഗശല്യം, ബഫർസോൺ പരിസ്ഥിതിലോല ഭീഷണികൾ എന്നിവയ്ക്കും ശാശ്വതമായ പരിഹാരം ആവശ്യമാണ്.

## k`bnse A¨S¡w

കത്തോലിക്കാ സഭയുടെ കെട്ടുറപ്പിനും മഹനീയമായ മാതൃകയ്ക്കും കാരണമായവയിൽ സഭയിലെ അച്ചടക്കത്തിന് സുപ്രധാനമായ പങ്കാണുള്ളത്. സമീപകാലത്ത് സീറോമലബാർസഭയിലെ ചില വൈദികരും സമർപ്പിതരും അല്മായ നേതാക്കന്മാരും സഭയുടെ അച്ചടക്കത്തെയും കൂട്ടായമയെയും വെല്ലുവിളിക്കുന്ന നിലപാടുകളുമായി പരസ്യമായി രംഗത്തു വരുന്നതായി സിനഡ് വിലയിരുത്തി. സഭയുടെ ആഭ്യന്തരവേദികളിൽ ചർച്ച ചെയ്തു പരിഹരിക്കേണ്ട വിഷയങ്ങൾ പൊതുവേദികളിൽ വിവാദമാക്കുന്നതിലൂടെ സഭാഗാത്രത്തിനുണ്ടാകുന്ന മുറിവ് വലുതാണ്. സഭാപ്രബോധനങ്ങൾക്കും സഭാനേതൃത്വത്തിനും എതിരായ നിലപാടുകൾ സ്വീകരിക്കുന്നവരെ തിരുത്താനും ആവശ്യമെങ്കിൽ സഭാനിയമം അനുശാസിക്കുന്ന ശിക്ഷണ നടപടികൾ സ്വീകരിക്കാനും അതാതു രൂപതാദ്ധ്യക്ഷന്മാരെ സിനഡ് ചുമതലപ്പെടുത്തി.

മൗലികവാദങ്ങൾ സമൂഹത്തിന്റെ ഭദ്രതയ്ക്കും സമുദായസൗഹാർദ്ദത്തിനും ഹാനികരമാണ്. ഇതര മതങ്ങളുമായുള്ള ബന്ധം, ആരാധനക്രമം, സഭയിലെ കരിസ്മാറ്റിക് നവീകരണം തുടങ്ങിയ മേഖലകളിൽ തികച്ചും മൗലികവാദപരവും വിഭാഗീയത ഉളവാക്കുന്നതുമായ ചില നിലപാടുകൾ സമീപകാലത്ത് മുളയെടുക്കുന്നതായി സിനഡ് വിലയിരുത്തി. ഇത്തരം മൗലികവാദപരവും അസഹിഷ്ണുത നിറഞ്ഞതും പ്രകോപനകരവുമായ പ്രവർത്തനങ്ങളും പ്രസ്താവനകളും സഭയിലും സമൂഹത്തിലും ഏറെ വിവാദങ്ങൾക്കും ഭിന്നതകൾക്കും കാരണമാകുന്നുണ്ട്. സഭയുടെ നന്മയെ ലക്ഷ്യമാക്കിക്കൊണ്ട് പ്രവർത്തിക്കുന്നു എന്ന് അവകാശപ്പെടുന്ന ഇത്തരം നിലപാടുകൾ വരുത്തുന്ന അപകടങ്ങൾ ദൂരവ്യാപകമാകയാൽ വിശ്വാസികൾ ജാഗ്രത പാലിക്കേണ്ടതാണെന്ന് സിനഡു വിലയിരുത്തി.

നമ്മുടെ കർത്താവീശോമിശിഹായുടെ പീഡാസഹനത്തെയും കുരിശുമരണത്തെയും അനുസ്മരിക്കുന്ന നോമ്പുകാലത്തിന്റെയും സമാഗതമാകുന്ന ഉയിർപ്പുതിരുനാളിന്റെയും മംഗളങ്ങൾ സ്നേഹപൂർവ്വം ആശംസിക്കുന്നു. വി. യൗസേപ്പിതാവിന് സവിശേഷമാംവിധം സമർപ്പിതമായ ഈ വർഷത്തിൽ നിങ്ങളെയെല്ലാവരെയും ആ വത്സലപിതാവിന്റെ സംരക്ഷണയ്ക്കു ഭരമേല്പിക്കുന്നു. നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെയും നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായുടെയും മാധ്യസ്ഥ്യം നിരന്തരം നിങ്ങളോടൊത്തുണ്ടായിരിക്കട്ടെ.

കാക്കനാട് മൗണ്ട് സെന്റ് തോമസ്സിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽനിന്ന് 2021 ആണ്ട് ഫെബ്രുവരി മാസം 10ാം തിയതി നൽകപ്പെട്ടത്.

**കർദ്ദിനാൾ ജോർജ്ജ് ആലഞ്ചേരി**
**സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ്**



*St. Joseph, Pray for us*

# കച്ചേരിക്കാര്യം

**1. മെത്രാഭിഷേകദിനം**

രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിന്റെ മെത്രാഭിഷേകദിനം എപ്രിൽ 8-ാം തീയതിയാണ്. മേൽപ്പട്ട ശുശ്രൂഷയിൽ 11 വർഷം പൂർത്തിയാക്കുന്ന അഭിവന്ദ്യ പിതാവിന് അനുമോദനങ്ങൾ നേരുകയും പിതാവിനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യാം. ഏറ്റെടുത്തിരിക്കുന്ന ഇടയധർമ്മം ദൈവഹിതപ്രകാരം തുടർന്നും നിർവ്വഹിക്കുന്നതിന് ആവശ്യമായ ദൈവാനുഗ്രഹത്തിനുവേണ്ടി പ്രാർത്ഥിക്കുന്നതോടൊപ്പം ഇക്കാര്യം ഇടവകജനങ്ങളെ അറിയിക്കുകയും അന്നേദിവസം പിതാവിനുവേണ്ടി പ്രാർത്ഥിക്കുവാൻ ഓർമ്മിപ്പിക്കുകയും ചെയ്യുമല്ലോ.

**2. ദുഃഖവെള്ളി പിരിവ്**

ദുഃഖവെള്ളിയാഴ്ച എടുക്കുന്ന പ്രത്യേക സ്തോത്രക്കാഴ്ച വിശുദ്ധ നാടുകളുടെ സംരക്ഷണത്തിനുവേണ്ടി ഉപയോഗിക്കുന്നതിനാൽ, എത്രയുംവേഗം രൂപതാകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**3. രൂപതാദിനം 2021**

2021 ഏപ്രിൽ 28-ാം തീയതി നമ്മുടെ രൂപതാസ്ഥാപനദിനമാ ണല്ലോ. അന്നേദിവസം പള്ളികളിൽ രൂപതാദിനം ആചരിക്കുകയും വി. കുർബാനയർപ്പിക്കുകയും പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്യു മല്ലോ. കോവിഡിന്റെ പ്രത്യേക സാഹചര്യത്തിൽ ആഘോഷങ്ങളി ല്ലാതെ പാസ്റ്ററൽ കൗൺസിൽ അംഗങ്ങളുടെ സാന്നിധ്യത്തിൽ താമരശ്ശേരി കത്തീഡ്രൽ വച്ച് കൃതജ്ഞതാ ബലിയർപ്പിക്കുന്നതാണ്. തുടർന്ന് വിവിധ മേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ച വ്യക്തികളെ ആദരിക്കുന്നതാണ്. ഇടവകയിൽ ആദരിക്കപ്പെടേണ്ട വ്യക്തികൾ ഉണ്ടെങ്കിൽ ബഹു. വികാരിയച്ചന്മാർ അവരുടെ പേരുകൾ ഏപ്രിൽ 10 ന് മുമ്പായി ചാൻസലറെ അറിയിക്കേണ്ടതാണ്.

**4. യേശുനിധി**

യേശുനിധിയ്ക്ക് സമാഹരിച്ച തുകകൾ എത്രയും വേഗം രൂപതാ കേന്ദ്രത്തിൽ ഏൽപ്പിക്കണം. മെയ് മാസം മുതൽ പുതിയ അപേക്ഷ കൾ യേശുനിധിയിലേക്ക് സ്വീകരിക്കുന്നതാണ്. അപേക്ഷകൾ സമർപ്പിക്കുമ്പോൾ  അവരുടെ അക്കൗണ്ട് നമ്പറും പാസ്ബുക്കിന്റെ കോപ്പി യും  അപേക്ഷയോടൊപ്പം വയ്ക്കേണ്ടതാണ് എന്ന കാര്യം ഓർമ്മിപ്പിക്കുന്നു.

**5. വൈദികരുടെ സ്ഥലമാറ്റം**

നമ്മുടെ രൂപതയിലെ വൈദികരുടെ സ്ഥലമാറ്റം 2021 മെയ് 8 ശനിയാഴ്ചയാണ്.

### 6. വാർഷികധ്യാനം

ഈ വർഷത്തെ വൈദികരുടെ വാർഷികധ്യാനം സെപ്റ്റംബർ 12 മുതൽ 17 വരെയും 19 മുതൽ 24 വരെയും രണ്ടു ബാച്ചുകളിലായി പുല്ലൂരാംപാറ ബഥാനിയ ധ്യാനകേന്ദ്രത്തിൽ വച്ച് നടത്തപ്പെടുന്നു. സെപ്റ്റംബർ മാസത്തിലെ പരിപാടികൾ അതിനനുസരിച്ച് ക്രമീകരി ക്കുമല്ലോ. ലിസ്റ്റ് പിന്നീട് താമരമൊട്ടുകളിൽ പ്രസിദ്ധീകരിക്കുന്നതാണ്.

### 7. രൂപതാവിഹിതം (7.5%)

രൂപതാനിയമാവലിയിൽ പറഞ്ഞിരിക്കുന്നതുപോലെ ഇടവകയുടെ വാർഷിക വരുമാനത്തിന്റെ 7.5% രൂപതാവിഹിതമായി നൽകേണ്ടതാണ്. വാർഷിക തിരട്ട് പാസാക്കുന്നതിനും പുതുതായി തെരഞ്ഞെടുക്കപ്പെടുന്ന കൈക്കാരന്മാരുടെ പേരുകൾ അംഗീകാരത്തിനായി സമർ പ്പിക്കുന്നതിനും മുമ്പ് രൂപതാവിഹിതം അടച്ചു തീർക്കേണ്ടതാണ്. രൂപ താവിഹിതം ഫൊറോനകേന്ദ്രങ്ങളിൽ വച്ച് താഴെപ്പറയുന്ന തീയതി കളിൽ സ്വീകരിക്കുന്നതാണ്.

| | | | |
|---|---|---|---|
| ഏപ്രിൽ 20 | - | 10 am | - തോട്ടുമുക്കം, |
| | | 3 pm | - കരുവാരകുണ്ട് |
| ഏപ്രിൽ 21 | - | 10 am | - പെരിന്തൽമണ്ണ |
| | | 3 pm | - മലപ്പുറം |
| ഏപ്രിൽ 23 | - | 10 am | - മരുതോങ്കര, വിലങ്ങാട് |
| ഏപ്രിൽ 24 | - | 3 pm | - പാറോപ്പടി |
| ഏപ്രിൽ 26 | - | 10 am | - തിരുവമ്പാടി |
| | | 3 pm | - കോടഞ്ചേരി |
| ഏപ്രിൽ 27 | - | 10 am | - കൂരാച്ചുണ്ട് |
| | | 3 pm | - താമരശ്ശേരി |

### 8. പൊതുയോഗം & കൈക്കാരന്മാരുടെ തെരഞ്ഞെടുപ്പ് :

2021 ഏപ്രിൽ 18 ന് നിയമപരമായി പൊതുയോഗം വിളിച്ചുകൂട്ടി ആണ്ടുതിരട്ട് പാസാക്കുകയും പുതിയ കൈക്കാരന്മാരെ തിരഞ്ഞെ ടുക്കുകയും ചെയ്യണം. 2021 ഫെബ്രുവരി 25 ന് ചേർന്ന ഫൊറോന വികാരിയച്ചന്മാരുടെ സമ്മേളനത്തിലെ തീരുമാനനുസരിച്ച് കൈക്കാര ന്മാരിൽ ഒരാൾ 25 നും 35 നും ഇടയിൽ പ്രായമുള്ള യുവജനങ്ങളിൽ നിന്നും ആയിരിക്കുന്നത് അഭികാമ്യമാണ്. പുതിയ കൈക്കാരന്മാർ മെയ് 2-ാം തീയതി വി. കുർബാനമദ്ധ്യ സത്യപ്രതിജ്ഞ ചെയ്ത് ചുമതല ഏൽക്കേണ്ടതാണ്.

### 9. ആദരാഞ്ജലികൾ

കക്കയം ഇടവക വികാരി ബഹു. മാത്യു കുറുപുറത്ത് (HGN) അച്ചന്റെ മാതാവ് **ത്രേസ്യാമ്മ മാത്യു കുറുമ്പുറത്ത് (80)** 2021 മാർച്ച് 21-ാം തീയതി നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. 22-ാം തീയതി കൂരാച്ചുണ്ട് ഇടവകയിൽ നടന്ന മൃതസംസ്കാര ശുശ്രൂഷകൾക്ക് അഭിവന്ദ്യ മാർ റെമീജിയോസ്

ഇഞ്ചനാനിയിൽ പിതാവും ബഹു. മോൺ. ജോൺ ഒറവങ്കരയച്ചനും കാർമ്മികത്വം വഹിച്ചു. സന്തപ്ത കുടുംബാംഗങ്ങളോടും, പ്രത്യേകിച്ച് ബഹു. മാത്യു കുറുമ്പുറത്തച്ച നോടും രൂപതാകുടുംബത്തിന്റെ അനുശോചനം അറിയിക്കുകയും പരേതയുടെ ആത്മശാന്തിയ്ക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

### 10. സ്മരണാഞ്ജലി

| | | |
|---|---|---|
| 02-04-1990 | - | റവ. ഫാ. സേവ്യർ കണിയാന്തറ |
| **04-04-2006** | **-** | **മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി** |
| 10-04-1977 | - | റവ. ഫാ. ജോസഫ് കൊല്ലംപറമ്പിൽ |
| 20-04-1972 | - | റവ. ഫാ. മാത്യു പാലമറ്റം |
| **20-04-2012** | **-** | **മോൺ. ഫ്രാൻസീസ് ആറുപറയിൽ** |
| 29-04-1997 | - | റവ. ഫാ. ജോർജ് സ്രാമ്പിക്കൽ |
| 29-04-1968 | - | റവ. ഫാ. ജോർജ് പുനക്കാട്ട് |
| 29-04-1999 | - | റവ. ഫാ. ജോസഫ് വെട്ടിക്കുഴിച്ചാലിൽ |

## സ്നേഹസ്മരണയ്ക്ക്



# മതബോധനം

യേശു പറഞ്ഞു, 'ഞാനാണ് പുനരുത്ഥാനവും ജീവനും എന്നിൽ വിശ്വസിക്കുന്നവർ മരിച്ചാലും ജീവിക്കും അങ്ങനെ ജീവിക്കുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യുന്നവർ ഒരിക്കലും മരിക്കുകയില്ല' (യോഹ. 11:25-36) പാപത്തെയും, മരണത്തെയും, സാത്താനെയും തന്റെ പീഡാനുഭവ കുരിശുമരണ ഉത്ഥാനത്തിലൂടെ കീഴടക്കി വിജയം നേടിയ ക്രിസ്തുവിനെ ഓർക്കുകയും ആരാധിക്കുകയും ചെയ്യുന്ന ദിവസമാണ് ഈസ്റ്റർ. നാമെല്ലാവരും സ്വർഗ്ഗത്തിലെ പൗരന്മാരാണ് എന്നും, സ്വർഗം ലക്ഷ്യംവച്ച് ഓരോ നിമിഷവും നാം ജീവിക്കണം എന്നും ഈസ്റ്റർ നമ്മെ ഓർമ്മിപ്പിക്കുന്നു. ഈശോ കീഴടക്കിയ ശത്രുക്കളായ പാപത്തോടും മരണത്തോടും സാത്താനോടും ചങ്ങാത്തം ഉപേക്ഷിച്ച് യേശുവിൽ വിശ്വസിക്കുകയും അവനിൽ ജീവിക്കുകയും ചെയ്താൽ മാത്രമേ ഈസ്റ്റർ നമുക്ക് പ്രത്യാശയും സമാധാനവും നൽകുകയുള്ളു. സാത്താനോട് ചേർന്ന് തോറ്റവരെ പോലെ ജീവിക്കാതെ ക്രിസ്തുവിനോട് ചേർന്ന് നമുക്ക് വിജയിച്ചവരെ പോലെ ജീവിക്കാം.

### അഭിവന്ദ്യ പിതാവിന്റെ നോമ്പുകാല സന്ദേശം

50 നോമ്പിന് ഒരുക്കമായി അഭിവന്ദ്യ റെമീജിയോസ് പിതാവ് നോമ്പ് കാലത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും ജഡത്തിന്റെ പ്രവണതകളെ ആത്മാവിനാൽ നിഗ്രഹിച്ച് വിശുദ്ധിയിൽ വളരേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും പ്രചോദനാത്മകമായ സന്ദേശം കാറ്റിക്കിസം യൂട്യൂബ് ചാനലിലൂടെ നൽകുകയുണ്ടായി

### നോമ്പുകാല ധ്യാനം

വിശുദ്ധ ജോൺ മരിയ വിയാനി ആർസിലെ വിശ്വാസികളോട് പ്രസംഗിച്ചതും കാലോചിതവും പ്രസക്തവുമായ പ്രഭാഷണങ്ങൾവഴി നോമ്പുകാല ഓൺലൈൻ ധ്യാനം വിശ്വാസ പരിശീലന കേന്ദ്രം ക്രമീകരിച്ചു.നോമ്പിന്റെ ചൈതന്യത്തിൽ വളരാൻ സഹായകമായ പ്രസംഗങ്ങളാണ് പ്രത്യേകം തിരഞ്ഞെടുത്തത്. സെമിനാരി വിദ്യാർത്ഥികളാണ് ഓരോ പ്രസംഗങ്ങളും അവതരിപ്പിച്ചത്.

## HCC- RESULT

പ്ലസ് വൺ, പ്ലസ് ടു പരീക്ഷയിൽ രൂപതാ തലത്തിൽ ഏറ്റവും ഉയർന്ന ഗ്രേഡ് നേടി ഉന്നത വിജയം നേടിയ കുട്ടികളുടെ പേര് വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

### HCC-I Highest grade Holders

1. Jeeva Jose Marappillil - Pullurampara
2. Melby Varghese Chembukandathil - Cheerattamala
3. Anupama Mary Joseph Purathottu - Thiruvambady
4. Alaine Ann Joseph Thyparambil - Thottumukkam

## HCC-II Highest Grade Holders

1. Darshana Jose Mokkilikkattu - Koodaranji
2. Aparna Thomas Tharakkunnel - Thottumukkom
3. Niya James Kochupurackal - Cheerattamala
4. Sandra Joshy Poovatholil - Panamplavu
5. Cristo Shibu Adattu - Chakkittapara

എല്ലാ വിദ്യർഥികൾക്കും അഭിനന്ദനങ്ങൾ...... അശംസകൾ......

## Full Attendance

ഒന്നാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെ ഒരു ദിവസം പോലും വിശ്വാസ പരിശീലന ക്ലാസ്സുകൾ മുടക്കാതെ ഈ വർഷം ഫുൾ അറ്റന്റൻസ് നേടിയ വിദ്യാർഥികൾ

1. Aparna Thomas Tharakkunnel - Thottumukkom
2. Binitta Liju Olikkara - Vettathoor
3. Helan Treesa Johnson Kolleratte - Mariyapuram
4. Mariya Benny Oliyakkattil - Paroppady
5. John Paul Therully - Mavoor
6. Joel Karinattu - Koorottupara
7. Roselin Thineparambil - Thiruvambady
8. Sandra Sajan Nedunganal - Thekkumkutty

## HCC പരീക്ഷകളിൽ 100 % വിജയം നേടിയ സൺഡേ സ്കൂളുകൾ

### KARUVARAKUNDU

1. Adackakundu
2. Pathirikode

### KOORACHUNDU

5. Narinada
6. Pathippara
7. Karikandanpara

### MALAPPURAM

11. Kondotty
12. Koomamkulam
13. Kottackal
14. Malappuram

### KODENCHERY

3. Koorottupara
4. Manjumala

### THAMARASSERY

8. Kumully
9. Valliyad
10. Vayalida

### MARUDHOMKARA

17. Chappenthottam
18. Kuduthode
19. P.T Chacko Nagar
20. Padathukadavu

15. Oorakam
16. Pandhallor

**PAROPPADY**

24. Kadalundy

**THIRUVAMBADY**

25. Karimb
26. Manjakadavu
27. Poovaranthode
28. Vilakkamthode

**PERINTHALMANNA**

21. Paloorkotta
22. Oravupuram
23. Vettathur

**VILAGAD**

29. Vadakara

**THOTTUMUKKAM**

30. Chudathumpoyil
31. Koonurkandy
32. Vedekkumpoyil

### വിശുദ്ധരെ പരിചയപ്പെടുത്തൽ

തിരുബാലസഖ്യ കുട്ടികളെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വിശ്വാസപരിശീലന കേന്ദ്രവും തിരുബാല സഖ്യവും സംയുക്തമായി വിശുദ്ധരെ പരിചയപ്പെടുത്തൽ പ്രോഗ്രാം അവതരിപ്പിച്ചു

### സ്റ്റാഫ് മീറ്റിംഗ്

തേക്കുംകുറ്റി, മാലാപറമ്പ്, കുറ്റിപ്പുറം എന്നീ ഇടവകകൾ സന്ദർശിച്ച് വിശ്വാസ പരിശീലകരെ കാണുകയും പ്രവർത്തനങ്ങൾ വിലയിരുത്തി ഭാവി പരിപാടികളെക്കുറിച്ച് ചിന്തിക്കുകയും ചെയ്തു.

### വിശ്വാസോത്സവം

കോവിഡിന്റ പ്രത്യേക സാഹചര്യത്തിൽ ഈ വർഷം വിശ്വാസോ ത്സവം ഉണ്ടായിരിക്കുന്നതല്ല.

### പത്താം ക്ലാസ് എഴുത്തുപരീക്ഷ

2021 മാർച്ച് 21 ഞായർ പത്താം ക്ലാസ് വിദ്യാർത്ഥികളുടെ എഴുത്തുപരീക്ഷകൾ ഓരോ ഇടവകയിലും നടന്നു.

### 1 മുതൽ 9 വരെ വീട്ടിൽ വെച്ചുള്ള ഓൺലൈൻ പരീക്ഷകൾ

1 മുതൽ 9–ാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് വീട്ടിൽ വെച്ചുള്ള ഓൺലൈൻ പരീക്ഷകൾ 2021 മാർച്ച് 7 ഞായറാഴ്ച നടന്നു ചോദ്യങ്ങൾ Pdf ആയി അയച്ച് നൽകി മാതാപിതാക്കളുടെ സാന്നിധ്യത്തിൽ ആണ് കുട്ടികൾ പരീക്ഷ എഴുതിയത് എന്നാൽ ചില ഇടവകകളിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് കൊണ്ട് തന്നെ എഴുത്തുപരീക്ഷകളും നടന്നു.

**ഫാ. ജോൺ പള്ളിക്കാവയലിൽ**
ഡയറക്ടർ, മതബോധനം

# ചെറുപുഷ്പ മിഷൻലീഗ്

## ഏപ്രിൽമാസ പരിപാടികൾ

| | | |
|---|---|---|
| 1 | - | പെസഹാവ്യാഴം |
| 2 | - | ദു:ഖവെള്ളി |
| 3 | - | ദു:ഖശനി |
| 4 | - | ഉയിർപ്പു ഞായർ |
| 10 | - | നൂറുമേനി മിഷൻ ക്വിസ് |
| 17 | - | എക്സിക്യൂട്ടീവ് മീറ്റിംഗ് |
| 21 | - | വി. ആൻസെലം തിരുനാൾ |
| 23 | - | വി. ഗീവർഗ്ഗീസ് തിരുനാൾ |
| 25 | - | വി. മർക്കോസ് തിരുനാൾ |
| 28 | - | താമരശ്ശേരി രൂപതാദിനം |
| 29 | - | സീയെന്നായിലെ വി.കത്രീന വേദപാരംഗത |

## വചനോപാസി

ഈ വർഷത്തെ വചനോപാസി ക്യാമ്പ് മെയ് 5ന് താമരശ്ശേരി പാസ്റ്ററൽ സെന്ററിൽ വെച്ച് നടക്കുന്നതാണ്. ഇനിയും രജിസ്റ്റർ ചെയ്യാൻ ആരെങ്കിലുമുണ്ടെങ്കിൽ ഏപ്രിൽ 10 ന് മുമ്പ് ചെയ്യേണ്ടതാണ്.

## രൂപതാ-മേഖലാ-ശാഖാ സന്ദർശനങ്ങൾ

സംസ്ഥാന സമിതി പ്രഖ്യാപിച്ച 2019-2020 പ്രവർത്തന വർഷ വിലയിരുത്തലിന്റെ ഭാഗമായി താമരശ്ശേരി രൂപതയിൽ ഏപ്രിൽ മാസത്തിൽ സന്ദർശനം നടക്കുന്നു. 2019-2020 പ്രവർത്തന വർഷത്തെ പ്രവർത്തന മികവനുസരിച്ച് തെരഞ്ഞെടുക്കപ്പെട്ട ശാഖകളിലും മേഖലകളിലും വാർഷിക റിപ്പോർട്ടനുസരിച്ച് രൂപതാ സമിതി വിലയിരുത്തൽ നടത്തി. സന്ദർശനം നടത്തിയ മേഖലകളും ശാഖകളും താഴെ ചേർക്കുന്നു.

### മേഖലാ സന്ദർശനങ്ങൾ

ഫെബ്രു. 14 കൂരാച്ചുണ്ട്
ഫെബ്രു. 22 പെരിന്തൽമണ്ണ

മാർച്ച് 14 താമരശ്ശേരി
മാർച്ച് 21 കോടഞ്ചേരി

### ശാഖാ സന്ദർശനങ്ങൾ

ഫെബ്രു. 25 കട്ടിപ്പാറ
ഫെബ്രു. 22 മരിയാപുരം, മലാപറമ്പ്, പാലൂർകോട്ട
ഫെബ്രു. 28 കരികണ്ടൻപാറ
മാർച്ച് 7 കരിയാത്തുംപാറ
മാർച്ച് 14 പുതുപ്പാടി
മാർച്ച് 21 കോടഞ്ചേരി

**നൂറുമേനി**

I$^{st}$ – അഞ്ജു രാജു പ്ലാമൂട്ടിൽ, കൂമംകുളം
II$^{nd}$ – ഷാലൻ മരിയ കുന്നപ്പിള്ളിൽ, തിരുവമ്പാടി
III$^{rd}$ – ജോമൽ ബാജി മച്ചുകുഴിയിൽ, തിരുവമ്പാടി

**ഫാ. തോമസ് തേവടിയിൽ**
ഡയറക്ടർ, മിഷൻലീഗ്

# തിരുബാലസഖ്യം

**2021 ഏപ്രിൽ** – വി. ഗീവർഗ്ഗീസ് സഹദായ്ക്ക് പ്രതിഷ്ഠിതം

1 – പെസഹാവ്യാഴം
2 – ദു:ഖവെള്ളി
3 – ദു:ഖശനി
4 – ഉയിർപ്പു ഞായർ – സുവിശേഷം യോഹ 20:1–18
ലേഖനം – റോമ 6:1–14
11 ഞായർ – യോഹ 20:19–29, കൊളോ 1:12–20
18 ഞായർ – യോഹ 14:1–14, എഫേ 1:3–14
21 – വി. ആൻസലം തിരുനാൾ
23 – വി. ഗീവർഗീസ് തിരുനാൾ
25 ഞായർ – യോഹ 16:16–24, എഫേ 2:1–7
28 – താമരശ്ശേരി രൂപതാ ദിനം
29 – സിയന്നായിലെ വി. കാതറീൻ

**പ്രവൃത്തികൾ**

പഠനം – വി. ഗീവർഗ്ഗീസ്, സിയന്നായിലെ വി. കാതറീൻ
സുകൃതജപം – ഉത്ഥിതനായ ഈശോയെ ഉത്ഥാനമഹത്വത്തിൽ ഞങ്ങളെയും പങ്കുചേർക്കണമേ.
വചനം – ഞാനാണ് പുനരുദ്ധാനവും ജീവനും (യോഹ 11:21)
ഗീതം – 'സ്നേഹം കൊണ്ടൊരു വീടുപണിയാം' പഠിക്കുക.

**ഫാ. തോമസ് തേവടിയിൽ**
ഡയറക്ടർ, തിരുബാലസഖ്യം

# കെ.സി.വൈ.എം.

## സംസ്ഥാന കലോത്സവം, അനുമോദന യോഗം

കെ സി വൈ എം സംസ്ഥാന കലോത്സവത്തിൽ ഓവറോൾ ചാമ്പ്യൻമാരായ കെ സി വൈ എം താമരശ്ശേരി രൂപത ടീമിനെയും രൂപത സമിതിയെയും മാർ റെമി ജിയോസ് ഇഞ്ചനാനിയിൽ പിതാവ് രൂപത ഭവനിൽ വെച്ച് ആദരിച്ചു. പ്രസ്തുത ചടങ്ങിൽ വിവിധ മത്സരങ്ങളിൽ വിജയികളായവർക്ക് പിതാവ് സമ്മാനങ്ങൾ നൽകി. രൂപതാ പ്രസിഡണ്ട് വിശാഖ് തോമസ്, ഫാ. ജോർജ് വെള്ളയ്ക്കാക്കുടിയിൽ, സിസ്റ്റർ ഷാർലറ്റ് റോസ് സിഎംസി, ജനറൽ സെക്രട്ടറി അഭിലാഷ് കുടിപ്പാറ തുടങ്ങിയവർ അനുമോദന യോഗത്തിൽ സംസാരിച്ചു.

## രൂപത 35–ാമത് വാർഷിക സെനറ്റ് സമ്മേളനം

കെ.സി.വൈ. എം. താമരശ്ശേരി രൂപത 35 –ാമത് വാർഷിക സെനറ്റ് സമ്മേളനം താമരശ്ശേരി മാർ മങ്കുഴിക്കരി പാസ്റ്ററൽ സെന്റർ ഓഡിറ്റോറിയത്തിൽ നടത്തപ്പെട്ടു. രൂപത പ്രസിഡന്റ് വിശാഖ് തോമസിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ ഉദ്ഘാടനം കെ സി വൈ എം സംസ്ഥാന പ്രസിഡന്റ് എഡ്വേർഡ് രാജു നിർവഹിച്ചു. കോടഞ്ചേരി പഞ്ചായത്ത് പ്രസിഡന്റ് അലക്സ് തോമസ് മുഖ്യാതിഥിയായിരുന്നു . രൂപതാ ഡയറക്ടർ ഫാ. ജോർജ്ജ് വെള്ളയ്ക്കാക്കുടിയിൽ ആമുഖപ്രഭാഷണം നടത്തി. അസിസ്റ്റന്റ് ഡയറക്ടർ ഫാദർ മാത്യു തൂമുള്ളിൽ, രൂപത അനിമേറ്റർ സിസ്റ്റർ ഷാർലറ്റ് റോസ് സി.എം.സി., ജന. സെക്രട്ടറി അഭിലാഷ് കുടിപ്പാറ, തേജസ് മാത്യു, ലിമിന ജോർജ് തുടങ്ങിയവർ സംസാരിച്ചു. 2021 വർഷത്തെ രൂപതാ സമിതി തിരഞ്ഞെടുപ്പിൽ പ്രസിഡന്റ് സ്ഥാനത്തേക്ക് ശ്രീ. വിശാഖ് തോമസ്, ജനറൽ സെക്രട്ടറിയായി അഭിലാഷ് കുടിപ്പാറ എന്നിവർ വീണ്ടും തിരഞ്ഞെടുക്കപ്പെട്ടു. പതിനൊന്ന് മേഖലകളിൽ നിന്നുള്ള ഭാരവാഹികളും ആനിമേറ്റേഴ്സും പങ്കെടുത്ത സമ്മേളനത്തിൽ വിവിധ മത്സരങ്ങളുടെ സമ്മാനദാനവും നടന്നു.

## മറ്റു ഭാരവാഹികൾ

വൈസ് പ്രസിഡന്റ് – സിമി തേവടിയിൽ, കൂടത്തായി
ജസ്റ്റിൻ സൈമൺ, പുന്നക്കൽ
സെക്രട്ടറി – അമൃത ജോസ്, കോടഞ്ചേരി
നോബി മാനുവൽ, മരഞ്ചാട്ടി
സംസ്ഥാന സിൻഡിക്കേറ്റ് അംഗങ്ങൾ
ടിബിൻ അഗസ്റ്റിൻ, മൈലെള്ളാംപാറ
ലിമിന ജോർജ്, കൂമംകുളം

സംസ്ഥാന സെനറ്റ് അംഗങ്ങൾ റിചാൾഡ് ജോൺ, പൂഴിത്തോട്
ലെറ്റിഷ്യ ജോഷി, പെരിന്തൽമണ്ണ
ട്രഷറർ – സെബിൻ സണ്ണി, മഞ്ഞുവയൽ

## കോവിഡ് മൃതസംസ്കാരം

രൂപത ടാസ്ക് ഫോഴ്സിന്റെ നേതൃത്വത്തിൽ വേനപ്പാറ, തിരുവമ്പാടി ഇടവകകളിൽ കോവിഡ് 19 മൂലം മരണപെട്ട വ്യക്തികളുടെ മൃതസംസ്കാരം നടത്തി. രൂപതാ വൈസ് പ്രസിഡണ്ട് ജസ്റ്റിൻ സൈമൺ, തിരുവമ്പാടി മേഖല പ്രസിഡണ്ട് ഡോണസ് എന്നിവരുടെ നേതൃത്വത്തിൽ തിരുവമ്പാടി, തോട്ടുമുക്കം മേഖല ടാസ്ക് ഫോഴ്സ് അംഗങ്ങളാണ് മൃതസംസ്കാരം നടത്തിയത്.

## Vox Populi, ജനഹിതം തേടി കെ സി വൈ എം

ആനുകാലിക വിഷയങ്ങളിൽ പൊതുജന അഭിപ്രായങ്ങൾ തേടി KCYM താമരശ്ശേരി രൂപതയുടെ പുത്തൻ ചുവട് വെപ്പ്.

ഓരോ വിഷയങ്ങളിലും സാധാരണക്കാർക്ക് എന്താണ് പറയാനുള്ളതെന്ന് മനസിലാക്കി അത് ചർച്ച ചെയ്യുകയാണ് 'Vox Populi' എന്ന ക്യാമ്പയിനിലൂടെ. 2021 ഫെബ്രുവരി 19 ന് കുതിച്ചു ഉയരുന്ന പെട്രോൾ വിലക്കെതിരെ പൊതുജന അഭിപ്രായം വിലയിരുത്തി vox populi ക്ക് തുടക്കം കുറിച്ചു.

## Metanoia നോമ്പുകാലം വിശുദ്ധീകരണം

50 നോമ്പ് കൂടുതൽ വിശുദ്ധി നിറഞ്ഞതും പ്രാത്ഥന നിർഭരവും ആക്കുന്നതിന്റെ ഭാഗമായി kcym spiritual team ന്റെ നേതൃത്വത്തിൽ 'Metanoia' എന്ന പേരിലുള്ള നിയോഗ പ്രാത്ഥനയിൽ എല്ലാ ദിവസവും യുവജനങ്ങൾ പങ്കു ചേർന്ന് തങ്ങൾക്കു വേണ്ടിയും ലോകം മുഴുവനും വേണ്ടി പ്രാത്ഥിക്കുന്നു

## സംസ്ഥാന വാർഷിക സെനറ്റ്

സംസ്ഥാന വാർഷിക സെനറ്റ് സമ്മേളനം പി.ഒ.സി. യിൽ വെച്ച് ജനുവരി 30,31 തീയതികളിൽ നടത്തപെട്ടു. രൂപതാ ഡയറക്ടർ ഫാ. ജോർജ് വെള്ളയ്ക്കാക്കുടി, ജനറൽ സെക്രട്ടറി അഭിലാഷ് കുടിപ്പാറ, സംസ്ഥാന സെനറ്റ് മെമ്പർ ടിബിൻ അഗസ്റ്റിൻ, സിൻഡിക്കേറ്റ് മെമ്പർമാരായ തേജസ് മാത്യു, ലിമിന ജോർജ് തുടങ്ങിയവർ പങ്കെടുത്തു.

## പെട്രോൾ വിലവർധനവിന് എതിരെ പ്രതിഷേധ സമരങ്ങൾ

ദിനം പ്രതി വർദ്ധിച്ചുവരുന്ന ഇന്ധനവില വർധനവിനെതിരെ യൂണിറ്റ് / മേഖല കേന്ദ്രങ്ങളിൽ പ്രതിഷേധസംഗമങ്ങൾ സംഘടിപ്പിച്ചു. പാറോപ്പടി, തിരുവമ്പാടി മേഖലകൾ, മഞ്ഞുവയൽ യൂണിറ്റ് എന്നിവയുടെ നേതൃത്വത്തിൽ പ്രതിഷേധ യോഗങ്ങൾ നടത്തി.

## You awake - Awareness Campaign, തോട്ടുമുക്കം മേഖല

കെ സി വൈ എം തോട്ടുമുക്കം മേഖലയുടെ നേതൃത്വത്തിൽ 2021 ഫെബ്രുവരി 21 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 1.30ന് മരഞ്ചാട്ടി പാരിഷ് ഹാളിൽ വെച്ച് you awake സമകാലീന സംഭവങ്ങളെകുറിച്ചുള്ള ബോധവൽക്കരണ സംഗമം സംഘടിപ്പിച്ചു. കെ സി വൈ എം താമരശ്ശേരി രൂപത ജനറൽ സെക്രട്ടറി അഭിലാഷ് കുടിപ്പാറ ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

ഈ കാലഘട്ടത്തിൽ പെൺകുട്ടികൾക്ക് നേരെയുള്ള അതിക്രമങ്ങൾ ബോധ്യപ്പെടുത്തുന്നതിനായി, കെ സി വൈ എം താമരശ്ശേരി രൂപത ഡയറക്ടർ ഫാ. ജോർജ് വെള്ളക്കകുടിയിൽ, സി. ജിനു എന്നിവർ മേഖലയിലെ പെൺകുട്ടികൾക്കും ആനിമേറ്റേഴ്സ് സിസ്റ്റേഴ്സിനും ക്ലാസ്സ് എടുത്തു. എഴുപതോളം മേഖല പ്രതിനിധികളായ പെൺകുട്ടികൾ പങ്കെടുത്തു. സംഗമത്തിൽ കെ സി വൈ എം തോട്ടുമുക്കം മേഖല ഡയറക്ടർ ഫാ. ജോജോ ഇടക്കട്ടിൽ, അധ്യക്ഷസ്ഥാനം അലങ്കരിക്കുകയും കെ സി വൈ എം തോട്ടുമുക്കം മേഖല പ്രസിഡന്റ് നിതിൻ പുലക്കുടിയിൽ സ്വാഗതം ആശംസിക്കുകയും ചെയ്തു. കെ സി വൈ എം തോട്ടുമുക്കം മേഖല അനിമേറ്റർ സി. മെർളിൻ SABS, കെ സി വൈ എം താമരശ്ശേരി രൂപത സെക്രട്ടറി നോബി മാനുവൽ എന്നിവർ ആശംസകൾ അർപ്പിക്കുകയും കെ സി വൈ എം തോട്ടുമുക്കം മേഖല സെക്രട്ടറി അലൻ ബിജു നന്ദി അർപ്പിച്ചു സംസാരിക്കുകയും ചെയ്തു.

### 2021 മേഖല ഭാരവാഹികൾ

#### വിലങ്ങാട് മേഖല

ഡയറക്ടർ : ഫാ. ലിൻസ് മുണ്ടക്കൽ
ആനിമേറ്റർ : സി. റോസീൻ SABS
പ്രസിഡന്റ് : അരുൺ ജോഷി കുന്നത്തേട്ട്
സെക്രട്ടറി : ജോബിൻ ജയിംസ് കൊച്ചുമാണിപ്പറമ്പിൽ
വൈസ്. പ്രസിഡന്റ് : അതുല്യ ജോർജ് വട്ടോത്തുകുന്നേൽ
ജോ. സെക്രട്ടറി : അഞ്ചു ജോസഫ് മഴുവഞ്ചേരി
ട്രഷറർ : എബി എസ്. അമ്പാട്ട്
രൂപത പ്രതിനിധികൾ : ഷെറിൽ കണിറാകത്ത്
അതുല്യ ജോർജ് വട്ടോത്തുകുന്നേൽ, അഭിലാഷ് കുടിപ്പാറ

#### തോട്ടുമുക്കം മേഖല

ഡയറക്ടർ : ഫാ. ജോജോ ഇടക്കാട്ടിൽ
ആനിമേറ്റർ : സി. മെർലിൻ SABS
പ്രസിഡന്റ് : നിതിൻ പുലക്കുടിയിൽ
സെക്രട്ടറി : അലൻ ബിജു
വൈസ്. പ്രസിഡന്റ് : അമ്പിളി ചാക്കോ മുല്ലത്താനത്ത്

ജോ. സെക്രട്ടറി : അമെന്റാ ഷാജി
ട്രഷറർ : ലിന്റോ വി തോമസ്
രൂപത പ്രതിനിധികൾ : നോബി മാനുവൽ, ജിനു അബ്രഹാം
അമ്പിളി ചാക്കോ മുല്ലത്താനത്ത്, നിതിൻ പുലക്കുടിയിൽ

## തിരുവമ്പാടി മേഖല

ഡയറക്ടർ : ഫാ . അലക്സ് പനച്ചിക്കൽ
ആനിമേറ്റർ : സി . അൻസ ടോം SH
പ്രസിഡന്റ് : ഡോണസ് മുണ്ടക്കൽ
സെക്രട്ടറി : ആൽബിൻ പാലക്കൽ
വൈസ്. പ്രസിഡന്റ് : ജോസ്ന നിരപ്പത്ത്
ജോ. സെക്രട്ടറി : അഞ്ജലി കോഴിപ്പാടത്ത്
ട്രഷറർ : അമൽ കോക്കാപ്പിള്ളിൽ
രൂപത പ്രതിനിധികൾ : ജസ്റ്റിൻ തൂമുള്ളിൽ
ഒലീവിയ മ്ലാവുകണ്ടത്തിൽ, അമൽ പൈക്കാട്ട്, സുബിൻ തയ്യിൽ

## പാറോപ്പടി മേഖല

ഡയറക്ടർ : ഫാ. സായി കുര്യൻ പാറൻകുളങ്ങര
ആനിമേറ്റർ : സി. എലൈസ്
പ്രസിഡന്റ് : എനോഷ് കുണ്ടായിത്തോട്
വൈസ്. പ്രസിഡന്റ് : മേഘ അശോകപുരം
സെക്രട്ടറി : അലോഷ്യസ് ഈസ്റ്റ് ഹിൽ
ജോ. സെക്രട്ടറി : മഞ്ജുഷ കുന്നമംഗലം
ട്രഷർ : ജേക്കബ് പറോപ്പാടി
രൂപതാ പ്രതിനിധികൾ : മഞ്ജുഷ കുന്നമംഗലം, ജസ്വിൻ പാറോപ്പടി,
വിപിൻ ചേവായൂർ

## പെരിന്തൽമണ്ണ മേഖല

ഡയറക്ടർ : ഫാ. മനോജ് കൊച്ചുമുറിയിൽ
ആനിമേറ്റർ : സി. കൊച്ചുറാണി ജോസഫ് SKD
പ്രസിഡന്റ് : സ്റ്റെഫിൻ സെബാസ്റ്റ്യൻ, ആനിക്കൽ
സെക്രട്ടറി : സാവിയോ വിജീഷ്, ഇരവിമംഗലം
വൈസ്. പ്രസിഡന്റ് : ലെറ്റീഷ്യ ജോഷി, പൊറുത്തൂർ
ജോ. സെക്രട്ടറി : ആഷ്‌ലി തെരേസ മാത്യു, കൊല്ലറുക്കുന്നേൽ
ട്രഷറർ : സജിൻ ആന്റണി, കണ്ണംപള്ളിയിൽ
രൂപത പ്രതിനിധികൾ : ലെറ്റീഷ്യ ജോഷി പൊറുത്തൂർ, ജിബിൻ ജെയിംസ് കാവുങ്കൽ
, ആഷ്‌ലി തെരേസ മാത്യു, കൊല്ലറുക്കുന്നേൽ

## കോടഞ്ചേരി മേഖല

ഡയറക്ടർ : ഫാ. മാത്യു തൂമുള്ളിയിൽ
ആനിമേറ്റർ : സി. ഹെലൻ FCC
പ്രസിഡന്റ് : ആൽബിൻ ജോസ്
വൈസ് പ്രസിഡന്റ് : ലിന്റ മാത്യു
സെക്രട്ടറി : ജെഫിൻ ജോർജ്
ജോയിന്റ് സെക്രട്ടറി : ആഷ്ലി സാംസൺ
ട്രഷറർ : സെബിൻ സണ്ണി
രൂപത പ്രതിനിധികൾ : അമൃത ജോസ്, സിന്റില കാരികുഴിയിൽ,
സെബിൻ സണ്ണി, അനുപ്രിയ മാത്യു

## താമരശ്ശേരി മേഖല

ഡയറക്ടർ : ഫാ. തോമസ് കടപ്ലാക്കൽ
അനിമേറ്റർ : സി. ദീപ റോസ് S. A. B.S
പ്രസിഡന്റ് : ഡേവീസ് മാത്യു, തറയിൽ
സെക്രട്ടറി : മാക്സവെൽ മാത്യു, വരകിൽ
വൈസ്. പ്രസിഡന്റ് : അലീന മാത്യു, ചെട്ടിപറമ്പിൽ
ജോ. സെക്രട്ടറി : ആശ സണ്ണി പ്ലാത്തോട്ടത്തിൽ
ട്രഷറർ : എഡ്വിൻ വിൽസൺ , ചിറ്റാട്ടുവടക്കേൽ
രൂപത പ്രതിനിധികൾ : സിമി ആന്റണി, ടിബിൻ ആഗസ്റ്റിൻ ,

അലീന മാത്യു

## കൂരാച്ചുണ്ട് മേഖല

ഡയറക്ടർ : ഫാ. ജിബിൻ വാമറ്റം
ആനിമേറ്റർ : സി. വീനിത FCC
പ്രസിഡന്റ് : ജോയൽ കുര്യൻ കൊക്കപ്പുഴ
സെക്രട്ടറി : രഞ്ജിൻ ജോസഫ് നെല്ലിയകുന്നേൽ
വൈസ്. പ്രസിഡന്റ് : അലോമി ജോൺസൺ താന്നിക്കൽ
ജോ. സെക്രട്ടറി : അലന്റ അബ്രാഹം കുംബ്ലാനിക്കൽ
ട്രഷറർ : സുബിൻ സജി കൊച്ചുവീട്ടിൽ
രൂപത പ്രതിനിധികൾ : ഷാലു തോമസ് അരീപ്പറമ്പിൽ,
അതുല്യ ബെന്നി കൊച്ചുവീട്ടിൽ, അതുൽ ബേബി ഇമ്മാനുവേൽ,

മനു മുള്ളനാനിക്കൽ

## മലപ്പുറം മേഖല

ഡയറക്ടർ : ഫാ. ആഗസ്റ്റിൻ മച്ചുകുഴിയിൽ
അനിമേറ്റർ : സി. ലിനറ്റ് SABS

പ്രസിഡന്റ് : ഓജസ് മാത്യു കറുകയിൽ
സെക്രട്ടറി : നേഹ ആൻ മാത്യു വെട്ടുകല്ലേൽ
വൈസ്. പ്രസിഡന്റ് : റോസ്മേരി രാജു കളത്തൂർ
ജോ. സെക്രട്ടറി : നീനു പുരിയോട്
ട്രഷറർ : ഹൃദിൻ ജോയ് മുണ്ടുപ്ലാക്കൽ
രൂപത പ്രതിനിധികൾ : അലീഷ ഷാജി, വിപിൻ രാജു, ഹൃദിൻ ജോയ്
ലിമിന ജോർജ്, തേജസ് മാത്യു കറുകയിൽ (എക്സ് ഒഫീഷ്യോ മെമ്പർ)

### കരുവാരകുണ്ട് മേഖല

ഡയറക്ടർ : ഫാ. ബോബി പൂവതിങ്കൾ
അനിമേറ്റർ : സി. പ്രീതി
പ്രസിഡന്റ് : അലൻ കോതോളിൽ
സെക്രട്ടറി : അലൻ തോമസ്
വൈസ്.പ്രസിഡന്റ് : അക്ഷര മാത്യു
ജോ. സെക്രട്ടറി : ലിയ മരിയ
ട്രഷറർ : ഷിന്റോ തോമസ്
രൂപത പ്രതിനിധികൾ : ആൽബിൻ തോമസ്, അലൻ തോമസ്

### മരുതോങ്കര മേഖല

ഡയറക്ടർ : ഫാ. അരുൺ വടക്കേൽ
അനിമേറ്റർ : സി. ക്ലാരിസ് MSMI
പ്രസിഡന്റ് : എബി ജോസ്
സെക്രട്ടറി : മെൽറ്റോ മാത്യു
വൈസ്. പ്രസിഡന്റ് : മേഘന സജീവ്
ജോ. സെക്രട്ടറി : അലന്റ മാത്യു
ട്രഷറർ : ജിതിൻ ജെയിംസ്
രൂപത പ്രതിനിധികൾ : റിചാൾഡ് ജോൺ, വിശാഖ് തോമസ്, ജിബിൻ, ബിന്നി

**'ബോധിത' വനിതാദിന സംഗമം**

അന്താരാഷ്ട്ര വനിത ദിനത്തോടനുബന്ധിച്ചു താമരശ്ശേരി രൂപത കെ.സി.വൈ.എം. ന്റെ നേതൃത്വത്തിൽ മാർച്ച് 7 ന് താമരശ്ശേരി മാർ മങ്കുഴിക്കരി പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തിയ 'ബോധിത'വനിത സംഗമം മഞ്ചേരി മുൻസിപ്പൽ വൈസ് ചെയർ പോഴ്സൻ അഡ്വ. ബീന ജോസഫ് ഉദ്ഘാടനം ചെയ്തു. രൂപത വൈസ് പ്രസിഡന്റ് സിമി തേവടിയിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ ചലച്ചിത്ര പിന്നണി ഗായികയും പുല്ലൂരാംപാറ ഇടവകാംഗവുമായ നിയ ചാർലി മുഖ്യാതിഥിയായിരുന്നു. പ്രസ്തുതചട ങ്ങിൽ രൂപത ആനിമേറ്റർ സി. ഷാർലറ്റ് റോസ് സി.എം.സി. ആമുഖ പ്രഭാഷണം നട ത്തി. രൂപത ഡയറക്ടർ ഫാ. ജോർജ്ജ് വെള്ളയ്ക്കാക്കുടിയിൽ, രൂപത പ്രസിഡന്റ്

വിശാഖ് തോമസ്സ്, ലെറ്റിഷ ജോഷി, ലിമിന ജോർജ്ജ്, അമൃത ജോസ്, മഞ്ജുഷ റോസ്, എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. എല്ലാ മേഖലകളിൽ നിന്നും ആയി നൂറോളം വനിതകൾ പങ്കുടുത്തു.

## 'പ്രവർത്തനവർഷ ഉദ്ഘാടനവും കർമ്മ പദ്ധതി പ്രകാശനവും'

കെ.സി.വൈ.എം താമരശ്ശേരി രൂപതയുടെ 2021 പ്രവർത്തന സമിതിയുടെ പ്രഥമ സമ്മേളനം രൂപത ഓഫീസിൽ വച്ച് മാർച്ച് 7 ന് നടത്തുകയും സമിതി അംഗങ്ങൾ രൂപത അധ്യക്ഷനെ സന്ദർശിച്ച് അനുഗ്രഹ ആശീർവാദം സ്വീകരിക്കുകയും ചെയ്തു. പ്രസ്തുത യോഗത്തിൽ, 2021 ലെ കർമ്മ പദ്ധതിയായ യുവദർശനം അഭിവന്ദ്യ പിതാവ് പ്രകാശനം ചെയ്തു. രൂപത ഡയറക്ടർ ഫാ. ജോർജ് വെള്ളയാംകുടിയിൽ, രൂപത പ്രസിഡന്റ് വിശാഖ് തോമസ്, ജനറൽ സെക്രട്ടറി അഭിലാഷ് കുടിപ്പാറ, ആനിമേറ്റർ സി. ഷാർലെറ്റ് റോസ് സി.എം.സി, മറ്റ് രൂപതാ സമിതി അംഗങ്ങളും പങ്കെടുത്തു.

## MTPACT ഭേദഗതി ബില്ലിനെതിരെ കെ.സി.വൈ.എം. ന്റെ ശക്തമായ പ്രതിഷേധം

24 ആഴ്ച പ്രായമായ ഭ്രൂണത്തെയും ഗർഭചിത്രം നടത്താമെന്ന കേന്ദ്ര സർക്കാർ ബില്ലിനെതിരേ കെ.സി.വൈ.എം. താമരശ്ശേരി രൂപത ശക്തമായ നിലപാട് സ്വീകരിച്ചു. ആന്തരാവയവങ്ങളും ശരീരഭാഗങ്ങളും രൂപപ്പെട്ട അവസ്ഥയിൽ ഉള്ള ഭ്രൂണത്തെ ഗർഭ ഛിദ്രം നടത്തുന്നത് കൊലപാതകത്തിന് തുല്യമാണെന്നും ഈ ബില്ലിലൂടെ നിരപരാധികളായ കുഞ്ഞുങ്ങളുടെ കൊലപാതകത്തിനു സർക്കാർ കൂട്ട് നിൽക്കുകയാണെന്നും കെ.സി.വൈ.എം. രൂപത സമിതി ആരോപിച്ചു. രൂപത പ്രസിഡന്റ് വിശാഖ് തോമസ് അധ്യക്ഷത വഹിച്ച യോഗത്തിൽ രൂപത ഡയറക്ടർ ഫാ. ജോർജ് വെള്ളയ്ക്കാക്കുടിയിൽ, രൂപത ജനറൽ സെക്രട്ടറി അഭിലാഷ് കുടിപ്പാറ, വൈസ് പ്രസിഡന്റ് സിമി ആന്റണി, സംസ്ഥാന സെനറ്റ് മെമ്പർ റീചാൾഡ് ജോൺ തുടങ്ങിയവർ സംസാരിച്ചു.

## ടാക്സ് ഫോഴ്സ് – മികച്ച മേഖല വിലങ്ങാട്

സന്നദ്ധ സേവനത്തിനായി കെസിവൈഎം സംസ്ഥാന സമിതിയുടെ അവൻ അപ്രകാരം ആരംഭിച്ച ടാസ്ക് ഫോഴ്സ് രൂപതയിലെ എല്ലാ മേഖലകളിലും രൂപീകരിച്ചിരുന്നു. കഴിഞ്ഞ കൊറോണ രോഗത്തിന്റെ വ്യാപന സമയത്തും കൊറോണ കാലഘട്ടത്തിലെ മഴക്കെടുതികളുടെ സമയത്തും  മികച്ച പ്രവർത്തനം കാഴ്ചവച്ച വിലങ്ങാട് മേഖലാ ടാസ്ക് ഫോഴ്സിനെ മികച്ച മേഖലയായി തെരഞ്ഞെടുത്തിരിക്കുന്നു. മേഖല ഡയറക്ടർ ഫാ. ലിൻസിനും മെമ്പേഴ്സിനും അഭിനന്ദനങ്ങൾ.

## സി.ഒ.ഡി യിൽ നിന്നുംആദരം ഏറ്റുവാങ്ങി

കോവിഡ് കാലത്തെ മികച്ച സേവനത്തിന് കെ സി വൈ എം യുവജനങ്ങൾ രൂപതയുടെ സോഷ്യൽ സർവീസ് ഡിപ്പാർട്ട്മെന്റിൽ (സിഒഡി) നിന്നും ആദരം ഏറ്റുവാങ്ങി. കോവിഡ് കാലത്തെ മൃതദേഹ സംസ്കാരങ്ങൽ, ടാസ്ക് ഫോഴ്സ് പ്രവർത്തനം മറ്റു സാമൂഹിക പ്രവർത്തനങ്ങൾ എന്നിവ പരിഗണിച്ചാണ് യുവജനങ്ങളെ ആദരിച്ചത്.

രൂപതാ ഡയറക്ടർ ഫാ. ജോർജ് വെള്ളയ്ക്കാക്കുടിയിൽ രൂപത ജനറൽ സെക്രട്ടറി അഭിലാഷ് കുടിപ്പാറ, തിരുവമ്പാടി മേഖലാ പ്രസിഡന്റ് ശ്രീ. ഡോണസ് മുണ്ടക്കൽ, വിലങ്ങാട് മേഖലാ പ്രസിഡന്റ് ശ്രീ. അരുൺ എന്നിവരും യുവജന പ്രതിനിധികളും പങ്കെടുത്തു.

### പരീക്ഷ ഒരുക്ക ആരാധനയും സെമിനാറും

ഫെബ്രുവരി 29 ന് കുടിപ്പാറ ഇടവകയിലെ പത്താം ക്ലാസ് പ്ലസ് ടു പരീക്ഷ കൾക്കായി ഒരുങ്ങുന്ന യുവജനങ്ങൾക്കായി പരീക്ഷ ഒരുക്ക ആരാധനയും ബോധ വൽക്കരണ ക്ലാസും വിശുദ്ധ ബലിഅർപ്പണം നടത്തി. പരിപാടിയുടെ ഉദ്ഘാടനം ഇട വക വികാരി ഫാ. റോയി വള്ളിയാംതടത്തിൽ നിർവഹിച്ചു. ഡയറക്ടർ ഫാ. ജോർജ് വെള്ളയ്ക്കാക്കുടിയിൽ പരിപാടിക്ക് നേതൃത്വം നൽകി. താമരശ്ശേരി മേഖല സമിതി യുടെ യൂണിറ്റ് സന്ദർശനവും വിലയിരുത്തലും ഇതോടൊപ്പം നടന്നു. പ്രസിഡന്റ് ഡേവി സ്, അലീന, സിമി എന്നിവർ നേതൃത്വം നൽകി.

### യുവജന ബോധവൽക്കരണ സെമിനാർ

കോടഞ്ചേരി ഇടവക: ഫെബ്രുവരി 29 കോടഞ്ചേരി ഇടവകയിലെ പെൺകുട്ടി കൾക്കും അമ്മമാർക്കും വേണ്ടി ബോധവൽക്കരണ സെമിനാർ നടത്തി. ഈ കാലഘ ട്ടത്തിലെ സോഷ്യൽമീഡിയ- ഫോൺ സംബന്ധമായ അപകടങ്ങളും പ്രണയകുരു ക്കുകളും സൈബർ പ്രശ്നങ്ങളും വ്യക്തമായി അവതരിപ്പിച്ച സെമിനാറിന് സി. ജിനു എം.എസ്. ജെ, ഫാ. ജോർജ് വെള്ളയ്ക്കാക്കുടിയിൽ, ഫാ. സബിൻ തൂമുള്ളിൽ എന്നി വർ നേതൃത്വം നൽകി. ഏകദേശം നാനൂറോളം പേർ പങ്കെടുത്തു.

### ജോസഫിന്റെ സ്വർഗ്ഗരാജ്യം തിരുവമ്പാടി ഇടവക

തിരുവമ്പാടി ഇടവക കെസിവൈഎം ന്റെ നേതൃത്വത്തിൽ വിശുദ്ധ യൗസേപ്പി താവിന്റെ തിരുനാളിനോടനുബന്ധിച്ച് 'ജോസഫിന്റെ സ്വർഗ്ഗരാജ്യം' എന്ന പേരിൽ സ്റ്റാറ്റസ് വീഡിയോസ് ക്രമീകരിച്ച് സോഷ്യൽമീഡിയ വഴി സംപ്രേഷണം ചെയ്തു. മേഖല ഡയറക്ടർ തിരുവമ്പാടി അസിസ്റ്റന്റ് വകാരിയുമായ ഫാ. ബിജോ പനച്ചിക്കൽ നേതൃത്വം നൽകുന്നു.

### PATRIS CORDE – പാറോപ്പടി യൂണിറ്റ്

50 നോമ്പിനോട് അനുബന്ധിച്ച് പാറോപ്പടി ഇടവക കെ സി വൈ എം യുവജന ങ്ങളുടെ നേതൃത്വത്തിൽ വിശുദ്ധ യൗസേപ്പിതാവിന്റെ വർഷത്തോടനുബന്ധിച്ച്

PATRIS CORDE - With a Father's Heart യൂട്യൂബ് സന്ദേശങ്ങൾ തയ്യാറാക്കി സംപ്രേഷണം ചെയ്തു.

### പരീക്ഷ ഒരുക്ക സെമിനാർ

കോടഞ്ചേരി ഫൊറോനയുടെ ആതിഥേയത്വത്തിൽ മാർച്ച് 27 ന് കോടഞ്ചേരി സെന്റ് മേരീസ് ഫൊറോന പള്ളിയിൽ വച്ച് പരീക്ഷ ഒരുക്ക സെമിനാർ നടത്തി.

മലബാർ റീജിയൺ നേതൃസംഗമം മാർച്ച് 20 ന് മാനന്തവാടിയിൽ വച്ചും ഡയറക്ടേഴ്സ് & ആനിമേറ്റഴ്സ് മീറ്റ് "ആത്മ" 2021 മാർച്ച് 22 കോട്ടയത്ത് വച്ചും നടത്തപ്പെട്ടു.

4 നിലപാടു വണ്ടി – നിയമസഭ ഇലക്ഷനോട് അനുബന്ധിച്ച് ക്രൈസ്തവ സമുദായത്തിന്റെ നിലപാടുകൾ വ്യക്തിമാക്കിക്കൊണ്ടും പ്രാദേശിക പ്രശ്നങ്ങളെ അവതരിപ്പിച്ചുകൊണ്ടും മുക്കം, കൂടരഞ്ഞി, താമരശ്ശേരി, തിരുവമ്പാടി, പുല്ലൂരാംപാറ, കോടഞ്ചേരി ടൗണുകളിൽ അരമണിക്കൂർ നീളുന്ന ഫ്ളാഷ് മോബ്– തെരുവ് നാടകവും ജനാഭിപ്രായസർവേയും നടത്തുന്നു.

**ഫാ. ജോർജ്ജ് വെള്ളയ്ക്കാക്കുടിയിൽ**
ഡയറക്ടർ, കെ.സി.വൈ.എം

# ലിറ്റർജി കമ്മീഷൻ

**മർഗാനീസ ആരാധനക്രമത്തെക്കുറിച്ചുള്ള ഓൺലൈൻ ക്ലാസ്സുകൾ**

താമരശ്ശേരി രൂപത മാർ അപ്രേം ലിറ്റർജിക്കൽ അക്കാദമിയുടെ നേതൃത്വത്തിൽ 'മർഗാനീസ' എന്ന പേരിൽ നടത്തുന്ന ആരാധനക്രമത്തെക്കുറിച്ചുള്ള ഓൺലൈൻ ക്ലാസുകൾ എല്ലാ മാസവും രണ്ടാമത്തെയും നാലാമത്തെയും ശനിയാഴ്ച നടക്കുന്നു. വൈകിട്ട് 8.30 മുതൽ 9.30 വരെയാണ് ഈ ക്ലാസ്സുകൾ നടക്കുന്നത്.

'ആരാധനക്രമവും ആരാധനക്രമ പാരമ്പര്യങ്ങളും' എന്ന വിഷയത്തെ ആസ്പദമാക്കി പാലാ രൂപതാംഗവും വിവിധ സെമിനാരികളിൽ അധ്യാപകനുമായ ബഹു. ജോസഫ് കുറ്റിയാങ്കൽ അച്ചൻ മാർച്ച് 13 ന് ക്ലാസ്സ് നയിച്ചു. മാർച്ച് 27 ന് നടത്തിയ ക്ലാസ്സിൽ അദ്ദേഹം അവതരിപ്പിച്ചത് 'സ്ലീവാ'യുടെ അർത്ഥം വിശുദ്ധ കുർബാനയിൽ' എന്ന വിഷയം ആയിരുന്നു. സീറോമലബാർ സഭയിലെ വിവിധ രൂപതകളിൽ നിന്നുള്ള 150 ഓളം പേർ സൂം മീറ്റിലൂടെ ക്ലാസ്സിൽ സംബന്ധിച്ചു.

വിശുദ്ധ കുർബാനയാകുന്ന രഹസ്യത്തെക്കുറിച്ചും സീറോ മലബാർ കുർബാനയുടെ ചരിത്ര ദൈവശാസ്ത്ര വശങ്ങളെക്കുറിച്ചുമുള്ള ആഴത്തിലുള്ള പഠനം ആണ് ഈ ക്ലാസ്സുകളിലൂടെ ഉദ്ദേശിക്കുന്നത്.

താത്പര്യമുള്ളവർക്ക് 9446261682 എന്ന വാട്സ്ആപ്പ് നമ്പറിൽ പേര്, വീട്ടുപേര്, ഇടവക, രൂപത, ഇമെയിൽ അഡ്രസ്സ് എന്നിവ രജിസ്റ്റർ ചെയ്യാവുന്നതാണ്. ക്ലാസ്സുകൾ സൗജന്യമാണ്. പങ്കെടുക്കുന്നവർക്ക് സംശയങ്ങൾ ചോദിക്കാനുള്ള അവസരവും ഉണ്ട്.

ഈ ക്ലാസ്സിന് വേണ്ട എല്ലാ സാങ്കേതിക സഹായങ്ങളും ചെയ്തു തരുന്ന പി. എം.ഒ.സി ഡയറക്ടർ ഡോ. ജോസഫ് കളരിക്കൽ, ഡോ. കുര്യൻ പുരമഠത്തിൽ, റിജോ കൂത്രപ്പള്ളി, ജോബി തെക്കേക്കര എന്നിവർക്ക് പ്രത്യേകം നന്ദി അറിയിക്കുന്നു.

## 'സുറിയാനി ഭാഷാ പൈതൃക പഠന ക്ലാസ്സ്'

താമരശ്ശേരി രൂപത ലിറ്റർജി കമ്മീഷന്റെ നേതൃത്വത്തിലുള്ള മാർ കരിയാറ്റിൽ സുറിയാനി അക്കാദമിയുടെ സുറിയാനി ഭാഷാ പൈതൃക പഠന ക്ലാസ്സ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നു. ഈ ക്ലാസ്സിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള 118 പേരാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

സുറിയാനി സഭാപിതാക്കന്മാരെക്കുറിച്ചുള്ള പഠനത്തിൽ പാരീസ് സർവ്വകലാശാലയിൽ നിന്ന് ഡോക്ടറേറ്റ് നേടിയ ഡോ. മാത്യു കുളത്തിങ്കലാണ് ക്ലാസ് നയിക്കുന്നത്. എല്ലാ ഞായറാഴ്ചയും ഉച്ചകഴിഞ്ഞ് 3 മണി മുതൽ 4 മണി വരെ ഗൂഗിൾ മീറ്റിലൂടെയാണ് ക്ലാസ് നടത്തുന്നത്.

ഈ ക്ലാസിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർക്ക് 8281346179 എന്ന ഫോൺ നമ്പറിൽ പേര്, വീട്ടുപേര്, ഇടവക, രൂപത എന്നിവ രജിസ്റ്റർ ചെയ്യാവുന്നതാണ്.

**ഫാ. ജോസഫ് കളത്തിൽ**
കൺവീനർ, ലിറ്റർജി കമ്മീഷൻ

# മാതൃവേദി

മാതൃവേദിയുടെ മാർച്ച് മാസത്തിലെ പഠന വിഷയം സീറോ മലബാർ മാതൃവേദിയും അമ്മമാരും എന്നതാണ്. മാതൃവേദിയുടെ നിയമാവലിയും, ആന്തവും പഠിക്കുവാനും യൂണിറ്റ് തല പ്രവർത്തനങ്ങൾ സജീവമാക്കുവാനും അംഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കുന്നു.

## രൂപതാ പ്രവർത്തന വർഷ ഉദ്ഘാടനവും സമ്മാനദാനവും

സീറോ മലബാർ മാതൃവേദിയുടെ രൂപതാതല പ്രവർത്തന വർഷ ഉദ്ഘാടനം മാർച്ച് 13ന് ബിഷപ്പ് മാർ മങ്കുഴിക്കരി മെമ്മോറിയൽ പാസ്റ്ററൽ സെന്ററിൽ വച്ച് നടന്നു. അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് ഉദ്ഘാടനം നിർവ്വഹിച്ച് സന്ദേശം നൽകി, 2020 പ്രവർത്തന വർഷം നടത്തിയ മത്സരങ്ങളുടെ സമ്മാനദാനവും പിതാവ് നിർവ്വഹിച്ചു. രൂപതാ പ്രസിഡൻറ് ദീപ റെജി അദ്ധ്യക്ഷയായിരുന്ന യോഗത്തിൽ ഡയറക്ടർ സ്വാഗതവും ആനിയമ്മ തോമസ് നന്ദിയും പറഞ്ഞു. സെക്രട്ടറി ട്രീസ

സെബാസ്റ്റ്യൻ റിപ്പോർട്ട് അവതരിപ്പിച്ചു. അസി. ഡയറക്ടർമാരായ ഫാ. തോമസ് മല പ്രവനാൽ, ഫാ. ജോസഫ് ചിറതലക്കൽ എന്നിവർ ആശംസകൾ അർപ്പിച്ചു. രൂപതാ ഭാരവാഹികൾ നേതൃത്വം നൽകി.

## നല്ലിടയൻ പദ്ധതി

മാർച്ച് 13ന് നല്ലിടയൻ പദ്ധതിക്കും തുടക്കം കുറിച്ചു .മാതൃവേദി, മദ്യവിരുദ്ധ സമിതി, കുടുംബ കൂട്ടായ്മ എന്നിവ സംയുക്തമായി ആസൂത്രണം ചെയ്യുന്ന ഈ പദ്ധതി ഗുണഭോക്താവിന് ആടിനെ കൈമാറിക്കൊണ്ട് അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് ഉദ്ഘാടനം ചെയ്തു.

## വനിതാ ദിനം ആചരിച്ചു

**വെബിനാർ:** 'ക്രിസ്തീയ കുടുംബങ്ങളിൽ സ്ത്രീകൾക്കുള്ള സ്ഥാനവും അനുബന്ധ നിയമങ്ങളും' എന്ന വിഷയത്തിൽ അഡ്വ. ബീന ജോസഫ് ക്ലാസ്സ് നയിച്ചു.

## ടാലൻറ് ടാസ്ക്

മാതൃവേദിയുടെ രൂപതാ, മേഖലാ, യൂണിറ്റ് ഭാരവാഹികൾക്കായി ജീവിതത്തിൽ ഏറ്റവും ആദരിക്കുന്ന വനിതയെ രണ്ട് മിനിറ്റ് വീഡിയോ അവതരണത്തിലൂടെ പരിചയപ്പെടുത്തുന്ന 'ടാലന്റ് ടാസ്ക് ' മത്സരം നടത്തി.

മേഖലാ, ഇടവകാ തലങ്ങളിൽ യോഗങ്ങൾ ചേർന്നും, കേക്ക് മുറിക്കൽ, ആദരിക്കൽ, അനുഭവങ്ങൾ പങ്കുവയ്ക്കൽ, ക്ലാസ്സുകൾ, മത്സരങ്ങൾ തുടങ്ങി വൈവിധ്യമാർന്ന പരിപാടികളോടെ വനിതാ ദിനം ആഘോഷിച്ചു.

## കാരുണ്യ സ്പർശം

രൂപതാ ഭാരവാഹികൾ വിലങ്ങാട് ദുരന്തബാധിതരെ സന്ദർശിക്കുകയും ഗൃഹോപകരണങ്ങൾ വാങ്ങുവാനായി അമ്മമാർ സമാഹരിച്ച തുക കൈമാറുകയും കൂടാതെ കൂരാച്ചുണ്ട് ഇടവകയിലെ നിർദ്ധന യുവതിക്ക് വിവാഹ സഹായം നലകുകയും ചെയ്തു.

## അന്തർദേശീയ ജനറൽ ബോഡി യോഗം

മാർച്ച് 5ന് സൂം മീറ്റിംഗായി നടന്ന അന്തർദേശീയ മാതൃവേദി ജനറൽ ബോഡി യോഗത്തിൽ രൂപതാ ഭാരവാഹികളും സെനറ്റ് അംഗങ്ങളും പങ്കെടുത്തു.

## മേഖലാതല പ്രവർത്തനം

തോട്ടുമുക്കം മേഖലയുടെ സംഗമവും പ്രവർത്തന വർഷ ഉദ്ഘാടനവും സമ്മാനദാനവും മാർച്ച് 3ന് നടന്നു.പെരിന്തൽമണ്ണ മേഖലയുടെ മാനേജിംഗ് കമ്മിറ്റി യോഗവും , വനിതാ ദിന ആഘോഷവും ,സമ്മാനദാനവും മാർച്ച് 6ന് നടന്നു.പാലൂർകോട്ട പള്ളി പരിസരത്ത് സാമൂഹിക വിരുദ്ധർ അതിക്രമിച്ച് കടന്നതിനെതിരെ യോഗം പ്രമേയം പാസ്സാക്കി.കരുവാരകുണ്ട് മേഖലയുടെ നേതൃ സംഗമവും, സമ്മാനദാനവും, വനിതാ ദിനാഘോഷവും മാർച്ച് 9ന് നടന്നു.

യൂണിറ്റുകളുടെ നേതൃത്വത്തിൽ വി. യൗസേപ്പിതാവിന്റെ വണക്കമാസം എല്ലാ ഭവനങ്ങളിലും വാട്സ് ആപ്പ് വഴി എത്തിക്കുന്നു. അമ്മമാർ നോമ്പിലെ എല്ലാ വെള്ളിയാഴ്ചയും 3 മണിക്ക് കുരിശിന്റെ വഴി ചൊല്ലി കാഴ്ചവയ്ക്കുന്നു.

'സ്ത്രീകളും തൊഴിൽ സാധ്യതകളും' എന്നതാണ് ഏപ്രിൽ മാസത്തിലെ പഠന വിഷയം. ഇതുമായി ബന്ധപ്പെട്ട് കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് വരുന്നു

**ഫാ. ജേക്കബ് കപ്പലുമാക്കൽ**
ഡയറക്ടർ, മാതൃവേദി

# എ.കെ.സി.സി

## പെട്രോൾ വില വർധനയ്ക്കെതിരെ പ്രതിഷേധം

1. തിരുവമ്പാടി: തിരുവമ്പാടി എ കെ സി സി യൂണിറ്റിന്റെ നേതൃത്വത്തിൽ തിരുവമ്പാടി പള്ളി കുരിശടിയിൽ നിന്നും ബസ് സ്റ്റാൻഡിലേക്ക് വാഹനങ്ങൾ തള്ളിക്കൊണ്ട് പ്രതിഷേധ റാലി സംഘടിപ്പിച്ചു. തുടർന്ന് നടന്ന യോഗം രൂപത ഡയറക്ടർ ഫാ. ജോർജ് വെള്ളയ്ക്കാക്കുടിയിൽ ഉദ്ഘാടനം ചെയ്തു. രൂപത പ്രസിഡണ്ട് ബേബി പെരുമാലിൽ, തിരുവമ്പാടി അസിസ്റ്റന്റ് വികാരി ഫാ. അലക്സ് പനച്ചിക്കൽ, തിരുവമ്പാടി യൂണിറ്റ് പ്രസിഡണ്ട് ബെന്നി കിഴക്കയിൽ തുടങ്ങിയവർ സംസാരിച്ചു.

2. ദേവഗിരി: പെട്രോൾ, ഡീസൽ, ഗ്യാസ് വില വർദ്ധന, കർഷകർനേരിടുന്ന വിവിധ പ്രശ്നങ്ങൾ, കൃഷിഭൂമി വനമാക്കുന്ന നടപടി, കുടിയിറക്ക് ഭീഷണി എന്നിവയിൽ പ്രതിഷേധിച്ചു കൊണ്ടും ഡൽഹിയിൽ സമരം ചെയ്യുന്ന കർഷകർക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചു കൊണ്ടും കത്തോലിക്കാകോൺഗ്രസ് ദേവഗിരി യൂണിറ്റ് മെഡിക്കൽ കോളേജ് ജംഗ്ഷനിൽ നിൽപ്പ് സമരം നടത്തി. ദേവഗിരി പള്ളിയങ്കണത്തിൽ നിന്നും ആരംഭിച്ച ജാഥ ദേവഗിരി സി എം ഐ ആശ്രമത്തിലെ അസിസ്റ്റന്റ് പ്രിയോർ ഫാ. ആന്റണി ഐസയാസ് ഉദ്ഘാടനം ചെയ്തു. എ കെ സി സി യുണിറ്റ് പ്രസിഡന്റ് സണ്ണി കോക്കാപ്പിള്ളിൽ, സെക്രട്ടറി സണ്ണി പുളിയ്ക്കൽ എന്നിവർ ധർണയിൽ സംസാരിച്ചു. ജോ. സെക്രട്ടറി അഗസ്റ്റിൻ, പാരിഷ് സെക്രട്ടറി തോമസ് മാറാട്ട് എന്നിവർ നേതൃത്വം നൽകി.

## പാലൂർകോട്ട പള്ളിസ്ഥലം ആക്രമണത്തിന് എതിരെ പ്രതിഷേധം

പാലൂർ കോട്ട പള്ളി സ്ഥലം കയ്യേറി വഴി വെട്ടാൻ തുനിഞ്ഞ കോറി മാഫിയകൾക്കെതിരെ എകെസിസി രൂപതാ സമിതിയും പെരിന്തൽമണ്ണ ഫൊറോനയും ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി. ഡയറക്ടർ ഫാ. ജോർജ് വെള്ളയ്ക്കാക്കുടിയിൽ, അ

സിസ്റ്റന്റ് ഡയറക്ടർ ഫാ. മാത്യു തൂമുള്ളിൽ, പെരിന്തൽമണ്ണ ഫൊറോനാ പ്രസിഡന്റ് ശ്രീ. ജോർജ്ജ്, വർക്കിംഗ് കമ്മിറ്റി അംഗം ശ്രീ. വർഗീസ് കണ്ണാത്ത് എന്നിവർ സ്ഥലം സന്ദർശിക്കുകയും ജാഗ്രത സമിതിയിൽ അംഗങ്ങളായി തുടർ പ്രതിഷേധങ്ങളിൽ ശക്തമായ പിന്തുണ അറിയുകയും ചെയ്തു.

### തിരഞ്ഞെടുപ്പുകൾ നടന്ന യൂണിറ്റുകൾ

| | | |
|---|---|---|
| 1. തിരുവമ്പാടി, | 2. മുക്കം, | 3. തോട്ടുമുക്കം |
| 4. വാലില്ലാപുഴ | 5. കരുവാരകുണ്ട് | 6. പെരിന്തൽമണ്ണ |
| 7. മാലാപറമ്പ് | 8. വെട്ടത്തൂർ | 9. താഴെക്കോട് |
| 10. പൊന്നിയാംകുർശ്ശി | 11. തേഞ്ഞിപ്പാലം | 12. അശോകപുരം |
| 13. അമലാപുരി | 14. മാവൂർ | 15. ദേവഗിരി |
| 16. താമരശ്ശേരി | 17. ചിപ്പിലിത്തോട് | 18. മൈലള്ളാംപാറ |
| 19. കൂരാച്ചുണ്ട് | 20. പെരുവണ്ണാമൂഴി | 21. പശുക്കടവ് |
| 22. മരുതോങ്കര | 23. കൂടത്തായി | 24. കുണ്ടുതോട് |
| 25. മഞ്ഞുവയൽ | 26. വലിയകൊല്ലി | 27. കുപ്പായക്കോട് |

### അറിയിപ്പുകൾ

1. കത്തോലിക്കാ കോൺഗ്രസ് സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ സിവിൽസർവീസ് കോച്ചിംഗ് ആരംഭിക്കുന്നു. ഡൽഹി എ. എൽ. എസ് സെന്ററുമായി സഹകരിച്ചുകൊണ്ട് നടത്തുന്ന സിവിൽ സർവീസ് കോച്ചിംഗ് പ്രവേശന പരീക്ഷ ഏപ്രിൽ മാസത്തിൽ നടത്തുന്നു. ആദ്യത്തെ റാങ്കുകൾ കരസ്ഥമാക്കുന്ന 100 പേർക്ക് പൂർണമായും സൗജന്യമായി കോച്ചിംഗിൽ പങ്കെടുക്കാൻ അവസരമുണ്ട്. തുടർന്നുള്ള റാങ്കുകളിൽ എത്തുന്ന 500 പേർക്ക് വിവിധ സ്കീമുകളിൽ സ്കോളർഷിപ്പുകൾ ലഭിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് : Treesa: 9694163262

### എ.കെ.സി.സി രൂപതാ തിരഞ്ഞെടുപ്പ്

താമരശ്ശേരി രൂപത എ കെ സി സി യുടെ യൂണിറ്റുതല തെരഞ്ഞെടുപ്പിന്റെ സമയം പൂർത്തിയായ സാഹചര്യത്തിൽ മേഖല രൂപതാതല തെരഞ്ഞെടുപ്പു നടപടികൾ പൂർത്തിയായി. മേഖലാ തിരഞ്ഞെടുപ്പുകൾ മാർച്ച് മാസം 18 മുതൽ 25 വരെയുള്ള ദിവസങ്ങളിൽ അതത് ഫൊറോന കേന്ദ്രങ്ങളിലും രൂപത ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് മാർച്ച് 27 ശനിയാഴ്ച ഉച്ചയ്ക്ക് ശേഷം 2 മണിക്ക് രൂപത ഭവനിൽവച്ചും നടത്തപ്പെട്ടു. ഏപ്രിൽ 6 ന് തെരഞ്ഞെടുപ്പ് നടപടികൾ പൂർത്തീകരിച്ച് ഗ്ലോബൽ സമിതിക്ക് അനുബന്ധ രേഖകൾ കൈമാറുന്നതാണ്. സാഹചര്യത്തിൽ ഇലക്ഷൻ കമ്മീഷന്റെ നടപടികളോട് സഹകരിച്ച് മുന്നോട്ട് പോകണമെന്ന് അഭ്യർത്ഥിക്കുന്നു.

### ഫൊറോന തെരഞ്ഞെടുപ്പ്-നിർദ്ദേശങ്ങൾ

1 യൂണിറ്റുകളിൽ നിന്നും ഈ വർഷം തെരഞ്ഞെടുക്കപ്പെട്ട പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ,വൈസ് പ്രസിഡന്റുമാർ (പുരു.സ്ത്രീ), 25 പേർക്ക് ഒരാൾ എന്ന കണക്കിൽ

രൂപത പ്രതിനിധികളായി ഇടവകയിൽ നിന്നും നിശ്ചയിച്ചിട്ടുള്ളവർക്കുമാണ് മേഖല തെരഞ്ഞെടുപ്പുകളിൽ വോട്ടവകാശം ഉള്ളത്.

2 കൊറോണ വൈറസ്സിന്റെ പശ്ചാത്തലത്തിൽ ഫൊറോന ഇലക്ഷൻ നടത്താൻ മേഖലകളിൽ 5 യൂണിററുകളെങ്കിലും സ്ഥാപിച്ചിരിക്കണം എന്ന നിയമത്തിനനുസരിച്ച് എല്ലാ ഫൊറോനകളിലും ഇലക്ഷൻ നടത്താൻ സാധിക്കാത്തതിനാൽ പ്രസ്തുത നിയമം അഭിവന്ദ്യ പിതാവിന്റെ അനുവാദത്തോടെ ഇലക്ഷൻ കമ്മീഷൻ ഈ തെരഞ്ഞെടുപ്പിൽ പരിഗണനാ നിയമ പട്ടികയിൽ നിന്ന് ഒഴിവാക്കുന്നു.

3 ഫൊറോനയിൽ പ്രസിഡന്റ്, ജന. സെക്രട്ടറി, ട്രഷറർ, രണ്ടു വൈസ് പ്രസിഡന്റുമാർ എന്നി ഭാരവാഹികളെയും പരമാവധി 13 എക്സിക്യൂട്ടീവ് അംഗങ്ങളെയും തിരഞ്ഞെടുക്കേണ്ടതാണ്. വൈസ് പ്രസിഡന്റുമാരിൽ ഒരാൾ വനിതയായിരിക്കണം. ഫൊറോന സമിതിയുടെ ആവശ്യാനുസരണം സെക്രട്ടറിമാരെ നിയമിക്കാവുന്നതാണ്. ഫൊറോന പ്രസിഡന്റ്, ജന. സെക്രട്ടറി, ട്രഷറർ എന്നിവർ രൂപത പ്രതിനിധി സഭയിൽ അംഗങ്ങളായിരിക്കും.

## ഫൊറോനകളിൽ തിരഞ്ഞടുപ്പ് നടത്തിയ തീയ്യതികൾ

മാർച്ച് 20 ശനി

കോടഞ്ചേരി, തോട്ടുമുക്കം

മാർച്ച് 21 ഞായർ

പെരിന്തൽമണ്ണ, മരുതോങ്കര

മാർച്ച് 22 ചൊവ്വ

കരുവാരക്കുണ്ട്

മാർച്ച് 24 വ്യാഴം

വിലങ്ങാട്ട്

**ഫാ. ജോർജ് വെള്ളയ്ക്കാകുടിയിൽ**
ഡയറക്ടർ, എ.കെ.സി.സി



# കുടുംബ കൂട്ടായ്മ

## നല്ലിടയൻ പദ്ധതി ഉദ്ഘാടനം ചെയ്തു.

രൂപത കുടുംബ കൂട്ടായ്മയും, മാതൃവേദിയും, മദ്യവിരുദ്ധ സമിതിയും ചേർന്ന് നടപ്പാക്കുന്ന നല്ലിടയൻ പദ്ധതി ആരംഭിച്ചു. ഒരോ ഇടവകയിലെയും അർഹതയുള്ള കുടുംബങ്ങൾക്ക് സൗജന്യമായി ആടിനെ നൽകുന്നതാണ് പദ്ധതി. ആടിനെ ലഭിക്കുന്ന കുടുംബം ആടിനെ വളർത്തി ആദ്യം ഉണ്ടാകുന്ന ആട്ടിൻ കുട്ടിയെ ഇടവകയിലെ ഈ പദ്ധതിയിലേക്ക് തന്നെ തിരികെ നൽകും. അതിനെ അർഹതപ്പെട്ട അടുത്ത കുടുംബത്തിന് നൽകും. ഇങ്ങനെ തുടർന്നു പോകുന്ന പദ്ധതി ആണ് നല്ലിടയൻ.

പദ്ധതിയുടെ ഉദ്ഘാടനം മങ്കുഴിക്കരി പാസ്റ്ററൽ സെന്ററിൽ വെച്ച് അഭിവന്ദ്യ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് നിർവഹിച്ചു. അർഹതപ്പെട്ടവരിൽ സഹായം എത്തിക്കാൻ നമ്മുടെ കൂട്ടായ്മകൾക്ക് കഴിയുമ്പോഴാണ് ക്രൈസ്തവ ജീവിതം അർത്ഥപൂർണ്ണമാകുന്നതെന്ന് പിതാവ് സൂചിപ്പിച്ചു. കൂടുതൽ കുടുംബങ്ങളിൽ നല്ലിടയൻ പദ്ധതി എത്തിക്കാൻ കഴിയട്ടെ എന്ന് പിതാവ് ആശംസിച്ചു.

മഞ്ഞക്കടവ് ഇടവകയിലെ ഒരു കുടുംബത്തിന് പദ്ധതിയിലെ ആദ്യ ആടിനെ പിതാവ് കൈമാറി. സ്പോൺസർമാരെ കണ്ടെത്തിയാണ് ആടുകളെ ഈ പദ്ധതിയിലേക്ക് സംഘടിപ്പിക്കുന്നത്. വ്യക്തികൾക്കും കൂട്ടായ്മകൾക്കും ഇതിൽ പങ്കാളികളാകാം.

രൂപത ഡയറക്ടർ അധ്യക്ഷത വഹിച്ച യോഗത്തിൽ കുടുംബ കൂട്ടായ്മ രൂപത പ്രസിഡന്റ് തോമസ് വലിയപറമ്പിൽ, മദ്യവിരുദ്ധ സമിതി രൂപത പ്രസിഡന്റ് കുര്യൻ ചെമ്പനാനിയിൽ, മാതൃവേദി രൂപത പ്രസിഡന്റ് ദീപ റെജി, സണ്ണി കൂഴമ്പാല, ട്രീസ സെബാസ്റ്റ്യൻ എന്നിവർ പ്രസംഗിച്ചു.

എല്ലാ ഇടവകയിലും ഈ പദ്ധതി നടപ്പാകുവാൻ എല്ലാവരുടെയും സഹകരണം ഉണ്ടാകുമല്ലോ.

## സാമൂദായിക സർവേ പൂർത്തീകരിച്ചു

സമുദായത്തിന്റെ പിന്നാക്കാവസ്ഥ പഠിക്കുവാൻ നിയമിച്ച കോശി കമ്മീഷന് നമ്മുടെ രൂപതയുടെ സ്ഥിതിവിവര കണക്കുകൾ നൽകി അർഹതപ്പെട്ട ആനുകൂല്യങ്ങൾ നേടിയെടുക്കുവാൻ വേണ്ടിയുള്ള സാമൂഹിക സർവേ പൂർത്തീകരിച്ചു. മാർച്ച് 11, 13, 14, 21 തിയ്യതികളിൽ നടന്ന സർവേയിൽ കുടുംബ കൂട്ടായ്മ ഭാരവാഹികളും ഇതിന് പ്രത്യേകം ചുമതലപ്പെടുത്തിയവരും സജീവമായി പങ്കെടുത്തു. ഏറെ ത്യാഗ ബുദ്ധിയോടെ പദ്ധതി പൂർത്തിയാക്കിയ എല്ലാവരെയും അഭിനന്ദിക്കുന്നു

**ഫാ. ജേക്കബ് കപ്പലുമാക്കൽ**
ഡയറക്ടർ, കുടുംബ കൂട്ടായ്മ

# മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ്

## ജീവസമൃദ്ധി അടുക്കളത്തോട്ട മത്സരം - സമ്മാനം വിതരണം ചെയ്തു

തിരുവമ്പാടി: താമരശ്ശേരി രൂപത മരിയൻ പ്രോ-ലൈഫ് മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ ഇൻഫാമിന്റെയും ദീപിക ഫ്രണ്ട്സ് ക്ലബ്ബിന്റെയും സഹകരണത്തോടെ നടത്തിയ "ജീവസമൃദ്ധി അടുക്കളത്തോട്ട" മത്സര വിജയികൾക്ക് താമരശ്ശേരി രൂപതാദ്ധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ സമ്മാനങ്ങൾ വിതരണം ചെയ്തു. തിരുവമ്പാടി സേക്രട്ട് ഹാർട്ട് പള്ളി പാരീഷ് ഹാളിൽ നടന്ന സമ്മേളനത്തിൽ മരിയൻ പ്രോ-ലൈഫ് രൂപത ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ അദ്ധ്യക്ഷനായിരുന്നു. രൂപത പ്രസിഡന്റ് സജീവ് പുരയിടത്തിൽ സ്വാഗതം അർപ്പിച്ചു. ഫൊറോന വികാരി ഫാ. ജോസ് ഓലിയക്കാട്ടിൽ, പ്രോ-ലൈഫ് ആനിമേറ്റർ സി. റോസ് മേരി, അസി. ഡയറക്ടർ ഫാ. അരുൺ ചീരാമറ്റത്തിൽ, കെ.സി.ബി.സി പ്രോ-ലൈഫ് ട്രഷറർ ടോമി പ്ലാത്തോട്ടത്തിൽ, പ്രോ-ലൈഫ് യൂത്ത് വിംഗ് പ്രസിഡന്റ് സുബിൻ തയ്യിൽ, കർഷകശ്രീ അവാർഡ് ജേതാവ് ശ്രീ. തോമസ് വെട്ടത്ത്, നല്ലപാഠം കോഡിനേറ്റർ ശ്രീ. ജയിംസ് ജോഷി എന്നിവർ ആശംസകളർപ്പിച്ച് പ്രസംഗിച്ചു. രൂപത സെക്രട്ടറി ജോൺസൺ തെങ്ങുംതോട്ടത്തിൽ റിപ്പോർട്ട് അവതരിപ്പിച്ചു. പ്രോ-ലൈഫ് പി.ആർ.ഒ വിനോദ് വെട്ടത്തിൽ നന്ദിയർപ്പിച്ചു.

രൂപത ട്രഷറർ, ഡോ. സന്തോഷ് സ്കറിയ, പ്രോ-ലൈഫ് രൂപത സ്പിരിചൽ ആനിമേറ്റർ ഡോ. ബെസ്റ്റി ജോസ്, രൂപത എക്സിക്യൂട്ടീവ് അംഗങ്ങളായ മാർട്ടിൻ തെങ്ങുംതോട്ടത്തിൽ, പ്രിൻസ് തിനാപറമ്പിൽ, രൂപത വൈസ് പ്രസിഡന്റ് എമ്മാനുവേൽ സാർ, ജോർജ്ജ് കെവള്ളിൽ, കുരിയാച്ചൻ പൊങ്ങൻപാറ, ജെയിസൺ കുന്നുകുഴിയിൽ ശ്രീമതി സമിലി ചെമ്പനോട എന്നിവർ നേതൃത്വം നൽകി.

ജീവ സമൃദ്ധി അടുക്കളത്തോട്ട മത്സരത്തിൽ ജോസഫ് പാലക്കീൽ ഒന്നാം സമ്മാനവും , ബേബി പുത്തൻവീട്ടിൽ രണ്ടാം സമ്മാനവും റെജി ജോസുകുട്ടി അരീത്തറ മൂന്നാം സമ്മാനവും നേടി വിജയികൾക്ക് 15000, 10000, 7500 എന്ന ക്രമത്തിൽ ക്യാഷ് അവാർഡും പ്രശസ്തിപത്രവും ഷീൽഡും സമ്മാനിച്ചു. ജീവസമൃദ്ധി അടുക്കളത്തോട്ട മത്സരം സിസ്റ്റേഴ്സിനായി നടത്തിയ മത്സരത്തിൽ കൂരാച്ചുണ്ട് എസ്.എച്ച് കോൺവെന്റ് ഒന്നാം സ്ഥാനവും, കരിയാത്തുംപാറ എസ്.എച്ച് കോൺവെന്റ് രണ്ടാം സ്ഥാനവും, പാറോപ്പടി എം.എസ്.എം.ഐ കോൺവെന്റ് മൂന്നാം സ്ഥാനവും നേടി വിജയികൾക്ക് അഭിവന്ദ്യപിതാവ് ഷീൽഡും പ്രശസ്തിപത്രവും നൽകി. കൂടാതെ മരിയൻ പ്രോ-ലൈഫ് പ്രവർത്തകരുടെ മക്കളിൽ ഉന്നത വിജയങ്ങൾ നേടിയവരെ ആദരിച്ചു. തേങ്ങാവെള്ളത്തിൽ നിന്ന് സോഫ്റ്റ് ഡ്രിങ്ക് നിർമ്മിച്ച് പ്രശസ്തനായ നവ സംരംഭകൻ ജെറോ ജോർജ്ജ് കെവള്ളിൽ (തോട്ടുമുക്കം ഇടവക). എം എസ് ഡബ്ല്യൂ വിൽ കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ ഒന്നാം റാങ്ക് നേടിയ മിന്നു ബെന്നി മുള്ളനാനിക്കൽ, ക്രിസ്തു

ഏകരക്ഷകൻ എന്ന വിഷയത്തെ ആസ്പദമാക്കി നടത്തിയ ഓൾ കേരള ക്വിസ് മത്സരത്തിൽ ഒന്നാം സ്ഥാനം ഷൈനി താമരക്കാട്ടിൽ, കോമേഴ്സ്യൽ പൈലറ്റ് ലൈസെൻസ് നേടിയ ആമോസ് ജെയ്സൺ കന്നുകുഴി എന്നിവരെ പ്രസ്തുത സമ്മേളനത്തിൽ രൂപതാദ്ധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഷീൽഡുകൾ നല്കി ആദരിച്ചു. സമ്മേളനത്തിൽ 200 ഓളം പ്രോ-ലൈഫ് പ്രവർത്തകർ പങ്കെടുക്കുന്നു.

## പ്രോ-ലൈഫ് ദിനാഘോഷം

മംഗലവാർത്താദിനമായ മാർച്ച് 25 നാണ് ലോകമാസകലം പ്രോ-ലൈഫ് ദിനമായി ആഘോഷിക്കുന്നത്. പ്രോ-ലൈഫ് ദിനാഘോഷത്തിന്റെ രൂപതാതല ഉദ്ഘാടനം രൂപതാദ്ധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ മാർച്ച് 21 ന് തിരുവമ്പാടി ഫൊറോന ദൈവാലയത്തിൽ വച്ച് നടത്തി. രൂപതാ ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ രൂപതാ പ്രസിഡന്റ് സജീവ് പുരയിടത്തിൽ എന്നിവർ പ്രസംഗിച്ചു. പ്രസ്തുത സമ്മേളനത്തിൽ പ്രോ-ലൈഫ് പ്രവർത്തനങ്ങൾക്ക് താമരശ്ശേരി രൂപതയിലെ സ്കൂളുകൾ നാലാമത്തെ കുഞ്ഞുങ്ങൾക്ക് നൽകിവരുന്ന സാമ്പത്തിക സഹായങ്ങൾക്ക് രൂപതാദ്ധ്യക്ഷൻ നന്ദി പറഞ്ഞു. കൂടാതെ നാലാമത്തെ കുഞ്ഞിന്റെ പ്രസവ ശുശ്രൂഷകൾക്ക് സാമ്പത്തികമായി സഹായം നൽകുന്ന ചാവറ ഹോസ്പിറ്റലിനെയും, മദർ മേരി ഹോസ്പിറ്റലിനെയും, അഗസ്ത്യമൂഴി സെന്റ് ജോസഫ് ഹോസ്പിറ്റലിനെയും, മേരിക്കുന്ന് നിർമ്മല ഹോസ്പിറ്റലിനെയും പിതാവ് നന്ദിയോടെ അനുസ്മരിച്ചു.

## ഏലീശ്വാ മീറ്റ് നടത്തി

താമരശ്ശേരി രൂപത മരിയൻ പ്രോ-ലൈഫ് മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ തിരുവമ്പാടി ഫൊറോനയിലെ ഗർഭിണികളുടെ സംഗമവും നടത്തി. സംഗമത്തിൽ 15 ഓളം ഗർഭിണികൾ പങ്കെടുത്തു. ഗർഭിണികൾക്കായി രൂപത ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ ദിവ്യബലിയർപ്പിച്ച് പ്രാർത്ഥിക്കുകയും കുർബാനയ്ക്ക് ശേഷം പ്രത്യേക പ്രാർത്ഥന ശുശ്രൂഷ നടത്തുകയും ചെയ്തു. സി.എം.സി സിസ്റ്റേഴ്സ് ഗർഭിണികൾക്ക് വേണ്ടി കൗൺസിലിംഗ് നടത്തി.

## അഖണ്ഡജപമാല

മാർച്ച് 25 പ്രോ-ലൈഫ് ദിനത്തിൽ തിരുവമ്പാടി ഫൊറോനാ പള്ളിയിൽ താമരശ്ശേരി മരിയൻ പ്രോ-ലൈഫ് മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ രാത്രി 8 മുതൽ 12 മണി വരെ അഖണ്ഡജപമാല നടത്തി. രൂപതാ ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ പ്രോ-ലൈഫ് സ്പിരിചൽ ആനിമേറ്റർ ഡോ. ബെസ്റ്റി ജോസ്, സി.എം.സി സിസ്റ്റേഴ്സ് തിരുവമ്പാടി കോൺവെന്റ് എന്നിവർ നേതൃത്വം നൽകി. രൂപതയിലെ വിവിധ ഇടവകകളിൽ നിന്നെത്തിയ നൂറോളം പ്രോ-ലൈഫ് പ്രവർത്തകർ അഖണ്ഡജപമാലയിൽ പങ്കെടുത്ത് വിവിധ നിയോഗങ്ങൾക്ക് വേണ്ടി പ്രാർത്ഥിച്ചു.

## കെ.സി.ബി.സി മലബാർ മേഖല പ്രോ-ലൈഫ് സംഗമം നടത്തി

കെ.സി.ബി.സി മലബാർ പ്രോ-ലൈഫ് സമിതിയുടെ സംഗമം തലശ്ശേരി സന്ദേ

ശഭവനിൽ വച്ച് നടത്തി. തലശ്ശേരി അതിരൂപതാദ്ധ്യക്ഷൻ മാർ ജോർജ്ജ് ഞരളക്കാട്ട് സമ്മേളനം ഉദ്ഘാടനം ചെയ്തു. കെ.സി.ബി.സി ഫാമിലി കമ്മീഷൻ ചെയർമാർ മാർ ആന്റണി മുല്ലശ്ശേരി മുഖ്യാതിഥി ആയിരുന്നു. കെ.സി.ബി.സി ഫാമിലി കമ്മീഷൻ സെക്രട്ടറി ഫാ. പോൾ ഡിമേത്തി, മലബാർ മേഖല ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ, പ്രോ-ലൈഫ് സംസ്ഥാന പ്രസിഡന്റ് സാബു ജോസ്, ട്രഷറർ ടോമി പ്ലാത്തോട്ടം, മേഖല കോർഡിനേറ്റർ ഷിബു കൊച്ചുപറമ്പിൽ, മലബാർ മേഖല പ്രസിഡന്റ് സാജു മേച്ചേരിൽ, മലബാറിലെ 7 രൂപതകളിലെ ഡയറക്ടർമാരായ ബഹുമാനപ്പെട്ട വൈദികർ, ആനിമേറ്റർമാർ, മേഖല ഭാരവാഹികൾ എന്നിവർ പ്രസംഗിച്ചു **prolifemary.com** വഴി നടന്ന വിവാഹങ്ങളെയും **prolifemary.com** ന്റെ വിവിധങ്ങളായ പ്രവർത്തനങ്ങളേയും ഫാമിലി കമ്മീഷൻ ചെയർമാൻ മാർ ആന്റണി മുല്ലശ്ശേരി അഭിനന്ദിച്ചു.

## ഇൻഫാം സമ്മേളനം

താമരശ്ശേരി രൂപതയിലെ ഇൻഫാമിൽ ചേർന്ന് പ്രവർത്തിക്കാൻ ആഗ്രഹിക്കുന്നവരുടെ ഒരു സമ്മേളനം താമരശ്ശേരി രൂപത ഭവനിൽ വച്ച് ഏപ്രിൽ 16 ന് രാവിലെ 10 മണിക്ക് ചേരുന്നതാണ്. ഇൻഫാമിൽ ചേർന്ന് പ്രവർത്തിക്കാൻ താല്പര്യമുള്ളവരെ ബഹു. വികാരിയച്ചന്മാർ പ്രസ്തുത മീറ്റിംഗിലേക്ക് പറഞ്ഞയക്കണമെന്ന് താല്പര്യപ്പെടുന്നു.

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ, മരിയൻ പ്രോ-ലൈഫ് & ഇൻഫാം



*St. Joseph, Pray for us*

# ആദരാഞ്ജലികൾ



## റവ. സി. ഫ്ളോറൻസ് MSMI

തൊടുപുഴ വണ്ടമറ്റം മെഴുകനാൽ ജോസഫ് -ത്രേസ്യ ദമ്പതികളുടെ ആറു മക്കളിൽ രണ്ടാമതായി, 1939 ജനുവരി 1ന് സി. ഫ്ളോറൻസ് ജനിച്ചു. ഹൈസ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം 1963 ജൂൺ 17ന്, എം.എസ്.എം.ഐ. സന്യാസ സഭയിൽ ചേർന്നു. പരിശീലന കാലഘട്ടം പൂർത്തിയാക്കി, 1965 ഡിസംബർ 8ന് ആദ്യവ്രത വാഗ്ദാനവും, 1971 മെയ് 4ന് നിത്യവ്രതവാഗ്ദാനവും ചെയ്തു. സോഷ്യൽ വർക്ക് പ്രാക്ടീസിനു ശേഷം അതിൽ ശ്രദ്ധയൂന്നി പ്രവർത്തനമാരംഭിച്ചു. നഴ്സിങ്ങ് പഠനശേഷം നിലമ്പൂർ, ഗൂഡല്ലൂർ ഹോസ്പിറ്റൽ, എന്നിവിടങ്ങളിലും, ഷിമോഗ , കുളത്തുവയൽ, കൂത്തുപറമ്പ്, കുന്നോത്ത്, മേരിപുരം, നെല്ലിക്കുറ്റി, ചന്ദനക്കാംപാറ , മരകാവ്, ചമൽ, തലശ്ശേരി, നിലമ്പൂർ, ഗൂഡല്ലൂർ, പൂഴിത്തോട്, ബക്കി, നിരവിൽപുഴ, തലപ്പുഴ, പുത്തൂർവയൽ, നൂറാംതോട്, പള്ളിക്കുന്ന്, പെരുവണ്ണാമൂഴി, എരഞ്ഞിപ്പാലം , ചെമ്പനോട, പാറോപ്പടി എന്നീ ഹൗസുകളിലും, കൗൺസിലിങ്ങിനായി, അങ്കമാലി ലിറ്റിൽ ഫ്ളവർ ഹോസ്പിറ്റൽ, പുല്ലൂരാംപാറ ബഥാനിയ, ഗത്സെമനി ധ്യാനകേന്ദ്രം , എന്നിവിടങ്ങളിലും ശുശ്രൂഷ ചെയ്തു. പലയിടങ്ങളിലും സുപ്പീരിയറായും, സേവനം ചെയ്തു. രണ്ടു വർഷമായി ലിവർ സിറോസിസ് രോഗത്താൽ ചികിൽസയിലായിരുന്നു. സമൂഹാനുഷ്ഠാനങ്ങളിലും ആദ്ധ്യാത്മിക കാര്യങ്ങളിലുമുള്ള ചിട്ടയായ ജീവിതമായിരുന്നു സി. ഫ്ളോറൻസിന്റേത്. രോഗപീഢകളാൽ ക്ലേശിക്കുമ്പോഴും ആരെയും ബുദ്ധിമുട്ടിക്കാത്ത മനസ്സും ഹൃദയവുമായിരുന്നു, സിസ്റ്ററിന്റേത്. മരണ ദിനത്തിന്റെ അന്നു പോലും തനിയെ നടന്ന് ചാപ്പലിലെത്തി, വി. കുർബ്ബാനയിൽ പങ്കുകൊള്ളുവാൻ കാണിച്ച തീഷ്ണത ഏവർക്കും മാതൃകയാണ്. 2021 മാർച്ച് 13-ാം തീയതി വൈകിട്ട് ആരോഗ്യ പ്രശ്നങ്ങൾ സങ്കീർണ്ണമായതോടെ പാലിയേറ്റീവ് കെയറിൽ എത്തിക്കുകയും തുടർന്ന് 8.20 ഓടെ നിത്യ സമ്മാനത്തിനായി വിളിക്കപ്പെടുകയും ചെയ്തു. 14.3.2021 ന് രാവിലെ 9 മണിക്ക് ചമൽ സെന്റ് ജോർജ്ജിൽ പള്ളിയിൽ വച്ച് നടന്ന മൃതസംസ്കാരശ്രൂഷകൾ അഭിവന്ദ്യ റെമീജിയോസ് പിതാവ് മുഖ്യകാർമ്മികനായിരുന്നു. പരേതയുടെ ആത്മാശാന്തിക്കായി പ്രാർത്ഥിക്കുന്നു.

# കരിസ്മാറ്റിക് മൂവ്മെന്റ്

എല്ലാ ഒന്നാമത്തെയും മൂന്നാമത്തെയും ശനിയാഴ്ചകളിൽ കൂരാച്ചുണ്ട് സബ്സോൺ സർവ്വീസ് ടീമും, മിനിസ്ട്രിയും, ലീഡേഴ്സും, ബഹുമാനപ്പെട്ട ആനിമേറ്റർ ജയിംസ് അച്ചന്റെ നേതൃത്വത്തിൽ ദിവ്യകാരുണ്യ സന്നിധിയിൽ ഒരുമിച്ച് ചേർന്ന് പ്രാർത്ഥിക്കുകയും മുമ്പോട്ട് നടത്താനിരിക്കുന്ന കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയും ചെയ്തു. കോഴിക്കോട് സബ് സോൺ ഗൂഗിൾ മീറ്റിംഗിലൂടെ ഒരുമിച്ച് പ്രാർത്ഥിച്ചു. താമരശ്ശേരി, കോടഞ്ചേരി, തിരുവമ്പാടി, പെരുന്തൽമണ്ണ സബ്സോണുകൾ ബഹു. ആനിമേറ്റർ അച്ചന്മാരുടെ നേതൃത്വത്തിൽ ഒന്നുചേരുകയും പ്രാർത്ഥിക്കുകയും ചെയ്തു. ഫെബ്രുവരി 17 ന് ആരംഭിച്ച കർഷകരക്ഷാ യാത്രാ 54 സ്റ്റേഷനുകൾ പിന്നിട്ടു. വളരെ നന്നായി നടക്കുന്നു. മാർച്ച് 23 ന് കരുവാരക്കുണ്ടിൽ സമാപിക്കും.

മാർച്ച് 15 കോഴിക്കോട് സോണിന് വലിയ അഭിമാനത്തിന്റെയും സന്തോഷത്തിന്റെയും ദിനമായിരുന്നു. കേരള കത്തോലിക്കാ കരിസ്മാറ്റിക് കമ്മീഷന്റെ സോണൽ സന്ദർശന ദിനം കുന്ദമംഗലത്ത് വച്ചായിരുന്നു. സോണൽ കോർഡിനേറ്റർ ജോൺസൺ തുണ്ടത്തിൽ കെ.സി.സി.ആർ.എസ്.റ്റി ചെയർമാൻ ജോസഫ് താമരവെളിയച്ചനെയും വൈസ് ചെയർമാൻ ബ്ര.സെബാസ്റ്റ്യൻ താന്നിക്കലിനെയും സെക്രട്ടറി സിസ്റ്റർ കൊച്ചുറാണി ജോസഫിനെയും സേവന സമിതി അംഗം സന്തോഷ് തളച്ചിറയും, ഓഫീസ് സെക്രട്ടറി ബിജു കുന്നുംപുറത്തെയും, സോണൽ ആനിമേറ്റർ റവ.ഫാ. സൈമൺ അച്ചനെയും, കുന്ദമംഗലം സെന്റ് ജോസഫ് വികാരി റവ. ഫാ. ജോസഫ് കളത്തിലച്ചനെയും, ബഹു. സിസ്റ്റേഴ്സ് ജോയ്സ് എം എസ് എം ഐ, സി. ഫിൽസി സി എം സി, സി., സുശീല എം എസ് എം ഐ എന്നിവരെയും സോണൽ, സബ്സോൺ മിനിസ്ട്രി സർവ്വീസ് അംഗങ്ങളെയും മീറ്റിംഗിലേക്ക് സ്വാഗതം ചെയ്തു. സോണൽ സെക്രട്ടറി ബേബി പഴംപ്ലാക്കൽ റിപ്പോർട്ട് അവതരിപ്പിച്ചു.

ബഹു. സോണൽ ആനിമേറ്റർ സൈമൺ വള്ളോപ്പിള്ളി ആമുഖ സന്ദേശത്തിൽ കോവിഡ് കാലം പ്രാർത്ഥനയിൽ ആഴപ്പെടാനും ശക്തിപ്പെടാനും ഇടയാക്കിയെന്ന് ഓർമ്മപ്പെടുത്തി. കെ.സി.സി.ആർ.എസ്.റ്റി ചെയർമാൻ ബഹു. ജോസഫ് അച്ചൻ ഈ കാലഘട്ടത്തിൽ വിശ്വാസശക്തീകരണത്തിനും സാക്ഷ്യജീവിതത്തിനും ഊന്നൽ നൽകി ആരംഭിച്ച ലീഡർഷിപ്പ് ട്രയിനിംഗും എൽ.എസ്.എസ് ഉം കൂടുതൽ ഫലം ചെയ്തു. വൈസ് ചെയർമാൻ ബ്ര. സെബാസ്റ്റ്യൻ താന്നിക്കൽ (പ്രഭാ:48/17) ഉദ്ധരിച്ചുകൊണ്ട് ഹെസക്കിയ തന്റെ നഗരത്തെ മതിൽ കെട്ടി ഉറപ്പിക്കുകയും, നഗരത്തിൽ ജലം കൊണ്ടുവരികയും ചെയ്തു. ഇരുമ്പുകൊണ്ട് പാറ തുരന്ന് കുളങ്ങൾ കുഴിച്ചു. ദൈവജനത്തെ പൊതിഞ്ഞു പിടിക്കാനും ആത്മീയ ആവശ്യങ്ങൾ അറിഞ്ഞു പ്രവർത്തിക്കാനും ഇടവകയിൽ സഭാത്മകവിശ്വാസം വളർത്താനും സാക്ഷ്യജീവിതം നയിക്കാനും സാധിക്കണമെന്നും ഓർമ്മിപ്പിച്ചു. പ്രായോഗികമായി എന്തുചെയ്യാൻ കഴിയുമെന്ന് സോണിന്റെ

വിവിധഭാഗങ്ങളിൽ നിന്നുള്ള എല്ലാവരിൽ നിന്നും നിർദ്ദേശം സ്വീകരിച്ചു. നമ്മുടെ ശുശ്രൂഷകൾ ഫിസിക്കലായി കൂടാൻ സമയമായി എന്ന കാര്യവും ഓർമ്മപ്പെടുത്തി. സെക്രട്ടറി ഡോ. കൊച്ചുറാണി ജോസഫ് കരിസ്മാറ്റിക്ക് നവീകരണത്തിന്റെ സമ്പന്നതയെക്കുറിച്ചും ഇതിലൂടെ വളർന്നവരുടെ ത്യാഗപൂർണ്ണമായ പ്രവർത്തനത്തെയും എടുത്തു പറഞ്ഞു. കളമശ്ശേരി എമ്മാവൂസ് സെക്രട്ടറി ബിജു കുന്നുംപുറം എമ്മാവൂസിന്റെ പ്രവർത്തനത്തെക്കുറിച്ചും കോഴിക്കോട് സോൺ നൽകുന്ന സാമ്പത്തിക സഹായത്തെക്കുറിച്ചും ജീവജ്വാലയെക്കുറിച്ചും സംസാരിച്ചു.

പരിമിതമായ സമയത്തിൽ ജൂബിലി ആഘോഷിക്കുന്ന സൈമണച്ചനും, ബഹു. സിസ്റ്റർ ജോയിസ്, സിസ്റ്റർ സുശീല എന്നിവർക്ക് ജൂബിലി മംഗളങ്ങൾ നേർന്നു. ചെയർമാൻ ജോസഫച്ചന്റെ ഫീസ്റ്റും ചെയർമാൻ സെബാസ്റ്റ്യന്റെ ജൻമദിനവും സേവന സമിതി അംഗവും മീറ്റിംഗിന്റെ എം സി യുമായ സന്തോഷിന്റെയും ജൂബിലിയും ആഘോഷിക്കുകയും ചെറിയ സമ്മാനങ്ങൾ കൈമാറുകയും ചെയ്തു. 3 മണി മുതൽ മൂന്നര വരെ ദിവ്യ കാരുണ്യ ആരാധനയ്ക്ക് ചെയർമാൻ അച്ചൻ നേതൃത്വം നൽകി. വലിയ ഉത്തരവാദിത്വത്തോടും, സന്തോഷത്തോടും കൂടി യോഗം അവസാനിച്ചു.

**ഫാ. സൈമൺ വള്ളോപ്പിള്ളി**
സോണൽ ആനിമേറ്റർ

## മദ്യവിരുദ്ധ സമിതി

### രൂപതാ എക്സിക്യൂട്ടീവ് കമ്മിറ്റി

താമരശ്ശേരി രൂപത എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ സർക്കാറിന്റെ നാട്ടിലെങ്ങും മദ്യം ഒഴുക്കുന്ന നയത്തിന് എതിരെ പ്രതിഷേധ നടപടികൾ സ്വീകരിക്കാനും, ഏപ്രിൽ മാസം നടക്കുന്ന മീറ്റിംഗിൽ പ്രസംഗ മത്സര വിജയികൾ, മികച്ച വ്യക്തിത്വ വികസന ക്ലബ്ബുകൾ എന്നിവർക്കുള്ള അവാർഡുകൾ വിതരണം ചെയ്യാനും തീരുമാനിച്ചു.

### നല്ലിടയൻ പദ്ധതി

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളെ സഹായിക്കുന്നതിനുവേണ്ടി ഓരോ കുടുംബത്തിനും ഒരു ആടിനെ വീതംകെ.സി.ബി.സി മദ്യവിരുദ്ധ സമിതിയുടെയും വിവിധ സംഘടനകളുടെയും സഹകരണത്തോടു കൂടി നൽകുന്ന പദ്ധതി ബിഷപ്പ് മാർറെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്തു. ഡയറക്ടർ ചടങ്ങിന് അധ്യക്ഷത വഹിച്ചു. കെ.സി.ബി.സി മദ്യവി

രുദ്ധ സമിതി, കുടുംബകൂട്ടായ്മ, മാതൃവേദി എന്നീ സംഘടനകളുടെ ഭാരവാഹികൾ പ്രസംഗിച്ചു.

### സംസ്ഥാന കമ്മിറ്റിയും, വാർഷിക സമ്മേളനവും

എറണാകുളം, പി.ഒ.സി യിൽ വച്ച് നടന്ന സംസ്ഥാന വാർഷിക സമ്മേളനത്തിൽ താമരശ്ശേരി രൂപതയിൽ നിന്ന് ഡയറക്ടർ, പ്രസിഡന്റ് ശ്രീ. കുര്യൻ ചെമ്പനാനി, സംസ്ഥാന പ്രതിനിധി ശ്രീ. രാജൻ ഉറുമ്പിൽ, ജനറൽ സെക്രട്ടറി ശ്രീ. ജോളി ഉണ്ണിയേപിള്ളിൽ തുടങ്ങിയവർ സംബന്ധിച്ചു. സർക്കാർ കേരളത്തെ മദ്യാലയമാക്കി മാറ്റിയെന്ന് കെ.സി.ബി.സി മദ്യവിരുദ്ധ കമ്മീഷൻ സംസ്ഥാന ചെയർമാൻ ബിഷപ്പ് ഡോ.യൂഹന്നാൻ മാർ തിയഡോഷ്യസ് അഭിപ്രായപ്പെട്ടു.

### മദ്യവിരുദ്ധ ഞായർ ആചരിച്ചു

കെ.സി.ബി.സി മദ്യവിരുദ്ധ സമിതി താമരശ്ശേരി രൂപത കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നടന്ന മദ്യവിരുദ്ധ ഞായർ ആചരണത്തിന്റെ രൂപതാതല ഉദ്ഘാടനം മഞ്ഞക്കടവ് ദേവാലയത്തിൽ വെച്ച് രൂപതാ ഡയറക്ടർ ഉദ്ഘാടനം ചെയ്യുകയും, ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കുകയും ചെയ്തു. വിവിധ സംഘടനാ പ്രതിനിധികൾ, ഭാരവാഹികൾ എന്നിവർ പങ്കെടുത്തു. കൂടാതെ എല്ലാ ഇടവകകളിലും മദ്യവിരുദ്ധ ഞായർ സർക്കുലർ വായിക്കുകയും, ലഹരിവിരുദ്ധ സന്ദേശം നൽകുകയും ചെയ്തു.

**ഫാ. ജേക്കബ് കപ്പലുമാക്കൽ**
ഡയറക്ടർ, മദ്യവിരുദ്ധ സമിതി

## ബഥാനിയ ധ്യാനകേന്ദ്രം

"അവന്റെ മുറിവിനാൽ നിങ്ങൾ സൗഖ്യമുള്ളവരാക്കപ്പെട്ടിരിക്കുന്നു"(1 പത്രോ. 2:24).

മാർച്ച് മാസത്തിൽ ബഥാനിയായിൽ നടന്ന ശുശ്രൂഷകൾ അനേകം മക്കൾക്ക് ആത്മാഭിഷേകത്തിനും ജീവിത വിശുദ്ധീകരണത്തിനും കാരണമായി. കോവിഡ് 19 എന്ന മഹാമാരിയിൽ ലോകം വിറങ്ങലിച്ചു നിന്നപ്പോഴും ബഥാനിയായ്ക്കും ഇവിടുത്തെ ശുശ്രൂഷകൾക്കും ഇവിടെ വന്നവർക്കും ദൈവം പ്രത്യേകം സംരക്ഷണം ഒരുക്കിയതിന് ദൈവത്തിന് നന്ദി പറയുന്നു.

### പീഡാനുഭവ ധ്യാനം

ദീർഘകാലത്തെ പ്രാർത്ഥനയ്ക്കും ഒരുക്കത്തിനും ശേഷം ഈശോയുടെ പീഢാനുഭവ രഹസ്യങ്ങളോർത്ത് ധ്യാനിക്കുവാനും ജീവിതവിശുദ്ധീകരണവും മാനസാന്തരവും പ്രാപിക്കുന്നതിനുമായി മാർച്ച് 28 മുതൽ 31 വരെ പീഢാനുഭവ ധ്യാനം നടത്തപ്പെട്ടു. അനേകം മക്കൾക്ക് ആശ്വാസമായി മാറിയ ഈ ധ്യാന ത്തിൽ അഭിവന്ദ്യ പിതാവ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ദിവ്യബലിയർപ്പിച്ച് പ്രാർത്ഥിച്ചു. ധ്യാന ശുശ്രൂഷകൾക്ക് ധ്യാനകേന്ദ്രം ഡയറക്ടർ റവ. ഫാ. സെ ബാസ്റ്റ്യൻ പുളിക്കൽ നേതൃത്വം നൽകി.

### ഏകദിന കൺവെൻഷൻ

ബഥാനിയായിൽ എല്ലാ വെള്ളിയാഴ്ചകളിലും നടത്തപ്പെടുന്ന ഏകദിന കൺവെൻഷൻ, അനേകം ആളുകൾക്ക് ആത്മീയചൈതന്യ വും പ്രത്യാശയും പ്രതീക്ഷയും നല്കുന്നു. മാർച്ച് മാസത്തിൽ 5,12,19,26 തീയതികളിലായി ഏക ദിന കൺവെൻഷൻ നടത്തപ്പെട്ടു. രാവിലെ 9 മണിക്ക് ടീമംഗങ്ങൾ ഒരുമിച്ച് പ്രാർത്ഥിച്ച് ഒരുങ്ങി 9.30 ന് കുരിശിന്റെ വഴി പ്രാർത്ഥനയോടെ കൺവെൻഷൻ ശുശ്രൂഷകൾ ആരംഭിച്ചു. തുടർന്ന് ജപമാല,സ്തുതി ആരാധന, ഗാനശുശ്രൂഷ, ദി വ്യകാരുണ്യ ആരാധന, വിടുതൽ ശുശ്രൂഷ എന്നിവയ്ക്കുശേഷം വി. കർബാന യോടെ സമാപിച്ചു. ശുശ്രൂഷകൾക്ക് ബഥാനിയാ ടീം നേതൃത്വം നൽകി.

### നോമ്പ് 2021 സമാപനശുശ്രൂഷകൾ

ഫെബ്രുവരി 15 ന് ആരംഭിച്ച ബഥാനിയായിലെ പ്രത്യേക നോമ്പുകാല പ്രാർത്ഥനാശുശ്രൂഷ 'നോമ്പ് 2021' 40 ദിവസങ്ങൾ നീണ്ട പ്രാർത്ഥനകൾക്കു ശേഷം 40-ാം വെള്ളിയാഴ്ച മാർച്ച് 26-ാം തീയ്യതി സമാപിച്ചു. വലിയ ആഴ്ച യിലെ തിരുക്കർമ്മങ്ങൾക്കായി ഒരുങ്ങുവാൻ വിശ്വാസികളെ സഹായിച്ച ഈ ശുശ്രൂഷയിൽ എല്ലാ ദിവസവും രാവി ലെ 6 മണിക്കും ഉച്ചയ്ക്ക് 12 മണിക്കും വൈകുന്നേരം 7 മണിക്കും വി. കുർബാന അർപ്പിക്കപ്പെട്ടു. വിശുദ്ധ കുർബ്ബാന കളോടനുബന്ധിച്ചും വെളുപ്പിനെ 3 മണിക്കും ഉച്ചകഴിഞ്ഞ് 3 മണിക്കും കുരി ശിന്റെ വഴി പ്രാർത്ഥന ഉണ്ടായിരുന്നു. മറ്റ് സമയങ്ങളിൽ ജപമാലയും കരുണ ക്കൊന്തയും ചൊല്ലിയ ഈ ശുശ്രൂഷ പകലും രാത്രിയും തുടരുകയായിരുന്നു. എല്ലാ ദിവസവും കുമ്പസാരിക്കുന്നതിനും ശുശ്രൂഷകളിൽ പങ്കെടുക്കുന്നതിനു മായി ധാരാളമാളുകൾ വന്നിരുന്നു.

സമാപനശുശ്രൂഷകൾ 26-ാം തിയ്യതി പുലർച്ചെ 3 മണിക്ക് കുരിശിന്റെ വഴി പ്രാർത്ഥനയോടെ ആരംഭിച്ചു. 11 മണിക്ക്, ധ്യാനകേന്ദ്രം ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ പുളിക്കൽ നേതൃത്വം നൽകിയ, ദിവ്യകാരുണ്യ ആരാധനയുടെ

സമാപനാശീർവ്വാദം അഭിവന്ദ്യ റെമീജിയോസ് പിതാവ് നൽകി. വിശുദ്ധ കുർബ്ബാന മദ്ധ്യേ നല്കിയ വചന സന്ദേശത്തിൽ ഈശോയുടെ പീഢാനുഭവ രഹസ്യങ്ങളെക്കുറിച്ച് ധ്യാനിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് പിതാവ് സംസാരിച്ചു.

### മദ്ധ്യസ്ഥ പ്രാർത്ഥന

ബഥാനിയായിലെ എല്ലാ ശുശ്രൂഷകളുടെയും ശക്തിയും ഊർജ്ജവും ബഥാനിയായിൽ നടക്കുന്ന മദ്ധ്യസ്ഥ പ്രാർത്ഥനകളാണ്. എല്ലാ ദിവസവും രാവിലെ 9.30 മുതൽ 3 മണി വരെ ബഥാനിയായു ടെ നിയോഗങ്ങൾക്കുവേണ്ടിയും സമർപ്പിക്കപ്പെടുന്ന അനേകം നിയോഗങ്ങൾക്കുവേണ്ടിയും ദിവ്യകാരുണ്യ സന്നിധിയിൽ ബഥാനിയാ ടീമംഗങ്ങൾ മാദ്ധ്യസ്ഥം വഹിച്ച് പ്രാർത്ഥിക്കുന്നു.

### സ്പിരിചൽ ഷെയറിംഗ്

എല്ലാ വെള്ളിയാഴ്ചകളിലും രാവിലെ 9 മണി മുതൽ വൈകുന്നേരം 5 മണിവരെ സ്പിരിചൽ ഷെയറിങ്ങ് നടത്തപ്പെട്ടു. മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്തവർക്കുവേണ്ടി നടത്തപ്പെട്ട ഈ ശുശ്രൂഷകളിൽ പങ്കെടുത്ത അനേകർ ദൈവികമായ ആശ്വാസം നേടുകയുണ്ടായി.

### ബഥാനിയ മീഡിയ മിനിസ്ട്രീസ്

ലോകത്തിൽ എവിടെയുള്ളവർക്കും പങ്കെടുക്കുവാൻ ബഥാനിയായിലെ ശുശ്രൂഷകൾ ഇപ്പോൾ യുട്യൂബ് ചാനലിൽ ലഭ്യമാണ്. ബഥാനിയായുടെ ഔദ്യോഗിക ചാനലായ ബഥാനിയ വിഷനിലും വെള്ളിയാഴ്ച കൺവെൻഷനുകളും മറ്റു പ്രധാന ശുശ്രൂഷകളും സം പ്രേഷണം ചെയ്തു വരുന്നു.

### ഏപ്രിൽ മാസത്തിലെ ശുശ്രൂഷകൾ

| | | |
|---|---|---|
| 09 വെള്ളി | – | ഏകദിന കൺവെൻഷൻ |
| 16 വെള്ളി | – | ഏകദിന കൺവെൻഷൻ |
| 16 വെള്ളി | – | ജീവിതവിശുദ്ധീകരണ ധ്യാനം (16–19) |
| 23 വെള്ളി | – | ഏകദിന കൺവെൻഷൻ |
| 30 വെള്ളി | – | ഏകദിന കൺവെൻഷൻ |

**ഫാ. സെബാസ്റ്റ്യൻ പുളിക്കൽ**
ഡയറക്ടർ, ബഥാനിയ ധ്യാനകേന്ദ്രം

# സ്റ്റാർട്ട്

## 2021-22 MTC Course നുള്ള ആപ്ളിക്കേഷൻ ക്ഷണിക്കുന്നു

2021 –22 വർഷത്തേക്കുള്ള ആപ്ളിക്കേഷൻ ആരംഭിച്ചു. സ്റ്റാർട്ടിന്റെ പരിശീലന പരിപാടികളിൽ ഏറ്റവും പ്രധാനപ്പെട്ടത് പ്ലസ്ടു കഴിഞ്ഞ കുട്ടികൾക്കുവേണ്ടി സങ്കടിപ്പിച്ചുവരുന്ന ഏകവൽസര പരിശീലന കോഴ്സ് ആണ്. 2020 21 വർഷത്തെ പരിശീലന പരിപാടി കോവിഡ് 19 ന്റെ പ്രത്യേക സാഹചര്യത്തിൽ ക്യാമ്പസ്സിൽ താമസിച്ചു നടത്താൻ സാധിച്ചില്ലെങ്കിലും ഓൺലൈനായി വളരെവിജയകരമായി നടത്താൻ സാധിച്ചു. പരിശീലനം പൂർത്തിയാക്കിയ കുട്ടികൾ രാജ്യത്തെ ഉയർന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള അഡ്മിഷനുവേണ്ടിയുള്ള മത്സര പരീക്ഷകളിൽ പങ്കെടുക്കാൻ ഒരുങ്ങിക്കൊണ്ടിരിക്കുന്നു. പുതിയ വർഷത്തെ കോഴ്സ് കോവിഡിന്റെ സാഹചര്യം പൂർണ്ണമായി മാറിയില്ലെങ്കിലും താമസിച്ചുള്ള പരിശീലന പരിപാടിയായി നടത്താൻ സാധിക്കും എന്ന് വിശ്വസിക്കുന്നു.

ഇതര കോച്ചിങ് സെന്ററുകളിൽ നിന്നെല്ലാം വ്യത്യസ്തമായി ചിലസവിശേഷതകളോടെയാണ് സ്റ്റാർട്ട് ഈ പരിശീലന പരിപാടി നടത്തുന്നത്. സ്വഭാവ വൈശിഷ്ട്യവും സാമൂഹിക പ്രതിബദ്ധതയും ഉയർന്ന ധാർമ്മിക ബോധമുള്ള മുൻനിര നേതാക്കളെയും ഉദ്യോഗസ്ഥരെയും നിയമപാലകരെയും നമ്മുടെ ഇടയിൽനിന്ന് ദേശീയ അന്തർദേശീയ തലങ്ങളിൽ വളർത്തിയെടുക്കുക എന്നത് ഈ പരിശീലനപരിപാടിയുടെ മുഖ്യലക്ഷ്യമാണ്.

ദേശീയ അന്തർദേശീയതലത്തിൽ നടത്തപ്പെടുന്ന മത്സരപരീക്ഷകൾക്കും തൊഴിൽ നിയമനങ്ങൾക്കും ഇംഗ്ലീഷ് ഭാഷാ സ്വാധീനവും യുക്തിവിചാരവുംഅടിസ്ഥാനഗണിതവും പൊതുവിജ്ഞാനവും പോലുള്ള വിഷയങ്ങൾ ഒഴിച്ചുകൂടാനാവാത്തതാണ്. ഇവയെല്ലാം കോർത്തിണക്കിയും ഇംഗ്ലീഷ് ഭാഷ അനായാസം കൈകാര്യം ചെയ്യാൻ പരിശീലിപ്പിച്ചും ഉയർന്ന മത്സരപരീക്ഷകൾ വിജയിക്കാൻ സ്റ്റാർട്ടിന്റെ ഈ പരിശീലനം സഹായകരമാണ്. കൂടാതെ സിവിൽ സർവീസ്, NET, SET, TET, UPSC, PSC തുടങ്ങി എല്ലാ മത്സരപരീക്ഷകൾക്കും ഈ പരിശീലനം ഏറ്റവും നല്ല ഒരുക്കവുമാണ്.

പുതിയ ബാച്ചിലേക്കുള്ള അപേക്ഷ അയക്കാൻ താല്പര്യമുള്ളവർ സ്റ്റാർട്ടിന്റെ ഓഫീസുമായിബന്ധപ്പെടേണ്ടതാണ്. ഫോൺ നമ്പർ: 8590468035 (WhatsApp), 0495 2357843. e-mail: startindia@gmail.com

## MTC Online Course മാർച്ച് 31 ന് അവസാനിക്കും

ജൂൺ 15 മുതൽ online ആയി ആരംഭിച്ച നമ്മുടെ ഏകവത്സര ഉന്നത വിദ്യാഭ്യാസ പരിശീലനം മാർച്ച് 31 ന്കോഴ്സ് പൂർത്തിയാവുകയാണ്. ചില യൂണിവേഴ്സിറ്റികളിലേക്കുള്ള ഓൺലൈൻ ആപ്ലിക്കേഷൻ ആരംഭിച്ചുകഴിഞ്ഞു. എന്നാൽ കോവിഡ് 19 കാരണം കേരള, CBSE പ്ലസ്ടുപരീക്ഷകൾ വൈകിയാണ്നടക്കുന്നതുകൊണ്ട് ഓൺലൈൻ ആ

പ്ലിക്കേഷനുകൾക്ക് സാവകാശംലഭിക്കുന്നുണ്ട്. എല്ലാ കുട്ടികൾക്കും അവർക്കിണങ്ങിയ ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങൾ തെരഞ്ഞെടുക്കാനും ഓൺലൈൻ ആപ്ലിക്കേഷൻ നടത്താനും സ്റ്റാർട്ട് സഹായിക്കുന്നുണ്ട്. START Website വഴി ക്ലാസ്സുകളും ഹോംവർക്കുകളും പരീക്ഷകളും പതിവുപോലെ നൽകുന്നതോടൊപ്പം ടെലഫോൺ വഴിയും ഗൂഗിൾ മീറ്റ് വഴിയും ആശയവിനിമയം നടത്താറുണ്ട്. പ്രത്യേകമായി കരിയർ ഗൈഡൻസ് ആവശ്യമുള്ള ഈ ഘട്ടത്തിൽ കുട്ടികളുടെ സംശയങ്ങൾ നേരിട്ട് സംസാരിച്ചു പരിഹരിക്കുന്നു. മാർച്ച് 31 ന് കോഴ്സ് പൂർത്തിയാകുമെങ്കിലും അവരുടെ അഡ്മിഷൻ നടപടികൾ തീരും വരെ എല്ലാവിധ സഹായസഹകരണങ്ങളും നല്കാൻ സ്റ്റാർട്ട് പ്രതിജ്ഞാബദ്ധമാണ്.

## Online Entrance Coaching for Postgraduation (English)

2020 നവംബർ ഒന്നുമുതൽ ആരംഭിച്ച, EFLU, JNU, Delhi University, Hyderabad, Pondicherry, CUCET, മറ്റു Central University കൾ എന്നീയൂണിവേഴ്സിറ്റികളിലേക്ക് P G ഇംഗ്ലീഷ് അഡ്മിഷനുവേണ്ടിയുള്ള Online English Entrance Coaching അഞ്ചുമാസങ്ങൾ പിന്നിട്ടുവിജയകരമായിമുൻപോട്ട് പോകുന്നു. ഈ വർഷം ഡിഗ്രി മൂന്നാം വർഷം പഠിക്കുന്നവർക്കും ഡിഗ്രി കഴിഞ്ഞവർക്കുമായാണ് നടത്തപ്പെടുന്നത്.

## ഓൺലൈൻ ഇംഗ്ലീഷ് ഗ്രാമർ ആൻഡ് ലോജിക്കൽ റീസണിങ്കോഴ്സ്

2021 ജനുവരി 1 മുതൽ ഏപ്രിൽ 30 വരെ 4 മാസം ദീർഘിക്കുന്ന ഇംഗ്ലീഷ് ഗ്രാമർ മൂന്ന് മാസം പിന്നിട്ടിരിക്കുകയാണ്. വിവിധ കോഴ്സുകളിൽ പഠിക്കുന്നവരും വിവിധമേഖലയിൽ ജോലി ചെയ്യുന്നവരുമായവർക്കുവേണ്ടിയാണ് ഈ കോഴ്സ്നടത്തപ്പെടുന്നത്. നേരത്തെ സൂചിപ്പിച്ചിട്ടുള്ളതുപോലെ വിവിധ സ്കൂളുകളിൽ പഠിപ്പിക്കുന്ന അധ്യാപകർ, പ്ലസ്ടു, ഡിഗ്രി, പിജി എന്നിവയ്ക്ക് പഠിക്കുന്നവരും പഠനശേഷം ജോലിക്ക് ശ്രമിക്കുന്നവരുമായ യുവജനങ്ങൾ, പി. എസ്.സി.പോലെയുള്ള വിവിധ മത്സരപരീക്ഷകൾക്ക് ഒരുങ്ങിക്കൊണ്ടിരിക്കുന്നവർ തുടങ്ങി നൂറോളം പേർ ഈ കോഴ്സിൽ പങ്കെടുക്കുന്നുണ്ട്. ഇംഗ്ലീഷ് ലോജിക്കൽ റീസണിങ് എന്നീ പ്രധാനപ്പെട്ടവിഷയങ്ങളാണ് ഈ കോഴ്സിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

## പുതിയ Online English Grammar Course ആരംഭിക്കുന്നു

എല്ലാ വർഷവും സമ്മർ അവധിക്കാലത്ത് നടത്താറുള്ള ഇംഗ്ലീഷ് ഗ്രാമറിന് കൂടുതൽ പ്രാധാന്യം നൽകിയുള്ള രണ്ട് മാസത്തെ കോഴ്സ് ഈ വർഷവും നടത്താനുദ്ദേശിക്കുന്നു . 2021 മെയ് 10 മുതൽ ജൂലൈ 10 വരെയാണീ കോഴ്സ്. ഈ വർഷം 9, 10, 11 ക്ലാസ്സുകൾ പൂർത്തിയായവർക്കും പ്ലസ്ടുവോ ഡിഗ്രിയോ പിജിയോ കഴിഞ്ഞു പി.എസ്.സി, മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പരീക്ഷകൾ നീറ്റ്, കീം തുടങ്ങി വിവിധ മത്സരപരീക്ഷകൾ എഴുതാൻ തയ്യാറായിരിക്കുന്നവർക്കും ഈ കോഴ്സിൽ പങ്കെടുക്കാവുന്നതാണ്. എല്ലാ മത്സരപരീക്ഷകൾക്കും നിർബന്ധ വിഷയമായ ലോജിക്കൽ റീസണിങ്ങ് കൂടുതലായി ഈ കോഴ്സിൽ ഉൾപ്പെടുത്തിയിട്ടുണ്ട് ഈ വർഷം പ്ലസ്ടു പരീക്ഷകൾ കഴിയുവാൻ താമസിക്കുന്നതിനാൽ താല്പര്യമുള്ള കുട്ടികൾക്ക് പരീക്ഷകൾക്കുശേഷം പിന്നീട് ആരംഭിക്കുന്ന പുതിയ Crash കോഴ്സിൽ പങ്കെടുക്കാവുന്നതാണ്.

## സ്റ്റാർലൈറ്റ് ഇ ലേർണിംഗ് പ്രോഗ്രാം

സ്റ്റാർട്ടും ക്രിസ്റ്റീനും സംയുക്തമായി ഗ്രാമറിന് പ്രത്യേക ഊന്നൽ കൊടുത്തുകൊണ്ടുള്ള ഇംഗ്ലീഷും അതോടൊപ്പം യുക്തിവിചാരവും (Logical Reasoning) ഉൾപ്പെടുത്തിയ online പഠനപരിപാടി 2021 ഏപ്രിൽ 10 മുതൽ ആരംഭി ക്കുന്നു. ജൂലൈ 10-ന് സമാപിക്കുന്ന മൂന്ന് മാസത്തെ ഈ കോഴ്സ് 5, 6, 7, 8, 9, 10, 11, 12 ക്ലാസ്സുകളിലെ കുട്ടികൾക്ക് വിവിധ ബാച്ചുകളായിതിരിച്ചാണ് നടത്ത പ്പെടുന്നത്.

മത്സരങ്ങളുടെ ലോകത്താണല്ലോ നാം ഇന്ന് ജീവിക്കുന്നത്. പ്ലസ് ടു കഴിഞ്ഞ് ഉപരിപഠനത്തിന് രാജ്യത്തെ മുൻനിര സ്ഥാപനങ്ങളിൽ അഡ്മിഷൻ കിട്ടണമെങ്കിലും സർക്കാർ-സ്വകാര്യ തലങ്ങളിൽ മികച്ച ജോലി ലഭിക്കണ മെങ്കിലും അതിനുവേണ്ടി നടത്തിവരുന്ന പരീക്ഷകളിൽ ഉയർന്ന വിജയം ആവശ്യമാണ്.

ഇത്തരം മത്സരപ്പരീക്ഷകൾക്ക് ഇംഗ്ലീഷ് ഭാഷാസ്വാധീനവും യുക്തി വിചാരവും മുൻകാലങ്ങളിലേക്കാൾ ഉയർന്ന നിലവാരത്തിൽ ഇന്ന് ഒഴിച്ചുകൂ ടാനാവാത്തതാണ്. അതുകൊണ്ടാണ് പ്രസ്തുതവിഷയങ്ങൾ അനായാസം കൈകാര്യം ചെയ്യാനും ഉയർന്ന മത്സരപ്പരീക്ഷകൾ വിജയിക്കാനും കുട്ടികളെ ഒരുക്കാൻസ്റ്റാർട്ടും ക്രിസ്റ്റീനും ചേർന്ന് ഇങ്ങനെ ഒരു പരിശീലനപരിപാടി സംഘടിപ്പിക്കുന്നത്.

കൂടാതെ സിവിൽ സർവീസ്, NET, SET, TET, UPSC, PSC, KLA തുടങ്ങി കൂടുതൽ ഉയർന്ന മത്സരപ്പരീക്ഷകൾക്കും ഈ പരിശീലനം ഏറ്റവും നല്ല ഒരുക്കമാണ്. സമയബന്ധിതമല്ലാതെ കുട്ടികൾക്ക് അവർ ഇഷ്ടപ്പെടുന്ന സമയത്ത് ഓൺലൈനായി ക്ലാസ്സിൽ പങ്കെടുക്കാം എന്നുള്ളത് Cuonline കോഴ്സിന്റെ പ്രത്യേകതയാണ്.

ക്രിസ്റ്റീൻ കുട്ടികൾക്ക് ഇങ്ങനെ ഒരു പരിശീലനം കൂടി കിട്ടണം എന്നാഗ്രഹിച്ചു നേതൃത്വം നല്കുന്ന സ്റ്റാർട്ടിനോടും ക്രിസ്റ്റീൻ പ്രൊമോർട്ടർ മാരോടുമൊത്ത് സഹകരിച്ചാൽ നമ്മുടെ കുട്ടികളെ ഉന്നതമായ തസ്തിക കളിലും ഉയർന്ന പദവികളിലും എത്തിക്കും എന്നകാര്യം ഉറപ്പാണ്.

താല്പര്യമുള്ളവർ മാർച്ച് 31-ന് മുൻപായി ഓഫീസുമായോ (whatsapp No. 8590468035) ക്രിസ്റ്റീൻ ആനിമേറ്റർമാരുമായോ ബന്ധപ്പെടേണ്ടതാണ്. ഫോൺ നമ്പർ: 8590468035, 0495 2357843. e-mail: startindia@gmail.com

**മോൺ. ആന്റണി കൊഴുവനാൽ**
ഡയറക്ടർ, സ്റ്റാർട്ട്

# ആൽഫ മരിയ അക്കാദമി

ALPHA
Inspire to illumine
Managed by Diocese of Thamarassery

## എൻട്രൻസ് ക്രാഷ് കോഴ്സ് 2021 ആൽഫയിൽ ആരംഭിക്കുന്നു

മെഡിക്കൽ /എഞ്ചിനിയറിംഗ് പ്രവേശന പരീക്ഷകൾക്കുള്ള ക്രാഷ് കോഴ്സ് ആൽഫയുടെ മൊബൈൽ ആപ്ളിക്കേഷൻ വഴി ഓൺലൈനായി മെയ് ആദ്യവാരം മുതൽ ആരംഭിക്കുന്നു. KEAM, NEET, JEE Main തുടങ്ങിയ പ്രവേശന പരീക്ഷകൾക്കായുള്ള പരിശീലനമാണ് നല്കുന്നത്. അഡ്മിഷൻ ആരംഭിച്ചു. കൂടുതൽ വിവരങ്ങൾക്ക് 04952962180, 7907028758, 9946865818 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

## പി എസ് സി സ്റ്റാഫ് നേഴ്സ് (DME) പരിശീലനം

2021 ൽ നടക്കുന്ന സ്റ്റാഫ് നേഴ്സ് (DME) പരീക്ഷക്കുള്ള പരിശീലനം തിരുവമ്പാടി ആൽഫയിൽ മാർച്ച് 4-ാം തീയതി മുതൽ ആരംഭിച്ചു. ഓൺലൈൻ വഴിയാണ് ക്ലാസ്സുകൾ നടക്കുന്നത്. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ആൽഫ ഓഫീസുമായി ബന്ധപ്പെടുക.

## പരീക്ഷയെഴുതി

ജനുവരി 30 ൽ പി എസ് സി നടത്തിയ സ്റ്റാഫ് നേഴ്സ് DHS പരീക്ഷയിൽ ആൽഫയിൽ നിന്നും പരിശീലനം നേടിയ 105 ഉദ്യോഗാർത്ഥികൾ പരീക്ഷയെഴുതി.

## പ്ലസ് വൺ പ്ലസ് ടു അഡ്മിഷൻ (എൻട്രൻസ് പരിശീലനവും ട്യൂഷനും)

2021-2022 അധ്യായന വർഷത്തെ പ്ലസ് വൺ പ്ലസ് ടു സയൻസ് ട്യൂ ഷൻ ക്ലാസുകളിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചു.

## ഹൈസ്ക്കൂൾ ട്യൂഷൻ ക്ലാസ്സുകൾ ആരംഭിച്ചു (kerala, cbse & icse)

2021-2022 അധ്യയന വർഷത്തെ $10^{th}$ ട്യൂഷൻ ക്ലാസ്സുകൾ ആരംഭിച്ചു. അഡ്മിഷൻ തുടരുന്നു.

**ഫാ. ജോസഫ് പുളിച്ചമാക്കൽ**
ഡയറക്ടർ, ആൽഫ മരിയ അക്കാദമി

# വികസനവേദി

## ഫെബ്രുവരി 04 ലോക കാൻസർ ദിനം

ഫെബ്രുവരി 04 ലോകകാൻസർ ദിനത്തോടനുബന്ധിച്ചു കാരിത്താസ് ഇന്ത്യയുടെ നേതൃത്വത്തിൽ കാൻസർവാരമായി കൊണ്ടാടുകയും വിവിധ ഇനം പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തു.

വിവിധ ജിവിഎസ് കളുടെ നേതൃത്വത്തിൽ കാൻസർബോധവൽ ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുകയും ഗ്രൂപ്പ് അടിസ്ഥാനത്തിൽ ക്വിസ് മത്സരം നടത്തി വിജയികൾക്ക് സമ്മാനം നൽകുകയും ചെയ്തു.

## കുടുംബ സുരക്ഷാആരോഗ്യ ഇൻഷുറൻസ് അഞ്ചാംവർഷ പദ്ധതിക്ക് തുടക്കമായി

താമരശ്ശേരി രൂപതയുടെ സാമൂഹ്യസേവന വിഭാഗമായ സി.ഒ.ഡി. യുടെ നേതൃത്വത്തിൽ നടത്തുന്ന കുടുംബ സുരക്ഷാആരോഗ്യ ഇൻഷു റൻസ് അഞ്ചാംവർഷ പദ്ധതിക്ക് തുടക്കമായി. സ്റ്റാർഹെൽത്ത് ഇൻഷു റൻസ് കമ്പനിയുമായി സഹകരിച്ചാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. കഴിഞ്ഞ 4 വർഷങ്ങളിലായി അസുഖങ്ങളാലും അപകടങ്ങളാലും വിവിധ ആശുപത്രികളിൽ അഡ്മിറ്റായ 1814 കുടുംബങ്ങൾക്ക് 21768000 രൂപ ഈ പദ്ധതിയിലൂടെ നൽകി. വർധിച്ചുവരുന്ന മാറാരോഗങ്ങളും അസുഖങ്ങളും അപകടങ്ങളും സാധാരണക്കാരായ കുടുംബങ്ങൾക്ക് താങ്ങാനാവാത്ത സാഹചര്യത്തിലാണ് ഇത്തരമൊരു ആരോഗ്യഇൻഷുറൻസ് പദ്ധതിരൂപത നടത്തുന്നതെന്ന് സി.ഒ.ഡി ഡയറക്ടർ ഫാ. ജോർജ് ചെമ്പരത്തി പറഞ്ഞു. ഭാര്യ, ഭർത്താവ്, 70 വയസുവരെയുള്ള മാതാപിതാക്കൾ, കുട്ടികൾ എന്നിങ്ങനെ 6 പേർക്കു പദ്ധതിയിൽ അംഗങ്ങളാകാം. ഇന്ത്യയിലെ എല്ലാ നെറ്റ്വർക്ക് ആശുപത്രികളിലും 24 മണിക്കൂറിൽ അധികം വരുന്ന കിടത്തി ചികിത്സക്ക് പദ്ധതിയിൽ ക്ലെയിം ചെയ്യാവുന്നതാണ്. 3000 രൂപ വാർഷിക പ്രീമിയത്തിൽ ഒരുലക്ഷം വരെയാണ് ഇൻഷുറൻസ് ലഭിക്കുന്നത്.

പദ്ധതിയിൽ പങ്കാളികളാകുന്നതിനുള്ള ക്യാമ്പയിനുകൾ വിവിധ സ്ഥലങ്ങളിൽ നടത്തിവരുന്നുണ്ട്. പദ്ധതിയുടെ ഈ വർഷത്തെ ആദ്യ അപേക്ഷ സ്വീകരണം താമരശ്ശേരി രൂപതാ വികാരി ജനറാൾ മോൺ. ജോൺ ഒറവുങ്കര സി. ഒ. ഡി. കോഡിനേറ്റർ പി. സി. ഷിനോജിൽ നിന്ന് സ്വീകരിച്ച് ഉദ്ഘാടനം ചെയ്തു. സി.ഒ.ഡി. ഡയറക്ടർ ഫാ. ജോർജ് ചെമ്പരത്തി അധ്യക്ഷത വഹിച്ചു. കെ. സി. ജോയി പദ്ധതി വിശദീകരിച്ചു. ഫാ. ജെയ്സൺ കാരക്കുന്നേൽ, ഫാ. ഷെറിൻ പുത്തൻപുരയിൽ എന്നിവർ പ്രസംഗിച്ചു. കൂടുതൽ വിവരങ്ങൾക്കും ക്യാമ്പയിനുകളുടെ വിവരങ്ങൾക്കും ആയി 04952223022, 9447929223 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാം.

## സി.ഒ.ഡി.യുടെ കാർഷിക വികസന പദ്ധതിക്ക് തുടക്കമായി

സി. ഒ. ഡി കാനറാ ബാങ്കിന്റെ സഹകരണത്തോടെ നടത്തുന്ന കാർഷികവികസന പദ്ധതിക്ക് തുടക്കമായി. കോഴിക്കോട്, മലപ്പുറം ജില്ലക ളിലെ ചെറുകിട നാമമാത്ര കർഷകരെ ഉൾപ്പെടുത്തിയാണ് പദ്ധതി തുടങ്ങി യത്. കാർഷിക വികസനത്തിനായി രൂപീകരിച്ച 500 ജെ.എൽ. ജി.കൾക്ക് കനറാ ബാങ്ക് മുഖേന 15 കോടി രൂപയുടെ കാർഷിക വായ്പയാണ് നൽകു ന്നത്. വായ്പ വിതരണം താമരശ്ശേരി രൂപതാ വികാരി ജനറാൾ മോൺ. ജോൺ ഒറവുങ്കര ഉദ്ഘാടനം ചെയ്തു. സി.ഒ .ഡി. ഡയറക്ടർ ഫാ. ജോർജ് ചെമ്പരത്തി അധ്യക്ഷത വഹിച്ചു. കനറാ ബാങ്ക് മാനേജർ എച് .എസ്. പ്രശാന്ത് പദ്ധതി വിശദീകരിച്ചു. ഫാ. ജെയ്സൺ കാരക്കുന്നേൽ, ഫാ. ഷെറിൻ പുത്തൻപുരയിൽ, പി. സി. ജോയി, ഷൈനി സിബി എന്നിവർ പ്രസംഗിച്ചു.

## സ്കിൽ ട്രെയിനിഗ് പ്രോഗ്രാം

സി. ഒ. ഡി. യുടെയും കാനറാ ബാങ്കിന്റെയും സംയുക്ത ആഭിമുഖ്യ ത്തിൽ തോട്ടുമുക്കം ജിവിഎസ് മെമ്പേഴ്സിനുവേണ്ടി സ്കിൽ ട്രെയിനിഗ് പ്രോഗ്രാം നടത്തി. മുക്കം കാനറാ ബാങ്കിന്റെ സഹകരണത്തോടെ നട ത്തിയ ഫുഡ് പ്രോസസ്സിംഗ് ട്രെയിനിങ്ങിൽ കേക്ക് നിർമാണവും ജാം നിർമാണവും ആണ് പ്രധാനമായും പരിശീലിപ്പിച്ചത്.

## സോഷ്യൽ വർക്ക് വിദ്യാർത്ഥികൾക്ക് ഓറിയന്റേഷൻ പ്രോഗ്രാം

താമരശ്ശേരിരൂപതയുടെ സാമൂഹ്യസേവന വിഭാഗമായ സി.ഒ.ഡിയുടെ പ്രവർത്തനരീതികളെക്കുറിച്ചു പഠനം നടത്തുവാനായി വന്ന കോഴിക്കോട് ദേവഗിരി കോളേജിലെയും, കൈതപ്പൊയിൽ ലിസ്സാകോളേജിലെയും സോഷ്യൽവർക്ക് വിദ്യാർത്ഥികൾക്ക് കെ.എൽ.എം. ഡയറക്ടർ ഫാ. ജെയ്സൺ കാരക്കുന്നേലും പ്രോഗ്രാം കോർഡിനേറ്റർ ജോയി കെ. സി. യും സി.ഒ.ഡി ഓഫീസിൽ വെച്ചു ക്ലാസ് നടത്തി.

## അന്താരാഷ്ട്ര വനിതാ ദിനാചരണവുംസെമിനാറും

താമരശ്ശേരി രൂപതയുടെ സാമൂഹ്യസേവന വിഭാഗമായ സി.ഒ.ഡി. യുടെയും വിമൺ ആക്ഷൻ സൊസൈറ്റിയുടെയും (WAS) സംയുക്താഭി മുഖ്യത്തിൽ അന്താരാഷ്ട്ര വനിതാ ദിനാഘോഷം കൊണ്ടാടി. രാവിലെ 10.30 നു സി.ഒ.ഡി.യുടെ പരിധിയിൽ വരുന്ന വെറ്റിലപ്പാറ ജിവിഎസ്സിന്റെ നേതൃത്വത്തിൽ വെറ്റിലപ്പാറ സെന്റ് അഗസ്റ്റിൻ പള്ളി ഓഡിറ്റോറിയത്തിൽ വെച്ച് നടത്തിയ പൊതുസമ്മേളനത്തിന്റെ ഉദ്ഘാടന കർമം സി.ഒ .ഡി. അസിസ്റ്റന്റ് ഡയറക്ടർ ഫാ. ഷെറിൻ പുത്തൻപുരക്കൽ നിർവഹിച്ചു. വെറ്റിലപ്പാറ ജി. വി. എസ്. പ്രസിഡന്റ് മേഴ്സി ജെയിംസ് അധ്യക്ഷത വഹിച്ചു. വനിതാ ദിനാചരണത്തിന്റെ പ്രാധാന്യത്തെപ്പറ്റിയും സവിശേഷ തകളെപ്പറ്റിയും വെറ്റിലപ്പാറ ഹോളി ക്രോസ്സ് കോൺവെന്റിലെ സിസ്റ്റർ പ്രമീളയുടെ നേതൃത്വത്തിൽ സെമിനാർ

നടത്തി. സി.ഒ.ഡി. പ്രോഗ്രാം കോർഡിനേറ്റർ ജോയ് കെ. സി, പ്രൊജക്റ്റ് കോർഡിനേറ്റർ ഐശ്വര്യ തോമസ് എന്നിവർ ആശംസ അറിയിച്ചു സംസാരിച്ചു. സി.ഒ.ഡി.യുടെ ഫീൽഡ്തല പ്രവർത്തക ഷൈനി സിബി നന്ദി അറിയിച്ചു.

## വനിതാ ദിനാഘോഷവും തിരഞ്ഞെടുത്ത വനിതകളെ ആദരിക്കലും

അന്താരാഷ്ട്ര വനിതാ ദിനാഘോഷത്തിന്റെ ഭാഗമായി സി.ഒ.ഡി. ഓഫീ സിൽ വിപുലമായ ആഘോഷ പരിപാടികളും കൾച്ചറൽ പ്രോഗ്രാമും നടത്തി. ഓഫീസുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന വനിതാ സ്റ്റാഫു മാരെയും വിവിധ പ്രദേശങ്ങളിൽ പ്രവർത്തനം നടത്തുന്ന വനിതാ കോർഡി നേറ്റർസിനെയും മൊമെന്റോ നൽകി ആദരിച്ചു. സി ഒ ഡി അസ്സോസിയേറ്റ് ഡയറക്റ്റർ ഫാ. ജെയ്സൺ കാരക്കുന്നേൽ പരിപാടി ഉദ്ഘാടനം ചെയ്തു. പുതുപ്പാടി ഏരിയകോർഡിനേറ്റർ ത്രേസിയാമ്മ തോമസ് അധ്യക്ഷത വഹിച്ചു. സി. ഒ. ഡി. അസിസ്റ്റന്റ് ഡയറക്ടർ ഫാ. ഷെറിൻ പുത്തൻപുരക്കൽ, പ്രോഗ്രാം കോർഡിനേറ്റർ ജോയ് കെ. സി, കോർഡിനേറ്റർസ് ഐശ്വര്യ തോമസ്, മരിയ ടോം എന്നിവർ ആശംസ അറിയിച്ചു സംസാരിച്ചു. തുടർന്ന് വിവിധ പ്രദേശങ്ങളിൽ ഫീൽഡ് തല പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്ന ഏരിയ കോർഡിനേറ്റർസ് അവരുടെ അനുഭവങ്ങൾ പങ്കുവെക്കുകയും ഒരു സ്ത്രീ എന്ന നിലയിൽ തങ്ങൾ കൈവരിച്ച നേട്ടങ്ങളും തങ്ങൾക്ക് നേരി ടേണ്ടി വന്ന പ്രശ്നങ്ങളും വെല്ലുവിളികളും വിവരിക്കുകയും ചെയ്തു. കൈതപൊയിൽ ലിസ്സ കോളേജിൽ നിന്ന് ഇന്റേൺഷിപ് ചെയ്യാൻവന്ന സോഷ്യൽവർക്ക് വിദ്യാർഥികളുടെ കലാപരിപാടികളോടുകൂടി പരിപാടി സമാപിച്ചു.

## കുടുംബ സുരക്ഷ ആരോഗ്യ ഇൻഷുറൻസ്

താമരശ്ശേരി രൂപതയുടെ സാമൂഹ്യസേവന വിഭാഗമായ സി. ഒ. ഡി, സ്റ്റാർഹെൽത്ത് ഇൻഷുറൻസ് കമ്പിനിയുമായി സഹകരിച്ചു നടത്തുന്ന കുടുംബ സുരക്ഷ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയുടെ ഭാഗമായി രൂപതയിലെ എല്ലാ പള്ളികളിലും സന്ദർശനം നടത്തി. രൂപതയിലെ തിര ഞ്ഞെടുത്ത 10 ഇടവകകളിൽവെച്ചു വോളണ്ടിയേഴ്സിനായി വോളണ്ടി യേഴ്സ് മീറ്റ് നടത്തി ഭാവി പരിപാടികൾ ആസൂത്രണം ചെയ്യുക യും പരമാവധി ആളുകളിലേക്ക് പ്രചാരണം നടത്തി ഇൻഷുറൻസിന്റെ ആവശ്യകതയെപറ്റി ജനങ്ങളിൽ അവബോധം സൃഷ്ടിക്കുകയും ചെയ്തു.

## വോളണ്ടിയേഴ്സിനെ ആദരിക്കൽ

കേരള സോഷ്യൽസർവീസ് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ, സി. ഒ. ഡിയിൽ വെച്ച്, കോവിഡ് കാലത്ത് സ്തുത്യർഹമായ സേവനം കാഴ്ച വെച്ച സന്നദ്ധ പ്രവർത്തകരെയും യുവജനങ്ങളെയും ആദരിക്കുകയും കർഷകരുമായി സംവാദം സംഘടിപ്പിക്കുകയും ചെയ്തു. താമരശ്ശേരി രൂപതാ വികാരി ജനറാൾ മോൺ. ജോൺ ഒറവുങ്കര പ്രസ്തുത പരിപാടി ഉദ്ഘാടനം ചെയ്തു സംസാരിച്ചു. കേരള

സോഷ്യൽസർവീസ് ഫോറം, സ്പന്ദൻ ഡയറക്ടർ ഫാ. ജേക്കബ് മാവുങ്കൽ മുഖ്യ പ്രഭാഷണം നടത്തുക യും കർഷകരുമായി ചർച്ച നടത്തുകയും ചെയ്തു. സി. ഒ. ഡി. ഡയറക്ടർ ഫാ. ജോർജ് ചെമ്പരത്തി അധ്യക്ഷതവഹിച്ചു. കെ.എസ്.എസ്. എഫ്. പ്രോഗ്രാം കോർഡിനേറ്റർ സി. ജെസീന ഭാവിപരിപാടികളെക്കുറിച്ചു സംസാരിച്ചു. കെ. സി. വൈ.എമ്മിന്റെ നേതൃത്വത്തിൽ മികച്ച പ്രവർത്തന ങ്ങൾ കാഴ്ചവെച്ചതിനു കെ. സി. വൈ.എം. ഡയറക്ടർ ഫാ. മെൽബിൻ വെള്ളക്കാകുടിയിൽ ബഹുമാനപെട്ട വൈദികരിൽ നിന്ന് ഉപഹാരം ഏറ്റുവാങ്ങി. പ്രോഗ്രാം കോർഡിനേറ്റർ ജോയ് കെ. സി. സ്വാഗതം ആശംസി ക്കുകയും അസിസ്റ്റന്റ് ഡയറക്ടർ ഷെറിൻ പുത്തൻപുരക്കൽ, കെ. സി. വൈ. എം. രൂപത സെക്രട്ടറി അഭിലാഷ് എന്നിവർ ആശംസ അറിയിച്ചു സംസാരിക്കുകയും ചെയ്തു. പ്രൊജക്റ്റ് കോർഡിനേറ്റർ ഐശ്വര്യ തോമസ് നന്ദി പറഞ്ഞു.

**ഫാ. ജോർജ്ജ് ചെമ്പരത്തി**
ഡയറക്ടർ, വികസനവേദി

## ലീഡർഷിപ്പ് ഡെവലപ്പ്മെന്റ് സൊസൈറ്റി (LDS)

കത്തിജ്വലിക്കുവാനും ജീവിതത്തിൽ തിളങ്ങിനിൽക്കുവാനും നമ്മുടെ രൂപതയിലെ പുതിയ തലമുറയെ സജ്ജമാക്കുക എന്ന നമ്മുടെ ഉത്തര വാദിത്തം LDS ലൂടെ നിറവേറ്റികൊണ്ടിരിക്കുന്നു.

+2 പഠനത്തിന് ശേഷം എന്തു തെരഞ്ഞെടുക്കണം എന്ന ചോദ്യത്തിന് മുമ്പിൽ അടിപതറാതെ നമ്മുടെ കുട്ടികളെ അവരുടെ അഭിരുചിക്കും താല്പര്യങ്ങൾക്കും ചേർന്ന ഉന്നത വിദ്യാഭ്യാസ മേഖലകൾ കണ്ടെത്തി അതിൽ തിളങ്ങി നിൽക്കുവാൻ LDS കുട്ടികളെ എന്നും സഹായിച്ചുകൊ ണ്ടിരിക്കുന്നു. LDS ന്റെ പ്രവർത്തനം പ്രധാനമായും ഈ മേഖലകളിലാണ്; വിദ്യാർത്ഥിക്കൾക്കും അവരുടെ മാതാപിതാക്കൾക്കും വേണ്ടിയുള്ള കരിയർ ഗൈഡൻസ് & കരിയർ കൗൺസിലിങ്, ഇന്ത്യയിലും വിദേശത്തുമായി ഉന്നത വിദ്യാഭ്യാസം, അതിനുവേണ്ടിയുള്ള സ്കോളർഷിപ്, വിദ്യാഭ്യാസ ലോണിനു ആവശ്യമായ നിർദ്ദേശങ്ങൾ, വിദ്യാഭ്യാസത്തിനു ശേഷം ഇന്ത്യയിലും വിദേശത്തുമായി ജോലി അവസരങ്ങൾ ഒരുക്കുക എന്നതാണ്.

ഇവയുടെ എല്ലാം പ്രാരംഭമെന്നോണം നമ്മുടെ രൂപതയുടെ ഭാഗമായ സ്കൂളുകളിൽ കരിയർ ഗൈഡൻസ് വെബ്ബിനാറുകൾ മാർച്ച് 6 -ാം തിയ്യതി മുതൽ ആരംഭിച്ചിരിക്കുന്നു.

നിലവിൽ സെൻറ് ജോർജ് HSS കുളത്തുവയൽ, സെൻറ് തോമസ് HSS കൂരാച്ചുണ്ട്, ഹോളി ഫാമിലി HSS കട്ടിപ്പാറ, സെൻറ് മേരീസ് HSS കല്ലാനോട് എന്നീ സ്കൂളുകളിലാണ് വെബ്ബിനാർ നടത്തിയത്. ഇതുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾക്കായി LDS ന്റെ ഓഫീസുമായി ബന്ധപ്പെടുക. ബന്ധപ്പെടുവാനുള്ള നമ്പർ : 8547467771, 8547467772

**ഫാ. ജയ്സൺ കാരക്കുന്നേൽ**
ഡയറക്ടർ, LDS

# മലബാർ ലേബർ മൂവ്മെന്റ്

KCBC യുടെ നേതൃത്വത്തിൽ അസംഘടിതരായ തൊഴിലാളികൾക്കു വേണ്ടി നിലകൊള്ളുന്ന സംഘടനയാണ് കേരള ലേബർമൂവ്മെന്റ് (KLM). KLM ന്റെ ക്ഷേമ പദ്ധതികൾ താമരശ്ശേരി രൂപതയിൽ മലബാർ ലേബർ മൂവ്മെന്റ് (MLM) എന്ന പേരിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന ട്രസ്റ്റ് വഴിയാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

കേന്ദ്രഗവൺമെന്റിന്റെ സ്വാവലംബൻ പദ്ധതി, കേരള സർക്കാറിന്റെ വിവിധ ക്ഷേമ പദ്ധതികൾ, വിദ്യാർത്ഥികൾക്കായുള്ള സ്കോളർഷിപ്പ്, മരണമടയുന്ന അംഗങ്ങൾക്കായുള്ള സുരക്ഷ പദ്ധതി, ദേവാലയ ശുശ്രൂഷി കൾക്കായുള്ള പ്രൊവിഡൻഡ് ഫണ്ട് തുടങ്ങിയ പദ്ധതികൾ രൂപതയിൽ മലബാർ ലേബർ മൂവ്മെന്റ് വഴി നടപ്പിൽ വരുത്തുന്ന പദ്ധതികളാണ്. നിലവിൽ അംഗങ്ങൾക്ക് ഏറെ ഗുണപ്രദമായി നടപ്പിലാക്കി കൊണ്ടിരിക്കുന്ന ക്ഷേമപദ്ധതികളിലേക്ക് പുതിയതായി അംഗങ്ങളെ ചേർക്കുന്നതിനും ഇപ്പോൾ അവസരം ഉണ്ടായിരിക്കുന്നതാണ്.

### സ്കോളർഷിപ്പ് വിതരണം ചെയ്തു


കേരള ലേബർ മൂവ്മെന്റിന്റെ സ്വാവലംബൻ പദ്ധതിയിൽ ഉൾപ്പെട്ടിരി ക്കുന്നവരുടെ 10,11,12 ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള 2020 വർഷത്തെ സ്കോളർഷിപ്പ് വിതരണം ചെയ്യുവാൻ തുടങ്ങിയിരിക്കുന്നു.

### ക്ഷേമപദ്ധതികൾ

പ്രത്യാശയുടെ കിരണങ്ങൾ വിദൂര ചക്രവാളത്തിൽ പോലും കാണ പ്പെടാത്ത ഈ കാലഘട്ടത്തിൽ അങ്ങേയറ്റം കരുതലോടെ ഭാവിയുടെ കരു ക്കൾ നീക്കിയില്ലെങ്കിൽ ഇരുളടഞ്ഞ ഒരു കാലഘട്ടമായിരിക്കും നമ്മെ നോ ക്കിയിരിക്കുന്നത്. ഇന്ന് നമ്മൾ കാണുന്നത് തകർന്നടിഞ്ഞ കാർഷിക രംഗ വും ഉല്പാദനം മന്ദീഭവിച്ച വ്യവസായ മേഖലയും ഏറെക്കുറെ നിശ്ചലമായ നിർമ്മാണ രംഗവും അനുദിനം തൊഴിൽ

നഷ്ട്ടപ്പെട്ടു കൊണ്ടിരിക്കുന്ന തൊ ഴിൽ മേഖലയുമാണ്. നമ്മൾ ഉല്പ്പാദിപ്പിക്കുന്ന സാധനങ്ങൾക്ക് കാര്യമായ വിലയില്ല, എന്നാൽ വാങ്ങുന്നവയ്ക്കാകട്ടെ പൊള്ളുന്ന വിലയും. അങ്ങനെ ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കുവാൻ പെടാപാടുപ്പെടുന്ന നമ്മുക്ക് നമ്മുടെ വാർദ്ധക്യകാലം കുറച്ചെങ്കിലും ശോഭനമാക്കുവാൻ ഗവൺമെ ന്റിന്റെ ക്ഷേമ പദ്ധതികളിൽ അംഗത്വം എടുക്കുക എന്നതു മാത്രമേ കരുത്തീയ മായിട്ടുള്ളൂ. അതിനായിട്ടുള്ള സുവർണ്ണാവസരമാണ് ഇപ്പോൾ കെ.എൽ.എം ഒരുക്കിയിരിക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് താമരശ്ശേരി കെ.എൽ.എം ഓഫീസുമായി ബന്ധപ്പെടാം. ബന്ധപ്പെടേണ്ട നമ്പർ: 9744342000

**ഫാ. ജയ്സൺ കാരക്കുന്നേൽ**
ഡയറക്ടർ, മലബാർ ലേബർ മൂവ്മെന്റ്



# അജപാലനക്കുറിപ്പുകൾ

മാർച്ച് 2021

03. രാവിലെ ഈരൂട് വിയാനി പ്രീസ്റ്റ് ഹോമിൽ വിശ്രമ ജീവിതം നയിക്കുന്ന വൈദികരെ സന്ദർശിച്ചു.

04. രാവിലെ കൂരാച്ചുണ്ട് ഇടവകയിൽ 2019 പ്രളയത്തിൽ ഭവനം നഷ്ടപ്പെട്ട ഒരു കുടുംബത്തിന് നിർമ്മിച്ചുനൽകിയ ഭവനം വെഞ്ചരിച്ചു.

05. രാവിലെ തിരുവമ്പാടി ഇടവകയിൽ പരേതനായ ശ്രീ. ജോസഫ് കോതമ്പനാനിയിലിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

06. രാവിലെ ഊരകം സെന്റ് അൽഫോൻസ സ്കൂളിന്റെ ട്രസ്റ്റ് മീറ്റിങ്ങിൽ സംബന്ധിച്ചു.

07. ഉച്ചകഴിഞ്ഞ് രൂപതാഭവനിൽ കെ.സി.വൈ.എം. സംഘടനയുടെ പുതിയതായി തെരഞ്ഞെടുക്കപ്പെട്ട ഭാരവാഹികളെ സ്വീകരിച്ചു.

വൈകുന്നേരം കത്തോലിക്ക കോൺഗ്രസ് ഓൺലൈനായി നടത്തിയ വർക്കിംഗ് കമ്മറ്റി മീറ്റിങ്ങ് ഉദ്ഘാടനം ചെയ്തു.

08. വൈകുന്നേരം അഭിവന്ദ്യ മാർ ജോർജ്ജ് വലിയമറ്റം പിതാവിനെ രൂപതാഭവനിൽ സ്വീകരിച്ചു

09. രാവിലെ അൽഫോൻസാ മൈനർ സെമിനാരിയിൽ വി. കുർബ്ബാന അർപ്പിച്ചു.

കോടഞ്ചേരി പാരീഷ് ഹാളിൽ വെച്ച് നടന്ന താമരശ്ശേരി രൂപത കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള സ്കൂളു കളിൽ നിന്ന് ഈ വർഷം വിരമിക്കുന്ന അദ്ധ്യാപകർക്കുള്ള യാത്രയ യപ്പ് സമ്മേളനം ഉദ്ഘാടനം ചെയ്തു.

10. രാവിലെ കൂടത്തായി ഇടവകയിൽ ഒരു വീടിന് തറക്കല്ലിട്ടു.

തോട്ടുമുക്കം സെന്റ് തോമസ് ഹൈസ്കൂളിൽ വെച്ച് നടന്ന അദ്ധ്യാപ കരുടെ യാത്രയയപ്പ് സമ്മേളനം ഉദ്ഘാടനം ചെയ്തു.

11. രാവിലെ കൂരാച്ചുണ്ട് ഇടവക പാരീഷ് ഹാളിൽ വെച്ച് നടന്ന താമരശ്ശേരി രൂപത കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളിൽ നിന്ന് ഈ വർഷം വിരമിക്കുന്ന അദ്ധ്യാപകർക്കുള്ള യാത്രയയപ്പ് സമ്മേളനം ഉദ്ഘാടനം ചെയ്തു.

രൂപതാഭവനിൽ വെച്ച്, അൽഫോൻസാ മൈനർ സെമിനാരിയിൽ നിന്ന് ഈ വർഷം പഠനം പൂർത്തിയാക്കുന്ന വൈദിക വിദ്യാർത്ഥികളുമായി കൂടിക്കാഴ്ച നടത്തി.

12. സിനഡ് പിതാക്കന്മാർക്കായി കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നിന്നും ഓൺലൈനായി സംഘടിപ്പിച്ച മാസധ്യാനത്തിൽ സംബ ന്ധിച്ചു.

13. രാവിലെ താമരശ്ശേരി മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി പാസ്റ്ററൽ സെന്ററിൽ മാതൃവേദി സംഘടിപ്പിച്ച പ്രവർത്തനവർഷ ഉദ്ഘാടന യോഗത്തിൽ സംബന്ധിക്കുകയും കഴിഞ്ഞവർഷം നടത്തിയ വിവിധ മത്സരങ്ങളിൽ വിജയികളായവർക്ക് വിതരണം ചെയ്യുകയും, മാതൃ വേദി, മദ്യവിരുദ്ധസമിതി, കുടുംബക്കൂട്ടായ്മ എന്നീ സംഘടനകൾ സംയുക്തമായി നടത്തുന്ന 'നല്ലിടയൻ' പദ്ധതിക്ക് തുടക്കം കുറി ക്കുകയും ചെയ്തു.

14. രാവിലെ ചമൽ ഇടവക ദേവാലയത്തിൽ വി. കുർബ്ബാന അർപ്പിച്ചു.

ചമൽ ഇടവകയിൽ പരേതയായ ബഹു. സി. ഫ്ളോറൻസ് എം.എസ്. എം.ഐ. യുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

15. രാവിലെ പുല്ലൂരാംപാറ ഇടവകയിൽ ഇടവകയുടെ നേതൃത്വത്തിൽ നിർമ്മിച്ചു നൽകിയ ഒരു ഭവനത്തിന്റെ വെഞ്ചരിപ്പ് കർമ്മം നടത്തി.

പുല്ലൂരാംപാറ ഇടവക പാരീഷ് ഹാളിൽ വെച്ച് നടന്ന താമരശ്ശേരി രൂപത കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളിൽ നിന്ന് ഈ വർഷം വിരമിക്കുന്ന അദ്ധ്യാപകർക്കുള്ള യാത്രയയപ്പ് സമ്മേളനം ഉദ്ഘാടനം ചെയ്തു.

ഉച്ചകഴിഞ്ഞ്, കേരള കരിസ്മാറ്റിക്ക് നവീകരണ മുന്നേറ്റത്തിന്റെ കേരള സർവ്വീസ് ടീം ചെയർമാൻ ബഹു. ജോസഫ് താമരവെളി അച്ചനെയും ടീമിനെയും രൂപതാഭവനിൽ സ്വീകരിച്ചു.

16. രാവിലെ പി.ഒ.സി. യിൽ വെച്ച് നടന്ന ഇൻഫാം നാഷണൽ എക്സി ക്യൂട്ടീവ് മീറ്റിങ്ങ് ഉദ്ഘാടനം ചെയതു.

രാമപുരം പിഴകിൽ, ശതാഭിഷേക നിറവിലായിരിക്കുന്ന മുൻ കത്തോ ലിക്കാ കോൺഗ്രസ്സ് പ്രസിഡന്റ് ശ്രീ. ജോൺ കച്ചിറമറ്റത്തിന് കത്തോ ലിക്കാ കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ ശ്രേഷ്ഠ സമുദായ പുരസ് ക്കാരം സമ്മാനിക്കുന്ന ചടങ്ങിൽ, മേജർ ആർച്ച് ബിഷപ്പ് മാർ ജോർജ്ജ് ആലഞ്ചേരി പിതാവിനോടൊപ്പം സംബന്ധിച്ചു.

ചങ്ങനാശ്ശേരി ആർച്ച് ബിഷപ്സ് ഹൗസിൽ വിശ്രമത്തിലായിരിക്കുന്ന അഭിവന്ദ്യ ജോസഫ് പൗവ്വത്തിൽ പിതാവിനെ കത്തോലിക്കാ കോൺഗ്രസ്സ് കേന്ദ്ര കമ്മറ്റിയുടെ നേതൃത്വത്തിൽ സന്ദർശിക്കുകയും അദ്ദേഹത്തിന് നവതി ആശംസകളും മെത്രാഭിഷേകത്തിന്റെ സുവർണ്ണ ജൂബിലി ആശംസകളും നേരുകയും ചെയ്തു.

17. രാവിലെ ഭരണങ്ങാനം അൽഫോൻസാ തീർത്ഥാടന കേന്ദ്രത്തിൽ വി. കുർബ്ബാന അർപ്പിച്ചു.

18. രാവിലെ രൂപതാഭവനിൽ വെച്ച് നടന്ന വിവിധ ഇടവകകളിൽ ശുശ്രൂഷ ചെയ്യുന്ന

സഹവികാരിമാരുടെ സംഗമം ഉദ്ഘാടനം ചെയ്തു.

വൈകുന്നേരം മക്കിയാട് സെന്റ് ജോസഫ്സ് ബെനഡിക്റ്റൈൻ ആശ്രമത്തിൽ സന്ധ്യാനമസ്ക്കാരത്തിൽ പങ്കെടുക്കുകയും വി. യൗസേപ്പിതാവിന്റെ രൂപം വെഞ്ചരിക്കുകയും ചെയ്തു.

19. രാവിലെ മക്കിയാട് ബനഡിക്റ്റൈൻ മേജർ സെമിനാരിയിൽ വി. യൗസേപ്പിതാവിന്റെ തിരുന്നാളിനോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ചു. തുടർന്ന് നടന്ന സിമ്പോസിയത്തിൽ സെമിനാരി പരിശീലനത്തെ ക്കുറിച്ചുള്ള പേപ്പർ അവതരിപ്പിച്ചു.

വൈകുന്നേരം പനംപ്ലാവ് ഇടവകയിൽ പരേതനായ വാത്തോലിൽ തോമസിന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി.

21. രാവിലെ പൂവാറംതോട് ഇടവകയിൽ വി. കുർബ്ബാന അർപ്പിച്ചു.

വൈകുന്നേരം തിരുവമ്പാടിയിൽ മരിയൻ പ്രോ-ലൈഫിന്റെ നേതൃത്വ ത്തിൽ നടത്തിയ അടുക്കളത്തോട്ട മത്സരത്തിന്റെ വിജയികൾക്ക് സമ്മാനദാനവും പ്രോ-ലൈഫ് ദിന ആഘോഷ ഉദ്ഘാടനവും നടത്തി.

22. രാവിലെ താമരശ്ശേരി സനാതന മേജർ സെമിനാരിയിൽ ഏതാനും വൈദിക വിദ്യാർത്ഥികൾക്ക് മ്ശംശാന പട്ടം നൽകി.

23. രാവിലെ അൽഫോൻസ മൈനർ സെമിനാരിയിൽ ദൈവവിളിക്യാമ്പിൽ പങ്കെടുത്തവർക്കുവേണ്ടി വി. കുർബ്ബാന അർപ്പിച്ചു.

തിരുവമ്പാടി അൽഫോൻസ കോളേജിൽ പുതുതായി പണിത ഓഫീസിന്റെ വെഞ്ചരിപ്പ് കർമ്മവും ഗേറ്റിന്റെ ഉദ്ഘാടനവും നടത്തി.

24 വൈകുന്നേരം പുതുപ്പാടി ഫിലിപ്പ് നേരി കോൺവെന്റിൽ വി. കുർബ്ബാ നയർപ്പിച്ചു.

25. രാവിലെ തേക്കുംകുറ്റി കോൺവെന്റിൽ വി. കുർബ്ബാന അർപ്പിച്ചു.

ഉച്ചകഴിഞ്ഞ് താമരശ്ശേരി രൂപതയ്ക്കുവേണ്ടി വിവിധ മേജർ സെമിനാ രികളിൽ വൈദിക പരിശീലനത്തിലായിരിക്കുന്ന വിദ്യാർത്ഥികളുമായി കൂടിക്കാഴ്ച നടത്തി.

26. രാവിലെ പുല്ലൂരാംപാറ ബഥാനിയ ധ്യാനകേന്ദ്രത്തിൽ 40-ാം വെള്ളി യോടനുബന്ധിച്ച് നടന്ന ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

27. രാവിലെ കത്തീഡ്രൽ ദേവാലയത്തിൽ താമരശ്ശേരി രൂപതയിലെ ഏതാനും വൈദിക വിദ്യാർത്ഥികൾക്ക് കാറോയ, ഹെവ്പദ്യാക്കോന, മ്ശം ശാന പട്ടങ്ങൾ നൽകി.

28. രാവിലെ കത്തീഡ്രൽ ദൈവാലയത്തിൽ ഓശാന ഞായർ തിരുക്കർമ്മ ങ്ങൾക്ക് നേതൃത്വം നൽകി.

29. രാവിലെ കത്തീഡ്രൽ ദൈവായത്തിൽ വൈദികരുടെ പൊതു മാസ ധ്യാനത്തിൽ സംബന്ധിക്കുകയും വി. മൂറോൻ തൈലം കൂദാശ ചെയ്ത് വി. കുർബ്ബാന അർപ്പിക്കുകയും ചെയ്തു.

31. രാവിലെ താമരശ്ശേരി രൂപതയ്ക്കുവേണ്ടി വിവിധ മേജർ സെമിനാ രികളിൽ വൈദിക പരിശീലനത്തിലായിരിക്കുന്ന വിദ്യാർത്ഥികളുമായി കൂടിക്കാഴ്ച നടത്തി.



*St. Joseph, Pray for us*



# വി. യൗസേപ്പിതാവിനോടുള്ള പ്രാർത്ഥന

ഞങ്ങളുടെ വിമോചകന്റെ പാലകനായ വി. യൗസേപ്പിതാവേ, പരി. കന്യാമറിയത്തിന്റെ മണവാളാ, ദൈവം തന്റെ ഏകജാതനെ ഭരമേല്പിച്ച അങ്ങിലാണല്ലോ, പരി. കന്യകാ മറിയം ശരണപ്പെട്ടത്. അങ്ങയോടൊപ്പമാണല്ലോ ഈശോ വളർന്നത്. വി. യൗസേപ്പിതാവേ, ഞങ്ങളുടെ സ്വർഗീയതാതനായിരുന്നുകൊണ്ട് ജീവന്റെ വഴിയിൽ ഞങ്ങളെയും നയിക്കണമേ. ഞങ്ങൾക്ക് കൃപയും കാരുണ്യവും ധൈര്യവും ലഭിക്കുന്നതിനും തിന്മയിൽ നിന്ന് ഞങ്ങളെ രക്ഷിക്കുന്നതിനും മാദ്ധ്യസ്ഥ്യം വഹിക്കുകയും ചെയ്യണമേ. ആമ്മേൻ.

(‘പാത്രിസ് കോർദേ’യുടെ സമാപനത്തിലെ പ്രാർത്ഥന)



# Pope Francis

## On Family



**1. The family prays**

After all, prayer seems to be something personal, and besides there is never a good time, a moment of peace... Yes, all that is true enough, but it is also a matter of humility, of realizing that we need God... all of us! We need his help, his strength, his blessing, his mercy, his forgiveness. And we need simplicity to pray as a family: simplicity is necessary! Praying the Our Father together, around the table, is not something extraordinary: it's easy. And praying the Rosary together, as a family, is very beautiful and a source of great strength! And also praying for one another! The husband for his wife, the wife for her husband, both together for their children, the children for their grandparents....praying for each other. This is what it means to pray in the family and it is what makes the family strong: prayer.

**2. The family keeps the faith**

We all know that families, especially young families, are often "racing" from one place to another, with lots to do. But did you ever think that this "racing" could also be the race of faith? Christian families are missionary families. ...They are missionary in everyday life, in their doing everyday things, as they bring to everything the salt and the leaven of faith! Keeping the faith in families and bringing to everyday things the salt and the leaven of faith.

**3. The family experiences joy**

Dear families, you know very well that the true joy which we experience in the family is not superficial; it does not come from material objects, from the fact that everything seems to be going well... True joy comes from a profound harmony between persons, something which we all feel in our hearts and which makes us experience the beauty of togetherness, of mutual support along life's journey. But the basis of this feeling of deep joy is the presence of God, the presence of God in the family and his love, which is welcoming, merciful, and respectful towards all. And above all, a love which is patient: patience is a virtue of God and he teaches us how to cultivate it in family life, how to be patient, and lovingly so, with each other. To be patient among ourselves. A patient love.

Dear families, always live in faith and simplicity, like the Holy Family of Nazareth! The joy and peace of the Lord be always with you!

# THAMARAMOTTUKAL

Registered with Registrar of Newspapers of India.
RNI NO. 71212/99 | Date of Publication : 31-03-2021




Printed & Published by Fr. Abraham Kavilpurayidathil, on behalf of Chancellor, Diocese of Thamarassery, Bishop's House, P.B. No. 1, Thamarassery P.O., Kozhikode - 673 573. Printed at Alphonsa Offset Press, Near Cathedral, Thamarassery P.O., Kozhikode - 673 573. Editor: Fr. Abraham Kavilpurayidathil.